Reg No 101, M. 2293

ഒററപ്രതിക്കു 2 ണ.

# സത്യദീപം

“ഞാൻ ലോകത്തിന്റെ ദീപമാകുന്നു ; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല.”

പുസ്തകം 24 | 1126 കുംഭം 16 ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1951 ഫെബ്രുവരി 28 | ലക്കം 27

## പരിഹാരകൃത്യങ്ങൾ എന്തിനു്?


(ഫാദർ ലിനോ, ഒ. എഫ്. എം.)

ഇംഗ്ലണ്ടിൽ വാൽസിങ്ങാം എന്ന സ്ഥലത്തേക്കു് 1948 ജൂലൈമാസത്തിൽ ഒരു അസാധാരണ പരിഹാരപ്രദക്ഷിണം നടത്തുകയുണ്ടായി. ഇംഗ്ലണ്ടിന്റെ വിവിധഭാഗങ്ങളിലുള്ള 14 പട്ടണങ്ങളിൽ നിന്നും ആരംഭിച്ച പ്രദക്ഷിണം 13 ദിവസം കാൽനടയായിത്തന്നെ നടത്തി 14-ാം ദിവസം വാൽസിങ്ങാമിൽ വന്നുചേർന്നു. ആറടി നീളവും തൊണ്ണൂറു റാത്തൽ ഭാരവുമുള്ള ഓരോ കുരിശു വഹിച്ചു് കൊന്തനമസ്കാരവും ചൊല്ലി ഏകദേശം 100 പട്ടണങ്ങളിൽക്കൂടി ആ പ്രദക്ഷിണം കടന്നുപോയി. ഓരോ പട്ടണത്തിലും പ്രദക്ഷിണം ചെന്നുചേരുമ്പോൾ ഭക്തജനങ്ങളുടെ സംഖ്യ വർദ്ധിച്ചുവന്നിരുന്നു. പരിഹാരപ്രദക്ഷിണത്തിന്റെ 14-ാം ദിവസം വാൽസിങ്ങാമിൽ ഒരു കർദ്ദിനാളും നാലു മെത്രാന്മാരും 150 വൈദികരും അനേകായിരം വിശ്വാസികളും സന്നിഹിതരായിരുന്നു. 14 കുരിശുകൾ 14 സ്ഥാനങ്ങളിൽ സ്ഥാപിച്ചതിനുശേഷം തീർത്ഥകർ തിരിച്ചുപോയി.

പണ്ടു് കുരിശു് കഴുമരമായിരുന്നു; കുററപ്പുള്ളികളെ കൊല്ലുന്നതിനായി റോമാസാമ്രാജ്യത്തിൽ ഉപയോഗിച്ചിരുന്ന ഉപകരണമായിരുന്നു. ശിക്ഷയുടെ അടയാളമായ കുരിശിനെ ദിവ്യരക്ഷാനാഥൻ രക്ഷയുടെ അടയാളമാക്കിത്തീർത്തിരിക്കുന്നു. “ക്രിസ്ത്യാനികളുടെ അടയാളം കുരിശാകുന്നു” എന്ന പായത്തക്കവണ്ണം ഇന്നു കുരിശു് ക്രിസ്ത്യാനികൾക്കു് പൂജ്യവസ്തുവാണു്. വൈദികമേലദ്ധ്യക്ഷന്മാരുടെ കഴുത്തിൽ കുരിശു്, പള്ളിയുടെ മുകളിൽ കുരിശു്, പ്രദക്ഷിണങ്ങളുടെ മുൻപിൽ കുരിശു്, എവിടേയും കുരിശു് നമുക്കു കാണാം. പ്രാർത്ഥനയ്ക്കു മുൻപും പിൻപും ക്രിസ്ത്യാനി കുരിശു വരയ്ക്കുന്നു. കുരിശടയാളത്താൽതന്നെ വൈദികന്മാർ വിശ്വാസികളെ അനുഗ്രഹിക്കുന്നു. കുരിശിനെ ആരാധിച്ചു ചുംബിക്കുവാൻ തിരുസഭാമാതാവു് പ്രോത്സാഹിപ്പിക്കുന്നു. കുരിശിനെ ആരാധിക്കുക എന്നതിന്റെ അർത്ഥം കുരിശിൽ തൂങ്ങി മരിച്ചു ലോകത്തെ രക്ഷിച്ച ഈശോനാഥനെ ആരാധിക്കുക എന്നാണു്. കുരിശു കാണുമ്പോഴെല്ലാം ദിവ്യരക്ഷകനെ ക്രിസ്ത്യാനികൾ ഓർമ്മിക്കണം. കുരിശിൽ തൂങ്ങി മരിച്ച കർത്താവിനെ സ്മരിക്കുമ്പോഴെല്ലാം തന്നാൽ ആവുന്ന പരിഹാരം ചെയ്വാൻ ക്രിസ്ത്യാനി തയ്യാറാകണം.

നോയമ്പുകാലം പരിഹാരത്തിനായി പ്രത്യേകവിധം നിശ്ചയിച്ചിട്ടുള്ള കാലമാണല്ലോ. നോയമ്പു എന്നു പറയുമ്പോൾ മാംസം ഭക്ഷിക്കുവാൻ പാടില്ലാത്ത കാലം എന്നുമാത്രമാണു് ചിലരുടെ ധാരണ. അതും ഇപ്പോൾ മാറിത്തുടങ്ങി. നോയമ്പുകാലത്തിനു് യാതൊരു പ്രത്യേകതയും ഇപ്പോൾ ചിലർ കല്പിക്കാറില്ല. ദിവ്യരക്ഷകൻ ലോകപാപത്തിനുവേണ്ടി എത്രമാത്രം ക്ലേശങ്ങൾ അനുഭവിച്ചു എന്നു നാം ചിന്തിക്കുന്നതിനും ഈശോയോടുകൂടി ക്ലേശങ്ങൾ സ്വമനസാ സഹിക്കുന്നതിനും കത്തോലിക്കാസഭ നിശ്ചയിച്ച കാലഘട്ടമാണു് നോയമ്പു്. വിവിധതരത്തിലുള്ള തപഃക്രിയകൾ ഈ കാലത്തു് നാം ചെയ്തു മിശിഹായുടെ പീഡാനുഭവങ്ങളോടു യോജിപ്പിച്ചു് പിതാവായ ദൈവത്തിനു് കാഴ്ചവയ്ക്കേണ്ടതാകുന്നു. ബുധൻ, വെള്ളി ദിവസങ്ങൾ ഒഴിച്ചുള്ള മററു ദിവസങ്ങളിൽ മാംസം ഭക്ഷിക്കുവാൻ സഭാമേലദ്ധ്യക്ഷന്മാർ അനുവദിച്ചിട്ടുണ്ടെങ്കിലും തപഃക്രിയകൾ വേണ്ടെന്നു ഒരിക്കലും അതിനു് അർത്ഥമില്ല. സുഖക്കേടു നിമിത്തമോ വേലയുടെ ഭാരത്താലോ മററു തക്ക കാരണത്താലോ ഒരുനേരം നില്ക്കുവാൻ സാധിക്കയില്ലെങ്കിലും പരിഹാരപ്രവൃത്തികൾ ചെയ്യേണ്ടതു് ആവശ്യമാണു്.

“നിങ്ങൾ പരിഹാരം ചെയ്യില്ലെങ്കിൽ നശിച്ചുപോകും” (വി. ലൂക്കാ XIII-3) എന്നു ദിവ്യരക്ഷകൻ അരുളിച്ചെയ്തിട്ടുണ്ടു്. പരിഹാരം ദൈവകോപത്തെ ശമിപ്പിക്കുന്നു. ഒരുതരത്തിൽ പറഞ്ഞാൽ, അപ്പീലില്ലാത്ത ദൈവവിധിയെപ്പോലും വ്യത്യാസപ്പെടുത്തുവാൻ പരിഹാരത്തിനു് ശക്തിയുണ്ടു്. നാല്പതു ദിവസത്തിനകം നിനിവെ പട്ടണവാസികളെ നശിപ്പിക്കുന്നതാണെന്നു ദൈവകല്പനയാൽ യോനാസു് ദീർഘദർശി പ്രസംഗിച്ചു. പട്ടണവാസികൾ പരിഹാരം ചെയ്തതിനാൽ ദൈവം അവരെ നശിപ്പിച്ചില്ല. പരിഹാരം ചെയ്യാത്ത 99 നീതിമാന്മാരെക്കാൾ പരിഹാരം ചെയ്യുന്ന ഒരു പാപി സ്വർഗ്ഗത്തിനു് സന്തോഷം അരുളുന്നു എന്ന വസ്തുത നമ്മെ മനസ്സിലാക്കി പരിഹാരം ചെയ്യുന്നവരെ ദിവ്യരക്ഷകൻ ശ്ലാഘിക്കുന്നു. ആധുനികകാലത്തു് മനുഷ്യർക്കു് പ്രാചീനകാലത്തുള്ളവരെപ്പോലെ ശരീരശക്തിയില്ലെന്നും തന്നിമിത്തം ഇക്കാലത്തു് പരിഹാരം ആവശ്യമില്ലെന്നും ചിലരുടെ ഇടയിൽ ഒരു ധാരണ പരന്നിട്ടായിരിക്കാം പരിശുദ്ധ കന്യകാമറിയം ലൂർദ്ദിലും ഫാത്തിമായിലും പ്രത്യക്ഷപ്പെട്ടു്, മനുഷ്യർ പരിഹാരം ചെയ്യേണ്ടതു് ആവശ്യമാണെന്നു്—തങ്ങളുടെ പാപങ്ങൾക്കും മററുള്ളവരുടെ പാപങ്ങൾക്കും പരിഹാരം ചെയ്യേണ്ടതു് ആവശ്യമാണു് എന്നു—ആവർത്തിച്ചു പഠിപ്പിച്ചതു്.



പെരിങ്ങഴ ഇടവകയിൽ സ്ഥാപിതമായിരിക്കുന്ന കുരിശിന്റെ സവിധത്തിലേക്കു പരിഹാരപ്രദക്ഷിണം നടത്തിയ തീർത്ഥകസംഘം. 1946 നവംബർ 3-ാംതീയതിയാണു് പ്രസ്തുത കുരിശു പ്രതിഷ്ഠിതമായതു്.

ഇക്കാലത്തു് ചിലർ സത്യഗ്രഹം അനുഷ്ഠിക്കാറുണ്ടു്. നിരാഹാരവ്രതത്തോടുകൂടിയ സത്യഗ്രഹം കാണികളെപ്പോലും സങ്കടപ്പെടുത്തുന്ന ഒരു ദുരവസ്ഥയാണെന്നുള്ളതിനു് സംശയമില്ല. കാര്യം സാധിക്കുന്നതുവരെ അല്ലെങ്കിൽ മരിക്കുന്നതുവരെ എന്ന പ്രതിജ്ഞയുംചെയ്തു് ലൗകികമായ ഏതോ കാര്യസിദ്ധിക്കായി നിർവ്വഹിക്കുന്ന നിരാഹാരവ്രതത്തോടുകൂടിയ സത്യഗ്രഹം സർവ്വത്ര നിഷിദ്ധമാണു്, പാപകരവുമാണു്. പരിഹാരത്തിന്റെ ഒരു നിറം അതിനുണ്ടു്. എന്നുവരികിലും യഥാർത്ഥത്തിൽ അതു് ആത്മഹത്യാപരമായ ഒരു കൃത്യമാണു്. ആത്മരക്ഷയെമുൻനിറുത്തി പാപപരിഹാരാർത്ഥം, ശരീരത്തിനു് കേടുവരുത്താതെ, എന്നാൽ ശരീരത്തെ ക്ലേശിപ്പിച്ചു് അതിന്റെ ദുരാശകളെ അടക്കി ഭരിക്കുന്നതിനു് പര്യാപ്തങ്ങളായ കൃത്യങ്ങൾമാത്രമാണു് യഥാർത്ഥമായ തപഃക്രിയകൾ. നമ്മുടെ ഒരുനേരത്തിന്റെ നിയമം ലഘുതരമാണു്. കാലത്തു അല്പം ഭക്ഷണംകഴിക്കാം; ഒരുനേരം പൂർണ്ണഭക്ഷണം കഴിക്കാം; വൈകുന്നേരം ലഘുഭക്ഷണം കഴിക്കാം; ദാഹത്തിനു് വെള്ളം ആവശ്യംപോലെ കുടിക്കാം. അൻപതു നോയമ്പിന്റെ വെള്ളിയാഴ്ചകളിൽ കല്പിക്കപ്പെട്ടിട്ടുള്ള ഒരുനേരം അനുഷ്ഠിക്കുവാൻ മടിയുള്ള കത്തോലിക്കർ ലൗകികകാര്യസിദ്ധിക്കായി മരണപര്യന്തം നിരാഹാരവ്രതം അനുഷ്ഠിക്കുവാൻ തുനിയുന്നതു് കഷ്ടാൽകഷ്ടതരംതന്നെ. ഇത്തരം സത്യഗ്രഹക്കാരനെ ഒരു ഉത്തമകത്തോലിക്കൻ അനുകൂലിക്കയില്ല; അയാളുടെ മനസ്സുതിരിവിനുവേണ്ടി പ്രാർത്ഥിക്കും.


അനുദിനകർത്തവ്യനിർവ്വഹണത്തിൽ അനുഭവപ്പെടുന്ന ക്ലേശങ്ങളെ ക്ഷമാപൂർവ്വം സഹിക്കുന്നതും ഉത്സാഹപൂർവ്വം കർത്തവ്യം നിർവ്വഹിക്കുന്നതും പരിഹാരപ്രവൃത്തികളാണെന്നുള്ളതു് വാസ്തവംതന്നെ. പക്ഷെ നാം അതുകൊണ്ടു് തൃപ്തിപ്പെടരുതു്. ആ ക്ലേശങ്ങളെ ക്ഷമാപൂർവ്വം സഹിക്കുന്നതിനു് നമുക്കു് കഴിവുണ്ടാകണമെങ്കിൽ ചില തപഃക്രിയകളെ സ്വമന

സാനാം കൈവരിച്ചേ മതിയാവൂ.

പരിശുദ്ധ കന്യകാമറിയം ലൂർദ്ദിൽവച്ചു പഠിപ്പിച്ച ഒരു തപഃക്രിയയാണു് നിലം ചുംബിക്കുക എന്നതു്. ഏവർക്കും ചെയ്യാവുന്ന ഒരു ചെറിയ തപഃക്രിയയാണിതു്. നമ്മുടെ പാപപരിഹാരാർത്ഥം ഈശോനാഥൻ കുരിശുവഹിച്ചുകൊണ്ടു് ഗാഗുൽത്താമലമുകളിലേക്കു് കയറിയപ്പോൾ പല പ്രാവശ്യം വീണതോർത്തു് നാം തറ ചുംബിക്കുന്നെങ്കിൽ അതു് ഒരു വിശിഷ്ടപരിഹാരംതന്നെയായിരിക്കും. ഇതു നാം പരിശീലിക്കുന്നെങ്കിൽ നമ്മുടെ പാപങ്ങളുടെ എണ്ണം കുറയാതിരിക്കുകയില്ല.

ബീഡി, മുറുക്കു് മുതലായവയുടെ ഉപയോഗം കുറയ്ക്കുക, സിനിമാ, നാടകം തുടങ്ങിയ വിനോദങ്ങൾ വർജ്ജിക്കുക, ഉപദ്രവകാരികൾക്കു് ഉപകാരം ചെയ്യുക, കോപമുണ്ടാകുമ്പോൾ മൗനമായിരിക്കുക, ഭൃത്യർ ചെയ്യാറു് പതിവുള്ള വിനീതവേലകൾ ചെയ്യുക ഇവയെല്ലാം നോയമ്പുകാലത്തു് ഏവർക്കും സാമനസാ കൈവരിക്കാവുന്ന തപഃക്രിയകളാണു്.

കൈകൾ വിരിച്ചുപിടിച്ചു് പ്രാർത്ഥിക്കുന്നതു് ഉത്തമമായ പരിഹാരമാണു്.



ഈശോനാഥൻ മൂന്നുമണിക്കൂർനേരം കുരിശിന്മേൽ കൈകൾവിരിച്ചു് തൂങ്ങിക്കിടന്നപ്പോൾ എന്തുമാത്രം വേദന അനുഭവിച്ചു എന്നു അല്പമായിട്ടെങ്കിലും നമുക്കു് മനസ്സിലാകും അഞ്ചുമിനിട്ടുനേരം കൈകൾവിരിച്ചു് പ്രാർത്ഥിച്ചാൽ. ദാവീദു്രാജാവു് 87-ാം സങ്കീർത്തനത്തിൽ എഴുതിയിരിക്കുന്നു: "കർത്താവേ ദിവസം മുഴുവനും അങ്ങയോടു് പ്രാർത്ഥിച്ചു, എന്റെ കൈകളെ ഞാൻ അങ്ങയുടെനേരെ വിരിച്ചുപിടിച്ചു." വി. അഗസ്റ്റിനെ കൊല്ലുന്നതിനായി മതവിരോധികൾ തീച്ചൂളയിൽ എറിഞ്ഞപ്പോൾ അവർ കൈകൾ വിരിച്ചുപിടിച്ചു് "സർവശക്താ, ഭയഭക്തിബഹുമാനത്തോടുകൂടി അങ്ങയുടെ തിരുനാമത്തെ ഞാൻ നിത്യമായി വാഴ്ത്തിസ്തുതിക്കുന്നു" എന്നു് കർത്താവിനോടു് പ്രാർത്ഥിച്ചതായി വൈദികന്മാരുടെ കാനോനനമസ്കാരത്തിൽ (ലത്തീൻ—ജാനുവരി 21) രേഖപ്പെടുത്തിയിരിക്കുന്നു. വനവാസിയായ വി. പൗലോസു് തന്റെ ഒരുനൂററിപതിമൂന്നാമത്തെ വയസ്സിൽ മരിച്ചതു് മുട്ടുകുത്തി കൈകൾ രണ്ടും വിരിച്ചുപിടിച്ചുകൊണ്ടാണു്. മരിച്ചതിനുശേഷവും മൃതശരീരം ആ സ്ഥിതിയിൽതന്നെ നിന്നു. ഇവയിൽനിന്നും നാം മനസ്സിലാക്കേണ്ടതു് വിശുദ്ധർ കൈകൾ വിരിച്ചുപിടിച്ചു് പതിവായി പ്രാർത്ഥിച്ചിരുന്നുവെന്നാണു്. വി. ഫ്രാൻസിസു് അൽവേർനാ മലമുകളിൽ കയറി കൈകൾ വിരിച്ചുപിടിച്ചു് പ്രാർത്ഥിച്ചപ്പോഴാണു് ഈശോ ക്രൂശിതവേഷത്തിൽ പ്രത്യക്ഷപ്പെട്ടു് അഞ്ചുമുറിവുകൾ അത്ഭുതകരമാംവിധം പ്രദാനംചെയ്തതു്.

തപഃക്രിയകൾ ചെയ്യുന്നതിനു് വിശ്വാസികളെ അനുസ്മരിപ്പിക്കത്തക്കവണ്ണം പലസ്ഥലങ്ങളിലും കുരിശുകൾ സ്ഥാപിക്കുന്നതിനു് മാർപ്പാപ്പാമാർ അനുവദിക്കാറുണ്ടു്. ഫ്രാൻസിസ്കൻ കപ്പൂച്ചിൻ സഭക്കാർ ധ്യാനപ്രസംഗങ്ങൾ നടത്തുന്ന അവസരങ്ങളിൽ അതിന്റെ സ്മാരകമായി ഇടവകാതിർത്തിയിൽ എവിടെയെങ്കിലും കുരിശു സ്ഥാപിച്ചാൽ, സ്ഥാപനദിവസവും വാർഷികദിവസങ്ങളിലും വിശുദ്ധ കുരിശിനെ ഹെലനാ പുണ്യവതി കണ്ടെത്തിയ തിരുനാൾ ദിവസവും (മേയ് 3-ാം നു-) വി. കുരിശിന്റെ പുകഴ്ത്തിരുനാൾദിവസവും (സെപ്റ്റംബർ 14) പൂർണ്ണദണ്ഡവിമോചനം മാർപ്പാപ്പാ കല്പിച്ചു് അനുവദിച്ചിട്ടുണ്ടു്. മാത്രമല്ല ആ കുരിശിനെ ഓരോ പ്രാവശ്യവും വണങ്ങുന്ന അവസരത്തിൽ 5 വർഷത്തെ ദണ്ഡവിമോചനവും ലഭിക്കാവുന്നതാണു്.

പാലാരൂപതയിൽ മണ്ണാറപ്പാറ, രാമപുരം, തുടങ്ങനാടു് എന്ന ഇടവകകളിലും, എറണാകുളം അതിരൂപതയിൽ മൂവാററുപുഴ, പെരുങ്ങുഴ എന്ന ഇടവകകളിലും, ചങ്ങനാശ്ശേരി രൂപതയിൽ കുട്ടിക്കൽ ഇടവകയിലും കൊച്ചിരൂപതയിൽ വേളി ഇടവകയിലും ഫ്രാൻസിസ്കൻ കപ്പൂച്ചിൻ സഭക്കാർ മിഷ്യൻ സ്മാരകക്കുരിശുകൾ സ്ഥാപിച്ചിട്ടുണ്ടു്.

നോയമ്പുകാലങ്ങളിൽ വിശ്വാസികൾ സംഘംചേർന്നു് കൊന്തനമസ്കാരവും ചൊല്ലി കുരിശുങ്കലേക്കു് പരിഹാരപ്രദക്ഷിണം നടത്തുന്നതു് ഉത്തമമായിരിക്കും.

## ആ ദുരന്തനാടകത്തിലെ പാത്രങ്ങൾ

# ഹേറോദേസ്

(ഫാദർ എസ്. തേർമഠം, എം. ഒ. എൽ.)

പാപത്തിന്റെ കൂരിരുളിൽ തപ്പിനടക്കുന്നവരുടെ ജീവിതപന്ഥാവിനെ ദൈവാനുഗ്രഹത്തിന്റെ പൂർണ്ണചന്ദ്രിക പ്രകാശമാനമാക്കാറുണ്ടു്. എന്നാൽ ആ പ്രകാശത്തെ മനഃപൂർവ്വം പരിത്യജിക്കമൂലം അന്ധനായി നാശഗർത്തത്തിൽ വഴുതിവീണിട്ടുള്ളവരുടെ ദയനീയചരിത്രവും ലോകം ധാരാളം കണ്ടിട്ടുണ്ടു്. അവരിൽ ഒരാളാണു് ഹേറോദേസ്. സ്വന്തം ഭാര്യയേയും രണ്ടു പുത്രന്മാരേയും ഒരേദിവസംതന്നെ കുത്തിക്കൊല്ലുവാൻ തക്കവണ്ണം മൂർഖതകൊണ്ടു മുരടിച്ചുപോയവനും, ക്രിസ്തുകുമാരനെ വധിക്കുവാൻവേണ്ടി പിഞ്ചുപൈതങ്ങളുടെ നിർമ്മലരക്തംകൊണ്ടു ചോരപ്പുഴയുണ്ടാക്കിയവനുമായ ഹേറോദേസിന്റെ സാക്ഷാൽ പുത്രനാണു് ഹേറോദേസ് അന്തിപ്പാസ് എന്ന പേരിൽ ക്രിസ്തുവിന്റെ വിധികർത്താക്കളിൽ ഒരുവനായി സിംഹാസനത്തിന്മേൽ ഞെളിഞ്ഞിരിക്കുന്നതു്. അധർമ്മപ്രവർത്തനങ്ങളിലുംകൂടി അദ്ദേഹം ദുർബ്ബലനും നീചനും ആയിരുന്നതുകൊണ്ടു ക്രിസ്തുവിന്റെ വിധിയാളന്മാരിൽ ഒരുവനായിരുന്നില്ലെങ്കിൽ ചരിത്രത്തിൽപ്പോലും അദ്ദേഹത്തിന്റെ പേർ കാണുകയില്ലായിരുന്നു. ക്രിസ്തുവിന്റെമേൽ മരണവിധി എഴുതുന്നതിൽ പറയത്തക്ക പങ്കൊന്നും അദ്ദേഹത്തിനുണ്ടായിരുന്നില്ല. എങ്കിലും നിസ്സഹായനായി തന്റെ മുമ്പിൽ നില്ക്കുന്ന "കുററക്കാരനെ" സ്വന്തം തൃപ്തിക്കുവേണ്ടി പാവകളിപ്പിച്ചതിൽനിന്നു അദ്ദേഹത്തിന്റെ നീചത്വം വെളിക്കുവരുന്നുണ്ടു്. അദ്ദേഹം സ്വന്തംഭാര്യയെ പരിത്യജിച്ചു് തൽസ്ഥാനത്തു ജ്യേഷ്ഠന്റെ ഭാര്യയെ കയററിയിരുത്തി. ആ കളങ്കത്തെ കഴുകിക്കളയുവാനെന്നോണം യോഹന്നാൻ മാംദാനയുടെ നിണനീർ വെട്ടിവീഴ്ത്തി. ഈ രണ്ടു മഹാപാതകങ്ങളാണു് അദ്ദേഹത്തിന്റെ ജീവിതത്തിൽ ഉടനീളം കരിതേച്ചതു്. മതപരമായ കാര്യങ്ങളിൽ അദ്ദേഹത്തിനു് ഏതാനും ചില നിഷ്ഠകളൊക്കെ ഉണ്ടായിരുന്നു. പക്ഷെ സ്വന്തം അഭിലാഷങ്ങൾക്കു് അവ വിപരീതമായതിനാൽ അവയെ കണ്ടമാനം പരിത്യജിക്കുന്നതിനു യാതൊരു സങ്കോചവും അദ്ദേഹത്തിനുണ്ടായിരുന്നില്ല.

ഹേറോദേസിന്റെ വളത്തുസഹോദരനായ മാനഹെനായിരിക്കണം ശൈശവത്തിൽത്തന്നെ ഹേറോദേസിൽ മതബോധത്തിന്റെ ബീജങ്ങൾ പാകിപിടിപ്പിച്ചതു്. മാനഹെനനും അദ്ദേഹത്തിന്റെ മാതാവും മതഭക്തരായിരുന്നതുകൊണ്ടു് അവരുടെ ദൃഷ്ടാന്തം ഹേറോദേസിലും നിഴലിച്ചിരുന്നു. പക്ഷെ പ്രായംചെന്നതോടുകൂടി അദ്ദേഹം ദുർഗ്ഗുണങ്ങളിലും വളർന്നുവന്നു.

സ്വപിതാവിന്റെ നിര്യാണംമൂലം ഇരുപതുവയസ്സു പൂർത്തിയാകുന്നതിനുമുമ്പുതന്നെ ഭരണഭാരം അദ്ദേഹത്തിന്റെ തലയിൽ വീണു. കൂടപ്പിറപ്പായ ഭീരുത്വം യാതൊരു കാര്യത്തിലും മുന്നോട്ടിറങ്ങി പ്രവർത്തിക്കുവാൻ അദ്ദേഹത്തെ അനുവദിച്ചിരുന്നില്ല. അപകടങ്ങളെ എപ്പോഴും അദ്ദേഹം ഭയപ്പെട്ടിരുന്നതുകൊണ്ടു മനസ്സു് ഒന്നിലും സുസ്ഥിരമായി നില്ക്കാതെ കാററത്തുലയുന്ന ഞാങ്ങണപോലെ പതറിക്കൊണ്ടിരുന്നു. തന്മൂലം ഭരണത്തിന്റെ മൗലികാദർശങ്ങളെത്തന്നെ ജനഹിതത്തിനു ആഹുതിചെയ്യേണ്ടിവന്നിട്ടുണ്ടു്. താങ്ങാനാവാത്ത ഭാരം ശിരസ്സിൽ വരുമ്പോൾ സഹായത്തിനു ആരെയെങ്കിലും അന്വേഷിക്കുന്നതു സഹജമാണല്ലോ. ദുർവഹമായ ഭരണഭാരം തോളോടുതോൾചേർന്നു താങ്ങുന്നതിനു് അദ്ദേഹം തിരഞ്ഞെടുത്തതു സ്വന്തം ജ്യേഷ്ഠന്റെ ഭാര്യയായ ഹേറോദിയയെയാണു്. ജ്യേഷ്ഠനെ ഹേറോദേസ് ഇരുളടഞ്ഞ കൽത്തുറുങ്കിനകത്താക്കിയതോടുകൂടി ദുർമ്മോഹിനിയും ദുഷ്ടയുമായ ഹേറോദിയായുടെ ഭാഗ്യനക്ഷത്രം ഉച്ചസ്ഥമായി. ഹേറോദേസിന്റെ ഭാര്യാപദം അലങ്കരിച്ചാൽ രാഷ്ട്രീയാന്തരീക്ഷത്തിൽ ഒരുജ്ജ്വലതാരമായി പരിശോഭിക്കാമെന്നു് അവൾ വിചാരിച്ചു. ഹേറോദേസ് വിവാഹിതനായിരുന്നു. പക്ഷെ അധികാരഭ്രമത്തയായ ഹേറോദിയാക്കു അതൊരു തടസ്സമായിത്തോന്നിയില്ല. മതത്തിന്റെ മൗലികതത്വത്തിനെതിരായി ഹേറോദിയായെ വിവാഹംചെയ്യുവാൻ അദ്ദേഹത്തിന്റെ മനസ്സാക്ഷി അനുവദിച്ചില്ല. തന്റെ മുമ്പിൽ നിവർന്നുകിടക്കുന്ന അനന്തത്തിന്റെ സാമ്രാജ്യത്തിലേക്കു അവൾ കുതിച്ചു. പ്രജകളുടെ അനിഷ്ടത്തെ അവൾ തെല്ലും വകവെച്ചില്ല. രാജാവിന്റെ ദാമ്പത്യവിഷയത്തിൽ പ്രജകൾ അനാവശ്യമായി കൈകടത്തുന്നതെന്തിനാണെന്നായിരുന്നു ആ നീചയുടെ ഭാവം. ഏറെത്താമസിയാതെ അവൾ ഹേറോദേസിന്റെ രാജകൊട്ടാരത്തിലെ റാണിയായി. അന്നുമുതൽ ഹേറോദേസ് അവളുടെ കരത്തിലിരിക്കുന്ന ഒരു കുരങ്ങനായിത്തീർന്നു. ദുരഹങ്കാരിയായ ആ സ്ത്രീയുടെ മുഷ്ടിക്കുള്ളിൽക്കിടന്നു പ്രജകൾ വീർപ്പുമുട്ടി.

ലോകത്തിന്റെ പാപക്കറയെ സ്വന്തം നിണനീർകൊണ്ടു കഴുകിക്കളയുവാൻ അവതരിച്ചിരിക്കുന്ന ക്രിസ്തുവിനെപ്പററി യോഹന്നാൻ മാംദാന ഉജ്ജ്വലത്തായ പ്രസംഗങ്ങൾ നടത്തിക്കൊണ്ടിരുന്ന ഒരു കാലമായിരുന്നു അതു്. ഏതൽഫലമായി പലരും പശ്ചാത്താപംകൊണ്ടു് ആത്മപരിവർത്തനം വരുത്തി. യോഹന്നാന്റെ പ്രസംഗമാധുരി ഒന്നാസ്വദിച്ചാൽ കൊള്ളാമെന്നു ഹേറോദേസിനു ഒരാഗ്രഹം ജനിച്ചു. പക്ഷെ പാപപങ്കിലമായ തന്റെ ജീവിതത്തെ പരിത്യജിക്കുവാനുള്ള നന്മനസ്സോ, സത്യം ഗ്രഹിക്കുവാനുള്ള ആഗ്രഹമോ അദ്ദേഹത്തിനുണ്ടായിരുന്നില്ല. അതിനാൽ യോഹന്നാന്റെ വാഗ്ധോരണി കേട്ടാനന്ദിക്കുന്നതിനുവേണ്ടി മാത്രം ഹേറോദേസ് അദ്ദേഹത്തെ സ്വന്തം അരമനയിലേക്കു് ക്ഷണിച്ചുവരുത്തി. തന്റെ പ്രസംഗപാടവം പ്രകടിപ്പിച്ചു രാജഹസ്തങ്ങളിൽനിന്നു സമ്മാനം വാങ്ങുവാനല്ല യോഹന്നാൻ കോവിലകത്തെത്തിയതു്. രാജസന്നിധിയിൽവെച്ചു് യോഹന്നാൻ രാജാവിന്റെ അധർമ്മപരമായ വിവാഹത്തെ ശക്തിയുക്തം എതിർത്തു. ഈ ആക്ഷേപം ഹേറോദേസിന്റെ ഹൃദയത്തിൽ കൂരമ്പുതറച്ചു. തൽക്ഷണം കോപത്തിന്റെ ഒരു കോമരമായി രാജാവു് രൂപാന്തരപ്പെട്ടു. തന്റെ കോപാഗ്നിയിൽ യോഹന്നാനെ ദഹിപ്പിച്ചുകളയണമെന്നു് അദ്ദേഹത്തിനു് തോന്നി. പ്രജകൾ പ്രതികാരത്തിന്റെ വാളൂരിയെങ്കിലോയെന്നു ഭയമുണ്ടായിരുന്നില്ലെങ്കിൽ ഹേറോദേസ് തീർച്ചയായും യോഹന്നാന്റെ ശിരച്ഛേദനത്തിനു കല്പന കൊടുക്കുമായിരുന്നു. പക്ഷെ അദ്ദേഹത്തെ പാറാവിലേക്കയച്ചു് രാജാവു് തന്റെ പക വീട്ടി.

ഓരോ ദിവസവും ഹേറോദേസിന്റെ കടുത്ത ഹൃദയത്തെ ഒന്നു പിടിച്ചു കുലുക്കിക്കൊണ്ടാണു് കടന്നുപോയതു്. കോപത്തിന്റെ സ്ഥാനം പശ്ചാത്താപം ഏറെറടുത്തു. അദ്ദേഹം യോഹന്നാന്റെ പ്രസംഗത്തിലെ ഓരോ വാചകങ്ങളേയും തന്റെ മുമ്പിൽ നിരത്തിവെച്ചു് ചിന്തിക്കുവാൻ തുടങ്ങി. അവയോരോന്നും അദ്ദേഹത്തിന്റെ അധർമ്മത്തെപ്പററി ചോദ്യംചെയ്യുന്നതായി അദ്ദേഹത്തിനു തോന്നി. പശ്ചാത്താപത്തിന്റെ കണ്ണുനീർ അധർമ്മത്തിൽ ഉറപ്പിച്ചിരുന്ന അദ്ദേഹത്തിന്റെ ഹൃദയത്തെ ഇളക്കി. സമാധാനരഹിതനായി അദ്ദേഹം രാപകൽ ഉഴലുവാൻ തുടങ്ങി. അവസാനം ഹേറോദേസ് രാജാവു് കൽത്തുറുങ്കിൽ കിടക്കുന്ന കുററവാളിയുടെ അടുക്കൽ നിലത്തിരുന്നു ആത്മരക്ഷയ്ക്കുവേണ്ട ഉപദേശം സ്വീകരിക്കുന്നതുകണ്ടു് പാറാവിന്റെ കനത്ത ഭിത്തികൾകൂടി ആശ്ചര്യപ്പെട്ടിട്ടുണ്ടാകണം.

യോഹന്നാന്റെ ഉപദേശം ഹേറോദേസിൽ വരുത്തുന്ന പരിവർത്തനത്തെ ഹേറോദിയ വെമ്പലോടെ നോക്കിനിന്നിരുന്നു. അവളുടെ സ്ഥാനം ഇളകുന്നതായി അവൾക്കു തോന്നി. യോഹന്നാൻ ജീവിച്ചിരിക്കുന്നിടത്തോളം കാലം ഹേറോദേസിന്റെ രാജ്ഞീപദം സുസ്ഥിരമല്ലെന്നു ആ കുലട തൽക്ഷണം മനസ്സിലാക്കി. തന്റെ തന്ത്രമൂശയിൽ വാർത്തെടുത്ത പലവിധത്തിലുള്ള അമ്പുകളെ അവൾ യോഹന്നാന്റെനേരെ തൊടുത്തുവിട്ടു. പക്ഷെ എല്ലാം ഒടിഞ്ഞു താ

ഒന്നാംതരം കസവിലും നേർമ്മയും ബലവുമുള്ള ഇഴയിലും
സാരി, വിരിപ്പാവ്, പുതകവിണി ഇവകൾക്കു
"യൂനിയൻ വീവിംഗ്സ്"
തൊടുപുഴ
എന്ന വിലാസത്തിൽ ഓർഡർചെയ്യുക.
പൂർണ്ണ ഉത്തരവാദിത്വം
മാത്യു സെബാസ്ത്യൻ കരുവിനാക്കുന്നേൽ
(മാനേജിംഗ് ഡയറക്ടർ)

ഴെവീണു. ഹേറോദേസ് തന്റെ ഹൃദയത്തെ അതിന്റെ തനിനിറത്തിൽ കാണുവാൻ തുടങ്ങി. ഹൃദയത്തിൽ അലച്ചുകയറിയിരുന്ന ദുർവികാരങ്ങളെ തടഞ്ഞു നിർത്തുവാൻ അദ്ദേഹം ആരംഭിച്ചു. ഹേറോദിയ ഒരുഗ്രമൂർത്തിയായി രൂപാന്തരപ്പെട്ടു. ഹേറോദേസിന്റെ ആത്മപരിവർത്തനത്തിനു ശക്തിനൽകുന്ന യോഹന്നാനോടു അവസാനത്തെ കൈ നോക്കുന്നതിനു അവൾ ആയുധം ധരിച്ചു രംഗത്തിറങ്ങി.

എരിഞ്ഞുപൊങ്ങുന്ന അവളുടെ വിദ്വേഷത്തെ വിശിത്തണുപ്പിക്കുന്നതിനുള്ള ഒരനുകൂലസന്ദർഭം ഉടനെ ആസന്നമായി. ഹേറോദേസിന്റെ ജന്മനക്ഷത്രമഹോത്സവമായിരുന്നു അതു്. "സ്റ്റപോചിതാഡംബരത്തോ"ടുകൂടി അതിനെ കൊണ്ടാടുന്നതിനു വിഭവസമൃദ്ധമായ ഒരു വിരുന്നുസല്ക്കാരം ഹേറോദേസ് നൽകി. രാജാവും ക്ഷണിതാക്കളും ഭോജനശാലയിൽ ആഹ്ലാദഭരിതരായി കൂടിയിരിക്കയാണു്. രുചികരങ്ങളായ പദാർത്ഥങ്ങൾ യഥേഷ്ടം ഭക്ഷിച്ചും സുബോധം നശിക്കുന്നതുവരെ ലഹരിസാധനങ്ങൾ കഴിച്ചും അവർ അങ്ങനെയിരിക്കുമ്പോൾ ഹേറോദിയ സുന്ദരിയായ അവളുടെ മകളെ നൃത്തമാടുന്നതിനു ഭോജനശാലയിലേക്കു് അയച്ചു. യോഹന്നാന്റെ നേരെ പ്രയോഗിക്കുന്നതിനു അവർ പുതിയതായി വാർത്ത ഒരു കരുവായിരുന്നു ആ നൃത്തം. മദ്യലഹരികൊണ്ടു മതിമറന്നിരിക്കുന്ന വിരുന്നുകാർക്കും രാജാവിനും സെലോമിന്റെ നൃത്തം അളവററ ആനന്ദം നൽകി. ഹസ്തതാഡനംകൊണ്ടു് അവരതിനെ പ്രകടിപ്പിച്ചു. രാജാവു് സിംഹാസനത്തിൽനിന്നു എഴുന്നേററു് ഇപ്രകാരം പറഞ്ഞു: "ഹേ! സുന്ദരി! ഭവതിയുടെ നൃത്തത്തിൽ ഞങ്ങൾ അതീവസന്തുഷ്ടരായിരിക്കുന്നു. ചോദിക്കൂ! എന്തുവേണമെങ്കിലും, രാജ്യത്തിൽ പകുതി തന്നെയായാലും, സത്യമാണു് നാം ഭവതിക്കു നൽകുന്നതാണു്." ഇതു കേട്ടപ്പോൾ ഹേറോദിയായുടെ ഹൃദയമൊന്നു കുളിർത്തു. ഒരു പൈശാചികപുഞ്ചിരി അവളുടെ ചുണ്ടുകളിൽ പരന്നു. അമ്മയുടെ നിർദ്ദേശമനുസരിച്ചു് സലോമിൻ മുന്നോട്ടുവന്നു ഉഗ്രമായ ആ വിഷം വമിച്ചു. അവൾ പറഞ്ഞു: "കാരാഗൃഹത്തിൽ കിടക്കുന്ന യോഹന്നാന്റെ ശിരസ്സു് ഒരു വെള്ളിപ്പാത്രത്തിലാക്കി എനിക്കു തരിക." രാക്ഷസീയമായ ആ അഭ്യർത്ഥന കേട്ടു ആ കൊട്ടാരത്തിലെ നിർജ്ജീവവസ്തുക്കൾകൂടി ഒന്നു ഞെട്ടി. മദ്യത്തിൽ മറഞ്ഞിരുന്ന ഹേറോദേസിന്റെ വിവേകബുദ്ധി പതുക്കെ പുറത്തുവന്നു. തന്റെ വിഡ്ഢിത്തം തന്നെ നോക്കി പരിഹസിക്കുന്നതുപോലെ അദ്ദേഹത്തിനു തോന്നി. എന്തു സംഭവിക്കാൻ പോകുന്നുവെന്നറിയാതെ പ്രകൃതി ആകമാനം ഒന്നു പകച്ചുനിന്നു. തന്റെ ചാപല്യം കണ്ടു് വിരുന്നുകാർ അദ്ദേഹത്തെ തുറിച്ചു നോക്കുകയാണോ എന്നദ്ദേഹം ശങ്കിച്ചു. ഉറക്കത്തിൽ കിട്ടിയ അടി ഹേറോദേസിന്റെ സർവ്വനാഡികളേയും തളർത്തി. യോഹന്നാന്റെ ജീവിതനിമിഷങ്ങൾ എണ്ണപ്പെട്ടുകഴിഞ്ഞു! തപോനിധിയായ യോഹന്നാൻ ഒരുഭാഗത്തു്; മദ്യലഹരിയിൽ ചെയ്ത സത്യം മറുഭാഗത്തു്; ഹേറോദേസ് നടുക്കു്; അതെ—ഭയങ്കരമായ ഒരു പോരാട്ടം നടന്നു. അവസാനം യോഹന്നാൻ പരാജിതനായി. ദുർബലനായ രാജാവു് ആ നീതിമാന്റെ കഴുത്തറുക്കുവാൻ കല്പന നൽകി. അങ്ങനെ യോഹന്നാൻ മരിച്ചു. അതോടുകൂടി അദ്ദേഹം ഹേറോദേസിൽ കുത്തിവെച്ചിരുന്ന അദ്ധ്യാത്മചൈതന്യവും നശിച്ചു. (ശേഷം അടുത്തതിൽ)

## ഹയരാർക്കിയുടെ പുരോഗതി

1951-ലെ "അന്നുവാരിയോ പൊന്തിഫിച്ചിയോ" എന്ന വത്തിക്കാൻ ഔദ്യോഗികഗ്രന്ഥത്തിൽ കൊടുത്തിരിക്കുന്ന കണക്കനുസരിച്ചു്, കഴിഞ്ഞവർഷത്തിൽ അതിരൂപതകളുടെ എണ്ണം 257-ൽനിന്നു 262 ആയും, രൂപതകളുടേതു് 1062-ൽനിന്നു 1074 ആയും സ്ഥാനികമെത്രാപ്പോലീത്താമാരുടേയും മെത്രാന്മാരുടേയും എണ്ണം 798-ൽനിന്നു 846 ആയും വർദ്ധിച്ചിരിക്കുന്നു.

വിമർശനവീഥി

# ശ്രീ ഐ. സി. ചാക്കോ വൈദികാദ്ധ്യക്ഷന്മാരെപ്പററി

IV

നമ്മുടെ വൈദികാദ്ധ്യക്ഷന്മാരുടെ നവംബർ 10-ലെ പ്രസ്താവനയെപ്പററിയുള്ള ശ്രീ ഐ. സി. യുടെ വേറൊരു വിമർശനം ഇങ്ങനെയാണു്:— "തിരുവിതാംകൂർ കൊച്ചി സംസ്ഥാനത്തിന്റെ ഗവമ്മെൻറിന്റെ നേരെ ഒരു യുദ്ധപ്രഖ്യാപനമായിട്ടാണു് അതു് പരിണമിച്ചിരിക്കുന്നതു്. യുദ്ധപ്രഖ്യാപനമായിട്ടാണു് കത്തോലിക്കർ അതിനെ ഗണിച്ചിരിക്കുന്നതെന്നാണു് അവരുടെ പ്രവൃത്തികളിൽനിന്നു സ്പഷ്ടമാകുന്നതും."

### യുദ്ധപ്രഖ്യാപനം

സർ സി. പി. യുടെ കാലത്തു വിദ്യാഭ്യാസം രാഷ്ട്രസാൽക്കരിക്കുവാനുള്ള ഭാവം കണ്ടപ്പോൾ, 1943-ൽ ജൂലൈയിൽ, കേരളത്തിലെ വൈദികാദ്ധ്യക്ഷന്മാർ ഒരു സംയുക്തപ്രസ്താവന ഇടയലേഖനം) പ്രസിദ്ധപ്പെടുത്തിയിരുന്നല്ലോ. അതിൽ വിദ്യാഭ്യാസത്തെ സംബന്ധിച്ചുള്ള തിരുസ്സഭയുടെ അവകാശങ്ങളേയും കർത്തവ്യങ്ങളേയും സവിസ്തരം പ്രതിപാദിച്ചുകൊണ്ടു് കത്തോലിക്കരെ ഉദ്ബോധിപ്പിച്ചതിങ്ങനെയാണു്: "നമ്മുടെ സംസ്ഥാനങ്ങളിലെ വിദ്യാഭ്യാസപ്രവർത്തനത്തിന്റെ ഒരു വലിയ പങ്കും ഉത്തരവാദിത്വവും ഏറെറടുത്തുകൊണ്ടു് കത്തോലിക്കാസഭ ഗവമ്മെൻറുകൾക്കു നൽകിയിട്ടുള്ള സഹായത്തെ അവഗണിച്ചു്, മേൽപ്പറഞ്ഞ വിഷയത്തിൽ തിരുസ്സ

FIXED DEPOSITS
2 years 4½%
1 — 4 %
6 months 3 %
The Bank of Cochin Ltd.
ERNAKULAM
*Branches:*
CHALAKUDY, TRICHUR;
MATTANCHERY,
WILLINGDON ISLAND

ഭയ്ക്കുള്ള അവകാശങ്ങൾ അനാദരിക്കപ്പെടുന്നതായി കാണുന്നതു വ്യസനകരമാണെന്നു പറയാതെ തരമില്ല. ചില കാര്യങ്ങളിൽ വിദ്യാഭ്യാസവകുപ്പധികാരികളുടെ പെരുമാററം കത്തോലിക്കാ മാനേജർമാർക്കു മാനഹാനിക്കിടവരുത്തുകൂടിയും ചെയ്യുന്നുണ്ടു്............ ..................വിദ്യാഭ്യാസ പ്രവർത്തനത്തെ, ആകമാനമായോ അംശമായോ, രാഷ്ട്രത്തിന്റെ കുത്തകയാക്കുന്ന നയം— അതാതുകാലത്തു് അധികാരം വഹിക്കുന്നവരുടെ അഭിമതങ്ങളും അഭിപ്രായങ്ങളും അനുസരിച്ചു് മാറിമാറിക്കൊണ്ടിരിക്കുന്ന പ്രമാണങ്ങളോടും തത്വങ്ങളോടും കൂടിയ രാഷ്ട്രം അതിനെ കുത്തകയാക്കുന്ന നയം—തിരുസ്സഭയുടേയും കത്തോലിക്കരുടേയും ന്യായാനുസൃതമായ അവകാശത്തിനു് കടകവിരുദ്ധമാകുന്നു..................... .. ഈ വിഷയത്തിൽ തിരുസ്സഭയുടെ അവകാശങ്ങളെ സംരക്ഷിക്കുവാൻ മാനേജർമാരെ സഹായിക്കണമെന്നു്, ഞങ്ങളുടെ പരിശുദ്ധമായ മുമതലയിൽ ഏല്പിക്കപ്പെട്ടിരിക്കുന്ന വിശ്വാസികളെ ഞങ്ങൾ ഉദ്ബോധിപ്പിക്കുന്നു................കത്തോലിക്കാ വിദ്യാഭ്യാസത്തിന്റെയും കത്തോലിക്കാ സ്കൂളുകളുടേയും കാര്യത്തിൽ തീവ്രമായ താല്പര്യം പ്രദർശിപ്പിച്ചുകൊണ്ടു് ആ കടമകളനുസരിച്ചു് പ്രവർത്തിക്കുവാൻ ഞങ്ങൾ ഒരിക്കൽക്കൂടി നിങ്ങളെ ഉദ്ബോധിപ്പിച്ചുകൊള്ളുന്നു."

വൈദികാദ്ധ്യക്ഷന്മാരുടെ, നവംബർ 10-ലെ, സംയുക്തപ്രസ്താവനയിൽ കത്തോലിക്കർക്കു പ്രത്യേകമായി നൽകിയിരിക്കുന്ന ഉദ്ബോധനം ഇതുമാത്രമാണു്: "നമ്മുടെ സ്കൂളുകൾ പൂർണ്ണരൂപത്തിൽ നടത്തിക്കൊണ്ടുപോകുവാനും നമ്മുടെ അവകാശങ്ങളിലൊന്നും ബലികഴിക്കാതെ നമ്മുടെ അദ്ധ്യാപകർക്കു മതിയായ ശമ്പളം നൽകുന്നതിനുവേണ്ടി ഗവമ്മെൻറിന്റെ നമ്മുടെ ന്യായമായ ഓഹരി ഗവമ്മെൻറിൽനിന്നു ലഭിക്കുവാനും കത്തോലിക്കർ ഏവരും പരമാവധി യത്നിക്കുമെന്നു് ഞങ്ങൾ പ്രതീക്ഷിക്കുന്നു."

ഈ രണ്ടു പ്രസ്താവനകളിലേയും ഉദ്ബോധനങ്ങൾ തമ്മിൽ കാര്യമായ എന്തു വ്യത്യാസമാണുള്ളതു്? 1943-ലെ സംയുക്തപ്രസ്താവനയിലെ ആശയങ്ങളും ഉദ്ബോധനങ്ങളും ഉള്ളടക്കി, രാഷ്ട്രസാൽക്കരണനയം നിയമസഭ വഴിയായി ഗവമ്മെൻറു പാസാക്കുവാൻ തുടങ്ങിയപ്പോൾ, ആ സംയുക്തപ്രസ്താവനയിൽ ഒപ്പുവച്ചവരിൽ ഒരാളായ കാലംചെയ്ത ജയിംസ് കാളാശേരി തിരുമനസ്സുകൊണ്ടു് തന്റെ രൂപതയിലെ കത്തോലിക്കരെ പ്രത്യേകം ഉദ്ദേശിച്ചു് 1945-ൽ ഒരു ഇടയലേഖനം പുറപ്പെടുവിച്ചു. അതിനെ തുടന്നു യോഗങ്ങളും പത്രലേഖനങ്ങളും വഴിയായി കത്തോലിക്കർ പ്രക്ഷോഭണമാരംഭിച്ചു. അതിൽ പങ്കെടുക്കുവാൻ സധൈര്യം ആദ്യമായി രംഗപ്രവേശം ചെയ്തതു് ശ്രീ ഐ. സി. തന്നെയാണല്ലോ. "പ്രാഥമികവിദ്യാലയങ്ങളുടെ രാഷ്ട്രസാൽക്കരണം പ്രഖ്യാപിച്ചപ്പോൾ അതിനെ പ്രതിഷേധിച്ചു കത്തോലിക്കർ കൂടിയ യോഗങ്ങളിൽ ഒന്നാമത്തേതു പുളിങ്കുന്നിൽ കൂടിയ യോഗമായിരുന്നു.... ........... ... ...സി. പി. രാമസ്വാമി അയ്യർ ക്രിസ്ത്യാനികളുടെ ഒരു ജീവനാഡി മുറിക്കാനാണുദ്യമിക്കുന്നതെന്നു എനിക്കു കാണാമായിരുന്നു. എന്തെല്ലാം അസൗകര്യമുണ്ടായിരുന്നാലും അതിനെ പ്രതിഷേധിക്കേണ്ടതെന്റെ കർത്തവ്യമാണെന്നെനിക്കു തോന്നി............ ........... ........എന്റെ സംബന്ധികളിലും സ്നേഹിതന്മാരിലും ചിലർ എന്റെ പക്കൽ വന്നു് അതിൽനിന്നു് എന്നെ നിവർത്തിപ്പിക്കുവാൻ പ്രയത്നിച്ചു ................... ....ഞാൻ യോഗത്തിൽ അഗ്രാസനാധിപത്യം വഹിക്കുകതന്നെ ചെയ്തു. വലിയ ഒരു ആൾക്കൂട്ടമുണ്ടായിരുന്നു. നമ്മുടെ പ്രഖ്യാതരായ നേതാക്കന്മാർ നിർബന്ധപൂർവ്വം ക്ഷണിക്കപ്പെട്ടിട്ടുണ്ടായിരുന്നുവെങ്കിലും അവരാരും സന്നിഹിതരായില്ല. മിസ്സസ്സ് കെ എം. കോരയും ശ്രീമാന്മാരായ എ. സി. കുര്യാക്കോസ്, കെ. സി. ചാണ്ടി, എം. സി. മാത്യു എന്നിവരും മാത്രമേ എന്നെ സഹായിക്കുന്നതിനുണ്ടായിരുന്നുള്ളു.... ...പുളിങ്കുന്നിലെ ആ യോഗം നടന്നുകൊണ്ടിരിക്കുമ്പോൾതന്നെയാണു് സർ സി. പി. അമ്പലപ്പുഴെ ഒരു യോഗത്തിൽ പ്രസംഗിച്ചുകൊണ്ടിരുന്നതു്. താൻ രക്തസാക്ഷികളെ നിർമ്മിക്കുവാൻ നിശ്ചയിച്ചിട്ടില്ലെന്നു് അവിടെ അദ്ദേഹം പ്രഖ്യാപനം ചെയ്തു. ഉല്പതിഷ്ണുക്കളായ നമ്മുടെ മഹാനേതാക്കന്മാർ അതിൽപ്പിന്നെ വിദ്യാഭ്യാസപ്രശ്നത്തിൽ സി. പി. പ്രസ്ഥാനത്തിനെതിരായ യോഗങ്ങളിൽ അഹമഹമികയാ ഭാഗഭാക്കുകളായിരുന്നു" എന്നു ശ്രീ ഐ. സി. തന്നെ എഴുതിയിട്ടുണ്ടല്ലോ. സർ സി. പി. യുടെ രാഷ്ട്രസാൽക്കരണപ്രസ്ഥാനത്തിനെതിരായ പ്രക്ഷോഭണത്തിനുമുമ്പു് പ്രസിദ്ധംചെയ്ത വൈദികാദ്ധ്യക്ഷന്മാരുടെ പ്രസ്താവന ഒരു യുദ്ധപ്രഖ്യാപനമായിട്ടാണു് പരിണമിച്ചതെന്നും, യുദ്ധപ്രഖ്യാപനമായിട്ടാണു് കത്തോലിക്കർ അതിനെ ഗണിച്ചതെന്നും പ്രസ്താവിക്കുവാൻ ശ്രീ ഐ. സി. തയ്യാറുണ്ടോ ആവോ? തയ്യാറില്ലെങ്കിൽ, രാഷ്ട്രസാൽക്കരണത്തിന്റെ പ്രാരംഭപടിയെന്നു് ജാതിമതഭേദമെന്യേ ഇന്നാട്ടിലും പുറത്തുമുള്ള അനേകം പ്രശസ്തവ്യക്തികളും പ്രശസ്തപത്രങ്ങളും പരിഗണിക്കുന്ന ശ്രീ പനമ്പിള്ളിയുടെ പ്രസ്ഥാനത്തിനെതിരായ പ്രക്ഷോഭണത്തിനുമുമ്പു് പ്രസിദ്ധം ചെയ്ത വൈദികാദ്ധ്യക്ഷന്മാരുടെ പ്രസ്താവന ഒരു യുദ്ധപ്രഖ്യാപനമായിട്ടാണു് പരിണമിച്ചിരിക്കുന്നതെന്നും, യുദ്ധപ്രഖ്യാപനമായിട്ടാണു് കത്തോലിക്കർ അതിനെ ഗണിച്ചിരിക്കുന്നതെന്നും പറയുന്നതിന്റെ യുക്തി ദുർഗ്രഹമായിരിക്കുന്നു.

### പ്രതിഷേധങ്ങൾ

വൈദികാദ്ധ്യക്ഷന്മാരുടെ നവംബർ 10-ലെ പ്രസ്താവനയ്ക്കു് എത്രയോ മുമ്പു മുതൽ പദ്ധതിക്കെതിരായ പ്രതിഷേധങ്ങൾ തുടങ്ങിക്കഴിഞ്ഞു! പദ്ധതി രാഷ്ട്രസാൽക്കരണത്തിന്റെ ആദ്യപടിയാണെന്നുള്ള ബോധത്താൽ ആ വസ്തുത ജനങ്ങളെ അറിയിക്കുവാൻ മുന്നിട്ടിറങ്ങിയ നമ്മുടെ പ്രതിദിനപത്രങ്ങളിൽ ഏതെങ്കിലുമൊന്നിലേക്കു് (ഉദാ: ദീപിക) കണ്ണോടിച്ചാൽ ഈ സംഗതി ബോദ്ധ്യപ്പെടുന്നതാണു്. ആഗസ്റ്റ് 22-ൽ മിസ്റ്റർ ജോസഫ് മാളേക്കൻ ഉണർത്തുമണി അടിച്ചുകൊണ്ടു് എഴുതിയ ലേഖനംമുതൽ നവംബർ 10 വരെ, അഭിഭാഷകന്മാരും റിട്ടയർഡ് അദ്ധ്യാപകന്മാരും ഉൾപ്പെടെ പല മാന്യന്മാരും പല തീയതികളിലായി 25 പ്രതിഷേധലേഖനങ്ങൾ എഴുതിയിട്ടുണ്ടു്. കുറവിലങ്ങാടു്, കൂട്ടിക്കൽ, വാഴക്കുളം, പൂഞ്ഞാർ, ചങ്ങനാശ്ശേരി, മാന്നാനം, മുത്തോലി എന്നീ സ്ഥലങ്ങളിൽ രക്ഷാകർത്താക്കൾ യോഗംകൂടി പദ്ധതിയെ പ്രതിഷേധിച്ചതിന്റെ റിപ്പോർട്ടുകളും പ്രസ്തുത തീയതികൾക്കുള്ളിൽ പ്രസിദ്ധം ചെയ്തിട്ടുള്ളതു കാണാം. ആലുവാ സെൻറ് മേരീസ്, എറണാകുളം സെൻറ് അഗസ്റ്റിൻസ്, ചേർത്തല സെൻറ് മേരീസ്, എറണാകുളം സെൻറ് ആൽബർട്ട്സ് മുതലായി ഏഴു പ്രൈവററു് സെക്കൻററിസ്കൂളുകളിലെ അദ്ധ്യാപകർ യോഗംകൂടി പ്രതിഷേധിച്ചതിന്റെ റിപ്പോർട്ടും പ്രസ്തുതതീയതികൾക്കുള്ളിൽ കാണാൻ കഴിയും. ഇതിനും പുറമെ നാനാജാതിമതസ്ഥരുൾപ്പെട്ട മാനേജർമാർ യോഗനിശ്ചയങ്ങളും പ്രസ്താവനകളുംവഴിയായി 10 പ്രാവശ്യം പദ്ധതിയെ പ്രതിഷേധിച്ചിട്ടുള്ളതിന്റെ റിപ്പോർട്ടുകളും പ്രസിദ്ധീകൃതമായിട്ടുണ്ടു്. ഇതുപോലെ നമ്മുടെ മററു പ്രതിദിനപത്രങ്ങളിലും വാരികകളിലും ലേഖനങ്ങളും റിപ്പോർട്ടുകളും കാണാവുന്നതാണു്. ഇങ്ങനെയിരിക്കെ വൈദികാദ്ധ്യക്ഷന്മാരുടെ നവംബർ 10-ലെ പ്രസ്താവന പ്രക്ഷോഭണത്തിനു കാരണമാക്കിയ യുദ്ധപ്രഖ്യാപനമാണെന്നുള്ള സൂചന വസ്തുസ്ഥിതിക്കു വിപരീതമല്ലയോ?

### ഇംഗ്ലണ്ടിലേയും ഫ്രാൻസിലേയും വൈദികാദ്ധ്യക്ഷന്മാർ

"ലോകത്തിൽ എവിടെയുമുള്ള കത്തോലിക്കർക്കും അവരുടെ കുഞ്ഞുങ്ങളെ സ്വന്തം വിദ്യാലയങ്ങൾ നടത്തി പഠിപ്പിക്കണമെന്നുള്ള ഒരാഗ്രഹം സ്പഷ്ടമാകുന്നുണ്ടു്" എന്നു് നിയമസഭയിലെ മറുപടി പ്രസംഗത്തിൽ ശ്രീ പനമ്പിള്ളിതന്നെ സമ്മതിച്ചിട്ടുണ്ടല്ലോ. സ്വന്തം സ്കൂളുകളുടെ സ്വാതന്ത്ര്യപരിരക്ഷണത്തിനായി ഇതരരാജ്യങ്ങളിലെ വൈദികാദ്ധ്യക്ഷന്മാർ നടത്തിക്കൊണ്ടിരിക്കുന്ന ധാർമ്മികസമരം പ്രസിദ്ധമാണു്. ഇംഗ്ലണ്ടിൽ സാൽഫോഡ് രൂപതയിലെ മെത്രാൻ മാർഷൽ തിരുമേനി തൽസംബന്ധം തന്റെ ജനങ്ങൾക്കു് ഒരവസരത്തിൽ നൽകിയ ഉദ്ബോധനത്തിന്റെ ഒരുഭാഗം കഴിഞ്ഞൊരു ലേഖനത്തിൽ (ഫെബ്രുവരി 14) ഞങ്ങളുദ്ധരിച്ചിരുന്നല്ലോ. അതിന്റെ തുടർന്നുള്ള ഭാഗവും ഉദ്ധരണീയമാണു: "വിദ്യാലയങ്ങൾക്കുവേണ്ടിയുള്ള ഈ പോരാട്ടം എത്രകണ്ടു് അസുഖകരമായി പരിണമിച്ചാലും മുമ്പോട്ടുതന്നെ കൊണ്ടുപോകുന്നതിനാണു് നാം പരിശ്രമിക്കുന്നതു്. ഈ പോരാട്ടത്തിൽ നമ്മുടെ കത്തോലിക്കർ എന്റെ പുറകിലുണ്ടായിരിക്കുമെന്നു് ഞാൻ വിശ്വസിക്കുന്നു." അനന്തരം തിരുമേനി ജനാവലിയോടായി ചോദിച്ചു: "വിദ്യാലയങ്ങൾക്കുവേണ്ടിയുള്ള ഈ പോരാട്ടത്തിൽ എന്റെ ഉപദേശം സ്വീകരിച്ചു പ്രവർത്തിക്കാൻ നിങ്ങൾ സന്നദ്ധരാണോ?" അതിനു മറുപടിയായി "അതേ, ഞങ്ങൾ സന്നദ്ധരാണു്" എന്നു ജനക്കൂട്ടം ഒന്നാകെ ഉദ്ഘോഷിച്ചു. തിരുമേനി തുടന്നു: "പ്രവർത്തനമാണു് ഞാൻ നിങ്ങളോടു് ആവശ്യപ്പെടുവാൻ പോകുന്നതു്. പ്രത്യേകിച്ചു് യുവാക്കന്മാരും യുവതികളും തങ്ങളുടെ സ്നേഹഭാജനങ്ങളുടെ ഇടയിൽ പോയി നമ്മുടെ നിലയെ അവരെ പറഞ്ഞു് മനസ്സിലാക്കണമെന്നാണു് നാം ആവശ്യപ്പെടുന്നതു്. നമ്മൾ രാജ്യത്തിന്റെ ശത്രുക്കളല്ല, മിത്രങ്ങളത്രെ. ഈ രാജ്യത്തിന്റെ ഭാവി, ജീവിതത്തിന്റെ ക്രിസ്തീയവശത്തെ കുട്ടികളെ ഗ്രഹിപ്പിക്കുന്നതിന്മേൽ ആശ്രയിച്ചിരിക്കും."

പാർലമെൻററിമെമ്പറും പ്രോട്ടസ്റ്റൻറുകാരനുമായ മിസ്റ്റർ ലെസ്ലിലിയെ ഈ പ്രസ്താവനയെപ്പററി അഭിപ്രായപ്പെട്ടതു ശ്രദ്ധേയമാണ്. "മാർഷൽ ബിഷപ്പിൻെറ വാക്കുകൾ രാഷ്ട്രം മനസ്സിലാക്കുന്ന ദിവസം വിദൂരസ്ഥമല്ലെന്നു വിശ്വസിക്കുന്നു. നീതി വിജയിക്കുന്നതുവരെ ബിഷപ്പു തിരുമേനിയുടെ പക്ഷത്തുതന്നെ നില്ക്കാൻ ഞാൻ നിശ്ചയിച്ചിരിക്കുകയാണ്."

ഇനി ഫ്രാൻസിലെ കാര്യം. കത്തോലിക്കാസ്കൂളുകൾക്കു ഗവമ്മെൻറിൽനിന്നു സഹായധനം ലഭിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പശ്ചിമഫ്രാൻസിലെ 4 ലക്ഷം കത്തോലിക്കർ കഴിഞ്ഞവർഷത്തിൽ ഒരു പ്രക്ഷോഭണം നടത്തി. അവരുടെ മഹായോഗത്തിൽ 5 മെത്രാന്മാർ സന്നിഹിതരായിരുന്നു. അവരിലൊരാൾ പ്രസംഗിച്ചതിങ്ങനെയാണ്: "കത്തോലിക്കരായ ഞങ്ങൾ വിപ്ലവകാരികളല്ല; നിയമമനുസരിക്കുവാൻ ഞങ്ങൾ വിസമ്മതിക്കുന്നില്ല. ന്യായമായ നികുതിയൊടുക്കുവാൻ ഞങ്ങൾക്കു വിരോധവുമില്ല. എന്നാൽ ഇരട്ട നികുതി കൊടുക്കുവാൻ ഞങ്ങളെ നിർബന്ധിക്കുന്ന അനീതിയുടെ നേരെ പൊതുജനശ്രദ്ധയെ ആകർഷിക്കുവാനുള്ള ഒരു മാർഗ്ഗമായി, നികുതി ഒടുക്കുന്ന ഞങ്ങളുടെ കർത്തവ്യം നിവൃത്തിയുള്ളിടത്തോളം അവസാനസന്ദർഭംവരെ നീട്ടിവയ്ക്കുവാൻ ഞങ്ങൾ നിശ്ചയിച്ചിരിക്കുകയാണ്." ഇരട്ടനികുതി എന്നതിൻെറ അർത്ഥം തിരുമേനി ഇങ്ങനെ വിശദീകരിച്ചു: "ഞങ്ങളുടെ സ്വന്തം സ്കൂൾ നടത്തിക്കൊണ്ടുപോകുന്നതിൻെറ ചെലവു ഞങ്ങൾതന്നെ വഹിക്കേണ്ടിവരുന്നു. അതിനുപുറമെ ക്രിസ്തുമതം പഠിപ്പിക്കാത്ത സർക്കാർ സ്കൂളുകളുടെ നടത്തിപ്പിനുവേണ്ടിയുള്ള ചെലവിൽ ഞങ്ങളുടെ വീതമുള്ള ഓഹരിയും ഞങ്ങൾ കൊടുക്കേണ്ടിവരുന്നു." പ്രസ്തുത കത്തോലിക്കർ നാലുസ്ഥലങ്ങളിലായി കൂടിയ നാലു മഹായോഗങ്ങളിലും പാസാക്കിയ പ്രമേയം ഇങ്ങനെയായിരുന്നു: "നമ്മുടെ സ്കൂളുകൾക്കു സഹായം നൽകാൻ സർക്കാരിനു പണമില്ലാത്തതുകൊണ്ട് ഇനി ഒരറിയിപ്പുണ്ടാകുന്നതുവരെ നമ്മുടെ പണം നമ്മുടെ കൈവശം തന്നെയിരിക്കും." (അതുവരെ നികുതി കൊടുക്കയില്ലെന്നുതാല്പര്യം). നമ്മുടെ വൈദികാദ്ധ്യക്ഷന്മാരുടെ നവംബർ 10-ലെ പ്രസ്താവന നമ്മുടെ ഗവമ്മെൻറിൻെറ നേരെ ഒരു യുദ്ധപ്രഖ്യാപനമായിട്ടാണ് പരിണമിച്ചിരിക്കുന്നതെങ്കിൽ, ഇംഗ്ലണ്ടിലെയും ഫ്രാൻസിലെയും മെത്രാന്മാരുടെ മേലുദ്ധരിച്ച പ്രസ്താവനകൾക്ക് എന്തുപേരാണ് നൽകേണ്ടതെന്നറിയുന്നില്ല! "ശാന്തിയുടേയും സമാധാനത്തിൻേറയും ദൂതന്മാരായിരിക്കേണ്ട പിതാക്കന്മാർ സമാധാനഭഞ്ജകവും ആത്മഹത്യാന്തവുമായ ഒരു പ്രക്ഷോഭണത്തിൻെറ പ്രണേതാക്കളെന്നുള്ള ധ്വനി," മി. ഐ. സി. യുടെ വാക്കുകളിൽ, ഈ പ്രസ്താവങ്ങളിൽ ഉണ്ടെന്നു പറയേണ്ടിവരുമോ?

### ഉപദേഷ്ടാക്കൾ

"തിരുമേനിമാർ ചില വിദഗ്ദ്ധന്മാരാൽ ഉപദേശിക്കപ്പെട്ടുവെന്നതു അവരുടെ പ്രസ്താവനയിൽനിന്നു സ്പഷ്ടമാണ്. ഈ ഉപദേഷ്ടാക്കൾ ആരാണെന്നു് സ്പഷ്ടമായി പ്രസ്താവനയിൽ പറഞ്ഞിട്ടില്ല" എന്നു പ്രസ്താവിച്ചശേഷം അവർ ആരായിരിക്കാമെന്നു് ശ്രീ ഐ. സി. ഊഹിക്കുന്നു. "പണ്ടേതന്നെ സ്റ്റേററ്കോൺഗ്രസിനോടു് വൈരമുണ്ടായിരുന്നവരും അതിനെ ധ്വംസിക്കുന്നതിനു് സി. പി. യുടെ കിങ്കരന്മാരായി പ്രവർത്തിച്ചിട്ടുള്ളവരും," "കോൺഗ്രസിനോടു യാതൊരനുഭാവവും ഇല്ലായിരുന്നവരെങ്കിലും അതിനു അധികാരം കിട്ടുമെന്നു കണ്ടപ്പോൾ അതിൻെറ അംഗങ്ങളായിത്തീരുകയും അതിൽ നേതൃത്വം ലഭിക്കായ്കയാൽ ഭഗ്നാശയരായിത്തീരുകയും ചെയ്തിട്ടുള്ളവരും;" "ഏവംവിധരായ സഭാഭക്തന്മാരായിരിക്കാമോ അഭിവന്ദ്യപിതാക്കന്മാർക്കു വിദഗ്ദ്ധാഭിപ്രായവും പ്രചോദനവും നൽകിയതെന്നു് സംശയിക്കേണ്ടിവന്നിരിക്കുന്നു."

നവംബർ 10-ലെ വൈദികാദ്ധ്യക്ഷന്മാരുടെപ്രസ്താവനയിൽപ്രകൃതഭാഗം ഇങ്ങനെയാണ്: "ഫീസുവരവിൻെറ ഏതൊരംശവും ഗവമ്മെൻറിൻെറയോ വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിൻെറയോപേരിൽ 'ഖജനാവിൽ കെട്ടിവയ്ക്കണമെന്നു് ആജ്ഞാപിക്കുവാൻ ഗവമ്മെൻറിനു് അവകാശമില്ലെന്നാണ് ഞങ്ങളുടെ വാദം. ഫീസുപിരിവിൻെറ ഏതെങ്കിലും വിതം ഗവമ്മെൻറ് തങ്ങളുടേതാക്കിവയ്ക്കുന്നതു് ഇപ്പോൾ പ്രയോഗത്തിലിരിക്കുന്ന ഏതെങ്കിലും ചട്ടത്താലോ നിയമത്താലോ സാധൂകരിക്കത്തക്കതല്ലെന്നും, ആ സമ്പ്രദായം നടപ്പിൽവരുത്തുവാൻ ഏതെങ്കിലും നിയമമുണ്ടാക്കിയാൽ, സ്വകാര്യസ്വത്തുടമാവകാശങ്ങളുടെ നിഷേധമായിരിക്കുമെന്ന കാരണത്താൽ, അതു് അസാധുവായിരിക്കുമെന്നും ഞങ്ങൾ ഉപദേശിക്കപ്പെട്ടിരിക്കുന്നു." ഈ രണ്ടു വാക്യങ്ങളിലും ഫീസുപിരിവിൻെറ ശതമാനം ഖജനാവിൽ കെട്ടിവയ്ക്കുന്നതു നിഷിദ്ധമാണെന്നു പറയുന്നു. അതിൻെറ കാരണം ആദ്യത്തെ വാക്യത്തിൽ ചൂണ്ടിക്കാണിച്ചിരിക്കുന്നതു്, സ്വകാര്യസ്വത്തുടമാവകാശം സംബന്ധിച്ചുള്ള പ്രകൃതിനിയമത്തെ ആധാരമാക്കിയാണ്. അക്കാരണത്താൽ കെട്ടിവയ്ക്കൽ സ്വീകാര്യമല്ലെന്നു ഒക്ടോബർ 17-ൽ പ്രസിദ്ധപ്പെടുത്തിയ മൂന്നു മെത്രാപ്പോലീത്താമാരുടെ സംയുക്തപ്രസ്താവനയിൽ സ്പഷ്ടമായി പറഞ്ഞിരുന്നു. ആ വസ്തുത ഇവിടെ (നവംബർ 10-ലെ പ്രസ്താവനയിൽ) സൂചിപ്പിക്കുന്നുമുണ്ടു്. കെട്ടിവയ്ക്കൽ സ്വീകാര്യമല്ലെന്നുള്ളതിൻെറ ന്യായം രണ്ടാമത്തെ വാക്യത്തിൽ പറഞ്ഞിരിക്കുന്നതു്, രാജ്യനിയമത്തെ അടിസ്ഥാനമാക്കിയാണ്, ആ സംഗതിയിലാണ് "ഞങ്ങൾ ഉപദേശിക്കപ്പെട്ടിരിക്കുന്നു" എന്നു പ്രസ്താവിക്കപ്പെട്ടിരിക്കുന്നതു്. ആകയാൽ പുതിയ പദ്ധതി സ്വീകാര്യമല്ലെന്നു തീരുമാനിക്കുവാനും, ആ തീരുമാനം സംയുക്തപ്രസ്താവനമൂഖേന വെളിപ്പെടുത്തുവാനും "തിരുമേനിമാർ ചില വിദഗ്ദ്ധന്മാരാൽ ഉപദേശിക്കപ്പെട്ടു" എന്നർത്ഥമെടുക്കേണ്ടതില്ല.

നിയമദൃഷ്ടിയിൽ സ്വീകാര്യമല്ലെന്നു് ഉപദേശിച്ച ആളുകൾ ആരൊക്കെയാണെന്നറിയാൻ പ്രസ്തുത തീയതിവരെ പദ്ധതിക്കെതിരായി പരസ്യമായിത്തന്നെ അഭിപ്രായം പ്രകടിപ്പിച്ചിട്ടുള്ളവരുടെ പേരുകൾ നോക്കിയാൽ മതിയാകും. നമ്മുടെ ഒരു പത്രത്തിൽ (ദീപിക) ലേഖനങ്ങളെഴുതിയവരെപ്പററിയും, രക്ഷാകർത്താക്കളുടെ പ്രതിഷേധയോഗങ്ങളുടെ റിപ്പോർട്ടുകളും ഹൈസ്കൂളദ്ധ്യാപകന്മാരുടെ പ്രതിഷേധയോഗങ്ങളുടെ റിപ്പോർട്ടുകളും അതിൽ പ്രസിദ്ധീകരിച്ചിരുന്നതിനെപ്പററിയും മുകളിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. നമ്മുടെ മററു പ്രതിദിനപത്രങ്ങളിലും വാരികകളിലും ഇപ്രകാരമുള്ള ലേഖനങ്ങളും റിപ്പോർട്ടുകളും അടങ്ങിയിട്ടുണ്ടു്. അതിനുപുറമെ കേരളത്തിനു വെളിയിലുള്ള പത്രങ്ങളിലും, പത്രാധിപന്മാരുടേതായും ലേഖകന്മാരുടേതായും, പ്രതിഷേധങ്ങളുണ്ടായിട്ടുണ്ടു്. ഇവയിൽ ഹിന്ദു, മദ്രാസ്മെയിൽ, ഡെമോക്രസി എന്നീ പത്രങ്ങളുടെ പേർ പ്രത്യേകം പ്രസ്താവ്യവുമാണ്. ഇങ്ങനെ പ്രതിഷേധിക്കുന്ന പലരും നിയമവിദഗ്ദ്ധന്മാരായിരിക്കെ അവരുടെ പ്രതിഷേധങ്ങളിൽ തിരുമേനിമാർക്കു പരോക്ഷമായ ഉപദേശമെങ്കിലും കാണാൻ കഴിയായ്കയുണ്ടോ? അവരിൽനിന്നുതന്നെയോ മററു വിദഗ്ദ്ധന്മാരിൽനിന്നോ നേരിട്ടുള്ള ഉപദേശം തിരുമേനിമാർക്കു ലഭിച്ചുവെന്നും വിചാരിക്കുവാൻ പാടില്ലയോ? അങ്ങനെയെങ്കിൽ "സ്റ്റേററുകോൺഗ്രസ്സിനോടു വൈരമുണ്ടായിരുന്നവർ", "സി. പി. യുടെ കിങ്കരന്മാരായി വർത്തിച്ചവർ", "കോൺഗ്രസ്സിൽ നേതൃത്വം ലഭിക്കായ്കയാൽ ഭഗ്നാശയരായവർ" ആയിരിക്കാമോ "അഭിവന്ദ്യ പിതാക്കന്മാർക്കു വിദഗ്ദ്ധാഭിപ്രായവും പ്രചോദനവും നൽകിയതെന്ന സംശയം" അടിസ്ഥാനരഹിതമല്ലയോ? ആണെന്നു കാണിക്കുവാൻ പ്രയോജനപ്പെടുന്ന ഒരുദ്ധരണികൂടി ചേർത്തു് ഈ ലേഖനപരമ്പര സമാപിച്ചുകൊള്ളാം. തിരുവിതാംകൂർ കൊച്ചി സംസ്ഥാനകോൺഗ്രസ്സിലെ ക്വാളിഫൈഡ് മെമ്പർമാരും എഫക്റ്റീവ്മെമ്പർമാരുമായ 50-ൽപ്പരമാളുകൾചേന്നു്, എം. എൽ. എ. മി. അലക്സാണ്ടർ പറമ്പിത്തറ മുതലായ പല കോൺഗ്രസ്സ് പ്രമുഖരും ഉൾപ്പെടെ, ചീഫ്മിനിസ്റ്റർക്കു് ഈ ഫെബ്രുവരിയിൽ സമർപ്പിച്ചതായി പറയപ്പെടുന്നതും പത്രത്തിൽ റിപ്പോർട്ടുചെയ്യപ്പെട്ടതുമായ മെമ്മോറാണ്ഡത്തിലെ ഒരു ഭാഗം താഴെ ചേർക്കുന്നു:—

"തിരുവിതാംകൂർ കൊച്ചി സംയുക്തരാഷ്ട്രത്തിൽ ഗവമ്മെൻറു നടപ്പിൽവരുത്തിയ പുതിയ വിദ്യാഭ്യാസപദ്ധതി പല കേന്ദ്രങ്ങളിൽനിന്നു ശക്തിയായ എതിർപ്പ് ഉളവാക്കിച്ചെയ്തിട്ടുണ്ടു്. ഏററവും ശക്തിയായ എതിർപ്പ് ക്രിസ്ത്യാനികളിൽനിന്നും, വിശേഷിച്ചും കത്തോലിക്കരിൽനിന്നുമാണ്. പദ്ധതിയെ അനുകൂലിച്ചവരുടെ ഗണത്തിൽ ഉത്തമവിശ്വാസവും സദുദ്ദേശവും തികഞ്ഞ പല അനുഭാവികളുണ്ടു്. ഞങ്ങളും അങ്ങനെയായിരുന്നു. ബുദ്ധിവിജ്ഞാനപരമായി അതിനെ എതിർക്കുകയും എന്നാലൊരു നയമായി അതിനെ അനുകൂലിക്കുകയും ചെയ്യുന്ന മററു ചിലരുണ്ടു്. ചിലർക്കു് ഈ പദ്ധതിയെ അനുകൂലിക്കുകയല്ലാതെ നിവൃത്തിയില്ലെന്നുണ്ടു്. ഈ പദ്ധതി നടപ്പാക്കുവാൻ ഗവമ്മെൻറിൻെറ ധനപരവും ഭരണപരവുമായ കഴിവുകളെപ്പററി അശുഭവിശ്വാസികളായിട്ടുള്ളവരുണ്ടു്. എന്നിരുന്നാലും തല്ക്കാലത്തേക്കു് അതിനെ അനുകൂലിക്കുന്നതായി നയചതുരതയോടെ ഭാവിക്കുന്നു. ക്രിസ്ത്യാനികൾ ഈ പദ്ധതിയെ എതിർക്കുന്നതുകൊണ്ടു് അതിനെ അനുകൂലിക്കുന്ന ചിലരുമുണ്ടു്. ഇത്തരക്കാർ ഗവമ്മെൻറിൻെറയോ കോൺഗ്രസിൻെറയോ യഥാർത്ഥാനുഭാവികളായിരിക്കുകയില്ലെന്നുള്ളതു് സ്വാഭാവികമാണ്. ഈ പദ്ധതിയെ എതിർക്കുന്ന ക്രിസ്ത്യാനികളുടെ കൂട്ടത്തിലും, കോൺഗ്രസിനോടു പകവീട്ടുവാനും സ്ഥിതിഗതികളെ കൂടുതൽ ദൂഷണം ചെയ്യുവാനും പാർത്തിരിക്കുന്ന അസംതൃപ്തരായവരുമുണ്ടെന്നുള്ളതു് ശരിയാണ്. എന്നാൽ അവരിൽ ഗണ്യമായൊരു വിഭാഗത്തിൻെറ എതിർപ്പ് ഉത്തമവിശ്വാസത്തോടുകൂടിയതും, പൂർവാനുഭവങ്ങളുടേയും പുതിയ വാസനാഗതികളുടേയും വെളിച്ചത്തിൽ യാതൊരു വിധത്തിലും സന്ധിക്കുവിധേയമാക്കാവുന്നതല്ലാത്തതുമാകുന്നു." (കീഴ്വര ഇവിടേയും അടിയിലും ഞങ്ങളുടേതാണ്.)

"അദ്ധ്യാപകരുടെ നില ഉയർത്തുന്നതിനു മാനേജർമാരെ സഹായിക്കുന്നതിനു ഗവമ്മെൻറു് മുന്നോട്ടുവന്നു. എന്നാൽ പദ്ധതി സിദ്ധാന്തപരമായ രംഗത്തു ചർച്ചയ്ക്കു വന്നപ്പോൾ അദ്ധ്യാപകന്മാർക്കു് ആശ്വാസമരുളുകയെന്ന പ്രശ്നം സംബന്ധിച്ചു സംഗതമല്ലാത്ത ചില പ്രശ്നങ്ങൾ അവരെ അഭിമുഖീകരിച്ചു. തൻമൂലം അഹിതകരമായ ഇന്നത്തെ സ്ഥിതിഗതികൾ ആവിർഭവിച്ചു. ഇതു നീട്ടിക്കൊണ്ടുപോകാവുന്നതല്ല......ഗവമ്മെൻറു ആവിഷ്കരിക്കുന്ന പദ്ധതി തത്വപരമായി ആക്ഷേപത്തിനു് വിധേയമല്ലാത്തതും, അതിൻെറ ഉദ്ദേശ്യലക്ഷ്യങ്ങൾ സംശയാശങ്കകൾകൂടാതെ സാർത്ഥീകരിക്കുവാൻ പര്യാപ്തവുമായിരിക്കണമെന്നു് തീർച്ചവരുത്തുന്ന കാര്യത്തിൽ ഗവമ്മെൻറു് തങ്ങളോടും പാർട്ടിയോടും പ്രാഥമികമായ ഒരു ഉത്തരവാദിത്വം വഹിക്കുന്നുണ്ടു്."

ഇത്ര വൈകിയെങ്കിലും പദ്ധതിക്കെതിരായ എതിർപ്പിൻെറ യാഥാർത്ഥ്യങ്ങൾ കോൺഗ്രസ്സംഗങ്ങൾതന്നെ ഗവമ്മെൻറിനെ അറിയിച്ചതു ആശ്വാസകരം! തങ്ങൾ പദ്ധതിയെ അനുകൂലിച്ചതു് ഉത്തമവിശ്വാസവും സദുദ്ദേശവും നിമിത്തമാണ്. എന്നാൽ പദ്ധതി സിദ്ധാന്തപരമായ രംഗത്തു ചർച്ചയ്ക്കുവന്നപ്പോൾ അതിൽ സംഗതമല്ലാത്ത നിർദ്ദേശങ്ങൾ കണ്ടു. തൻമൂലം അഹിതകരമായ ഇന്നത്തെ സ്ഥിതിഗതികൾ ആവിർഭവിച്ചു. പദ്ധതി തത്വപരമായി ആക്ഷേപരഹിതമായിരിക്കണം; അതിൻെറ ഉദ്ദേശലക്ഷ്യങ്ങൾ സംശയാശങ്കകൾക്കു് ഇടംകൊടുക്കാതെ സാർത്ഥീകരിക്കുവാൻ പര്യാപ്തവുമായിരിക്കണം. അങ്ങനെ ആക്കുന്ന വിഷയത്തിൽ ഗവമ്മെൻറിനു് ഉത്തരവാദിത്വമുണ്ടു്—കോൺഗ്രസ്സ് പാർട്ടിയിലെ ഗണനീയരായ 51അംഗങ്ങളുടെ ഈ സമ്മതത്തിൻെറ വെളിച്ചത്തിൽ നിഷ്പക്ഷമായി ചിന്തിച്ചാൽ കാണാം, വൈദികാദ്ധ്യക്ഷന്മാരുടെ പ്രസ്താവനകളും അവരുടെ നിർദ്ദേശങ്ങൾക്കു് വിധേയരായ മാനേജർമാരുടെ വാദങ്ങളും അവർ പ്രാതിനിധ്യം വഹിക്കുന്ന രക്ഷാകർത്താക്കളുടെ പ്രതിഷേധങ്ങളും ന്യായയുക്തമാണെന്നു്. എന്നിട്ടും വിദ്യാഭ്യാസമന്ത്രി 'വിദ്യാഭ്യാസ പദ്ധതിയുടെ കാര്യത്തിൽ യാതൊരു ഒത്തുതീർപ്പും സാദ്ധ്യമല്ല" എന്നു് പ്രസംഗങ്ങളിലും അഭിമുഖസംഭാഷണങ്ങളിലും ആവർത്തിച്ചാവർത്തിച്ച് പ്രസ്താവിച്ചുകൊണ്ടിരിക്കുന്നതു് ജനകീയ ഭരണസമ്പ്രദായത്തിനു് വിപരീതമല്ലയോ?

ശുഭം

---

## ആ ദുരന്തനാടകം

(തോമസ് സിബാസ്റ്റ്യൻ ബി. എ. എൽ ടി.)

കാൽ നൂററാണ്ടുകളിലധികമായി അദ്ധ്യാപകൻ അവൻെറ വിഷമാവസ്ഥകൾ അറിയിക്കേണ്ടവരെ അറിയിച്ചു തുടങ്ങിയിട്ട്. സഹികെട്ടു കണ്ടുതുടങ്ങിയപ്പോൾ അവശതാപരിഹാരമാർഗ്ഗങ്ങൾ ആരാഞ്ഞുതുടങ്ങി. സർക്കാർ ഒരു മാർഗ്ഗം കണ്ടുപിടിച്ചു. പക്ഷെ ആ മാർഗ്ഗം വിദ്യാലയങ്ങളുടെ വ്യക്തിത്വം നശിപ്പിക്കും. അതുകൊണ്ടു സർക്കാരിൻെറ ആത്മാർത്ഥത ചോദ്യംചെയ്യപ്പെട്ടു. സമുദായവും സർക്കാരും രണ്ടു തട്ടിലായി. പ്രതിഷേധവും പോർവിളിയും അന്തരീക്ഷത്തെ മാറെറാലിക്കൊള്ളിച്ചു. രണ്ടിനും കൂടി ഒരു മുററവും രണ്ടു പുരയുമാണ്. മുററം പോർക്കളമായി. കോലാഹലങ്ങൾക്കിടയിൽ രണ്ടു വീടിൻേറയും പുറകിലുള്ള മതിലുകൾ ഭേദിക്കപ്പെട്ടതു് ആരും അറിഞ്ഞില്ല. അദ്ധ്യാപകനോ അവൻ പഴയ യാതനക്കാരൻതന്നെ. അവൻെറ പ്രശ്നം ദിവസം മൂന്നുപ്രാവശ്യം അവനെ തുറിച്ചുനോക്കിക്കൊണ്ടിരുന്നു.

സമുദായവും ഈ വിഷമസന്ധിയെ തരണം ചെയ്യുന്നതിനു് കൊണ്ടുപിടിച്ചു ആലോചന നടത്തുന്നുണ്ടു്. ഫലം പ്രതീക്ഷയിലിരിക്കുന്നേയുള്ളു. ഈ സ്തംഭനാവസ്ഥമൂലം ഇതുവരെ വന്നതും ഇനി വരാനിരിക്കുന്നതുമായ നഷ്ടം മററാരെയുംകാൾ കൂടുതൽ രക്ഷാകർത്താക്കൾക്കും അവരുടെ അരുമസന്താനങ്ങൾക്കുമല്ലേ? ഇതിലാർക്കാണ് സംശയം?

ഒരു കാര്യം എല്ലാവരും മനസ്സിലാക്കിയിരുന്നാൽ കൊള്ളാം. അസംതൃപ്തനായ ഒരദ്ധ്യാപകൻ രാഷ്ട്രത്തിനു വിപത്തും സമുദായത്തിനു് വിനാശവും ഭാവിതലമുറയ്ക്കു പാഷാണവുമാണ്.

പത്തുവർഷം മുൻപു് ഒരു മാസത്തെ ഫീസ് കൊടുക്കുന്നതിനു് ഒരു ഹൈസ്കൂൾ വിദ്യാർത്ഥിക്കുവേണ്ടി 200 നാളികേരവും ഒരു മിഡിൽസ്കൂൾ വിദ്യാർത്ഥിക്കുവേണ്ടി 100 നാളികേരവും വേണ്ടിവന്നില്ലേ? നെല്ലു 8പറയും 4പറയുംവീതവും ഇക്കാര്യത്തിനു് ചെലവുചെയ്തിരുന്നില്ലേ? കുരുമുളകു 36റാത്തലും 18റാത്തലും അതിനായി വിനിയോഗിച്ചില്ലേ? മററു പണ്ടങ്ങളെ സംബന്ധിച്ചും ഇതുതന്നെയല്ലേ കണക്കു്? ഇന്നും അത്രയുമെങ്കിലും തങ്ങളുടെ അരുമസന്താനങ്ങൾക്കുവേണ്ടി വിനിയോഗിക്കുവാൻ രക്ഷാകർത്താക്കൾ വിസമ്മതിക്കുമോ? അതിൻെറ പകുതി വിനിയോഗിച്ചാലും ഈ ദുരന്തനാടകം സുഖപര്യവസായി ആക്കാൻ സാധ്യമല്ലേ?

സർക്കാരും പ്രൈവററ്ഏജൻസികളും തമ്മിൽ ഒരൊത്തുതീർപ്പിൽ എത്തുന്നതുവരെ ഈ മാർഗ്ഗം സ്വീകരിച്ചു്, ഇപ്പോൾ നടമാടുന്ന അസ്വസ്ഥതയ്ക്കു് ഒരു ഇടക്കാലവിരാമം ഇടുന്നകാര്യം രക്ഷാകർത്താക്കൾ ദയവായി ആലോചിക്കുമോ?

---

## സാർവ്വദേശീയ

### ദിവ്യകാരുണ്യ കോൺഗ്രസ്

രണ്ടാം ലോകമഹായുദ്ധത്തിനു ശേഷമുള്ള ആദ്യത്തെ സാർവ്വദേശീയ ദിവ്യകാരുണ്യകോൺഗ്രസ് സ്പെയിനിലെ ബാർസിലോണാ നഗരത്തിൽവച്ചു് അടുത്ത വർഷത്തിൻെറ അവസാനത്തിൽ നടത്തപ്പെടുന്നതാണ്. ഇതിനകം 34 അന്തർദ്ദേശീയ ദിവ്യകാരുണ്യ കോൺഗ്രസുകൾ നടത്തപ്പെട്ടിട്ടുണ്ടു്. അവയിൽ അവസാനത്തേതു് 1938-ൽ ഹംഗറിയുടെ തലസ്ഥാനമായ ബുഡാപെസ്റ്റിൽവച്ചു് നടത്തപ്പെട്ടതാണ്. 35-ാമത്തെ കോൺഗ്രസ് 1940-ൽ ഫ്രാൻസിലെ നൈസിൽവച്ചു് നടത്തുവാൻ ഒരുക്കങ്ങൾ ചെയ്തെങ്കിലും യുദ്ധംനിമിത്തം അതു സാധിച്ചില്ല. (ഇതേവരെ നടത്തപ്പെട്ടിട്ടുള്ള കോൺഗ്രസുകളുടെ ലിസ്റ്റ് 1948 ഏപ്രിൽ 9-ാംനു-യിലെ സത്യദീപത്തിൽ കൊടുത്തിട്ടുണ്ടു്.)

## ക്രൈസ്തവേതര വാർത്തകൾ

ശ്രീ ടി. കെ. നാരായണപിള്ളയുടെ നേതൃത്വത്തിലുള്ള തിരു-കൊച്ചി മന്ത്രിസഭ ഫെബ്രുവരി 25-ാംനു രാജിവച്ചിരിക്കുന്നു. രാജിവാർത്ത വെളിപ്പെടുത്തിക്കൊണ്ട് പത്രപ്രതിനിധികളോടായി ശ്രീ ടി.കെ. ചെയ്ത പ്രസ്താവനയിൽ, രാജ്യസേവനത്തിനായി കോൺഗ്രസിനെ കൂടുതൽ ശക്തിപ്പെടുത്തുകയെന്നതാണ് പ്രസ്തുത നടപടിയുടെ ഉദ്ദേശമെന്നു പ്രസ്താവിച്ചിരിക്കുന്നു. രാജപ്രമുഖൻ തിരുമനസ്സുകൊണ്ട് രാജി സ്വീകരിച്ചുവെങ്കിലും പുതിയ ലീഡറുടെ തിരഞ്ഞെടുപ്പുകഴിഞ്ഞ് മന്ത്രിസഭ ചാർജ്ജെടുക്കുന്നതുവരെ ഇപ്പോഴത്തെ മന്ത്രിസഭതന്നെ ഒരു കാവൽഗവമ്മെൻറായി അധികാരത്തിൽ തുടരണമെന്നു തിരുമനസ്സുകൊണ്ട് നിർദ്ദേശിച്ചിരിക്കയാണ്. പുതിയ ലീഡറുടെ തിരഞ്ഞെടുപ്പ് ഫെബ്രുവരി 28-ാംനു കൂടുന്ന കോൺഗ്രസ് പാർലമെൻററി പാർട്ടി യോഗത്തിൽവെച്ച് നടക്കുന്നതായിരിക്കും.

—തിരു-കൊച്ചി സംസ്ഥാനത്തിലെ ബഡ്ജറ്റ് സമ്മേളനം ഫെബ്രുവരി 21-ാംനു രാജപ്രമുഖൻ തിരുമനസ്സിലെ ഉൽഘാടനപ്രസംഗത്തോടുകൂടി സമാരംഭിക്കയുണ്ടായല്ലൊ. അസംബ്ലി ഫെബ്രുവരി 26-ാംനു-വരെ തുടന്നു സമ്മേളിക്കുകയും, മന്ത്രിസഭയുടെ രാജിയെ പരിഗണിച്ച് സഭയുടെ തുടന്നുള്ള സമ്മേളനം മാർച്ച് 12-ാംനു-ക്കു നീട്ടിവയ്ക്കുകയും ചെയ്തിരിക്കുന്നു.

—ചീഫ് സെക്രട്ടറി ശ്രീ കെ. ജി. മേനോൻ വ്യക്തിപരമായ കാരണങ്ങളാൽ അവധിയിൽ പ്രവേശിച്ചിരിക്കുന്നതായി ഒരു ഗവമ്മെൻറ് പ്രസ്നോട്ടിൽ പറഞ്ഞിരിക്കുന്നു.

—ചർച്ച് ഓഫ് സൗത്ത് ഇൻഡ്യാ, ക്രിസ്ത്യൻ എഡ്യൂക്കേഷൻ കൗൺസിൽ ഫെബ്രുവരി 23-ാംനു കൂടി പുതിയ സെക്കണ്ടറി വിദ്യാഭ്യാസ പദ്ധതിയെപ്പററി ചർച്ച ചെയ്യുകയും, പ്രസ്തുത പദ്ധതിയെ സമൂലം പരിശോധിക്കുന്നതിനായി നിഷ്പക്ഷമായ ഒരു കമ്മീഷനെ നിയമിക്കുവാൻ ഇൻഡ്യാഗവമ്മെൻറിൻെറ സഹായം തേടുന്നതിനു തിരു-കൊച്ചി ഗവമ്മെൻറിനോടഭ്യർത്ഥിക്കുകയും ചെയ്തിരിക്കുന്നു.

**Wanted** a well - experienced and efficient journalist who can write good Malayalam and also translate Reuter and P. T. I. News into the vernacular with speed and accuracy. Apply to Box No. 14, C/o "Sathydeepam"

## ഇൻഡ്യാവാർത്തകൾ

കേന്ദ്രപാർലമെൻറിൽ ഫെബ്രുവരി 22-ാംനു അവതരിപ്പിക്കപ്പെട്ട 1951—52-ലെ റെയിൽവേ ബഡ്ജററ് അനുസരിച്ച് ഏപ്രിൽ 1-ാംനു മുതൽ റെയിൽവെ ടിക്കററുനിരക്കു വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. അതനുസരിച്ച് മൂന്നാംക്ലാസിനു ഒരു പൈയും രണ്ടാംക്ലാസിനു രണ്ടു പൈയും ഒന്നാംക്ലാസിനു മൂന്നു പൈയും വീതം ഒരു മൈലിനു ചാർജ്ജ് വർദ്ധിക്കുന്നതാണ്. ഈ വർദ്ധനവുമൂലം ഗവമ്മെൻറിലേക്കു 19 കോടി ക. കൂടുതൽ വരവുണ്ടാകുമെന്നു പ്രതീക്ഷിക്കപ്പെടുന്നു.

—ഇൻഡ്യയിലെ തൊഴിലാളിസംഘടനകളിൽ ഏററവും കൂടുതൽ അംഗങ്ങളുള്ളതു ഇൻഡ്യൻ നാഷനൽ ട്രേഡ് യൂണിയൻ കോൺഗ്രസിനാണെന്നു അവർ അവകാശപ്പെടുന്നതായി തൊഴിൽകാര്യമന്ത്രി മി. ജഗജീവൻറാം പാർലമെൻറിൽ പ്രസ്താവിച്ചിരിക്കുന്നു. 1950 ഡിസംബർ 31-ാംനു 1514082 പേർ അതിൽ അംഗങ്ങളായുണ്ടത്രെ.

—ഫെബ്രുവരി 25-ാംനു മുതൽ, കഠിനാദ്ധ്വാനം ചെയ്യുന്ന തൊഴിലാളികൾക്കു യാതൊരു വെട്ടിക്കുറവുംകൂടാതെ 12 ഔൺസ് റേഷൻതന്നെ ലഭിക്കുന്നതാണെന്നു മദ്രാസ് ഗവമ്മെൻറു പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു.

—അമേരിക്കയിലെ "നാഷണൽ കാത്തലിക് വെൽഫെയർ കോൺഫറൻസി"ൻെറ ആഭിമുഖ്യത്തിൽ ഇൻഡ്യയിലേക്കു 10 ലക്ഷം റാത്തൽ ഗോതമ്പും ഒന്നരലക്ഷം റാത്തൽ പാൽപ്പൊടിയും അയച്ചിട്ടുണ്ടെന്നു പ്രസ്തുത കോൺഫറൻസിൻെറ പ്രസിഡണ്ട് റവ. മോൺ. എഡേർഡ് സ്വാൻസ്ട്രോം പ്രസ്താവിച്ചിരിക്കുന്നു.

—ഒരു പ്രമുഖരാഷ്ട്രീയ പ്രവത്തകനും മൈസൂർ സർവ്വകലാശാലയുടെ പ്രോ-ചാൻസലറുമായിരുന്ന ഡോക്ടർ സി. ആർ. റെഡ്ഡി ഫെബ്രുവരി 24-ാംനു തൻെറ 70-ാമത്തെ വയസ്സിൽ നിര്യാതനായിരിക്കുന്നു.

—ഇൻഡ്യയും പാക്കിസ്ഥാനും തമ്മിൽ വാണിജ്യബന്ധം പുനരാരംഭിക്കുവാൻ തീരുമാനിച്ചുകൊണ്ട് ഇരുരാഷ്ട്രങ്ങളുടേയും പ്രതിനിധികൾ ഒരുടമ്പടിയിൽ ഒപ്പുവച്ചിരിക്കുന്നു. ഇരുഗവമ്മെൻറുകളുടേയും അംഗീകരണം ലഭിക്കുന്നതോടുകൂടി പ്രസ്തുത ഉടമ്പടി നടപ്പിൽവരുന്നതാണ്.

സ്വർണ്ണപ്പണയം
കുറഞ്ഞപലിശ. കൂടുതൽ നിരക്ക്
ബങ്ക് ഓഫ്
കൊച്ചിൻ ക്ലിപ്തം
എറണാകുളം
മട്ടാഞ്ചേരി, ചാലക്കുടി, തൃശ്ശൂർ,
വില്ലിങ്ങ്ടൺ ഐലൻഡ്

## കന്യാസ്ത്രീകളെ ക്ഷണിക്കുന്നു

കെയിറോയിലുള്ള ഗവമ്മെൻറ് ആസ്പത്രികളിൽ ആതുരശുശ്രൂഷചെയ്യുന്നതിനായി ഇജിപ്ഷ്യൻ ഗവമ്മെൻറ് കന്യാസ്ത്രീകളെ ക്ഷണിച്ചിരിക്കുന്നു. പ്രസ്തുത നഗരത്തിലെ ഗവമ്മെൻറാശുപത്രികളിലും സ്വകാര്യാശുപത്രികളിലുമായി 300 കന്യാസ്ത്രീകൾ ഇപ്പോൾ സേവനം നടത്തുന്നുണ്ട്. സേവനത്തിനു ചെല്ലുന്ന സന്യാസിനികൾക്കു താമസസൗകര്യവും പ്രതിവർഷം 170പവൻ അലവൻസും നൽകുന്നതാണത്രെ. ആശുപത്രിയിൽതന്നെ ഒരു കപ്പേള സ്ഥാപിക്കുവാനും അനുമതി നൽകുന്നതായിരിക്കും.

### സൂററിലെ
## കുഷ്ഠരോഗകേന്ദ്രം

സ്പെയിനിൽനിന്നു ഇൻഡ്യയിലെത്തിയിരിക്കുന്ന തിരുഹൃദയ മിഷൻ സഭാംഗങ്ങളായ കന്യാസ്ത്രീകൾ സൂററിലെ കുഷ്ഠരോഗസങ്കേതത്തിൻെറ ചാർജ്ജ് ഏറെറടുത്തിരിക്കുന്നു. അവിടത്തെ ഡിസ്ട്രിക്റ്റ് കളക്ടറുടെ നേതൃത്വത്തിൽ ഒരു കമ്മിററിയാണ് ആ സ്ഥാപനത്തിൻെറ ചുമതല ഇതുവരെ വഹിച്ചുവന്നതു്.

## മിഷൻ ആശുപത്രികൾ

"അപ്പസ്തോല രാജ്ഞിയുടെ മിഷനറി സഹോദരിമാരുടെ" വകയായി അഗാഷിയിൽ സ്ഥാപിതമായിരിക്കുന്ന ആസ്പത്രിയുടെ ഉൽഘാടനം ഫെബ്രുവരി 11-ാംനു ബോംബെമെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു നിർവ്വഹിച്ചിരിക്കുന്നു. 8500ക. ചെലവുചെയ്ത് പണിയിച്ചതാണ് ഈ ആസ്പത്രി. ഇതിലേക്കു 15000ക. അതിരൂപതയിൽനിന്നും ആദ്യം സംഭാവനചെയ്തു. തുടന്നു മിഷൻസഹോദരിമാർ ഭിക്ഷാടനം നടത്തിയും സംഭാവനകൾ സ്വീകരിച്ചുമാണ് പണമുണ്ടാക്കിയതു്. ഉൽഘാടനവേളയിൽ 15000ക. കൂടി മെത്രാപ്പോലീത്താ തിരുമേനി സംഭാവനചെയ്തു. ഗിരീസിൽ സ്ത്രീകൾക്കായി സ്ഥാപിക്കുവാനുദ്ദേശിക്കുന്ന ആസ്പത്രിയിൽ "കുരിശിൻെറ സഹോദരികൾ" എന്ന സന്യാസസഭയിലെ അംഗങ്ങൾ സേവനമനുഷ്ഠിക്കാമെന്നു സമ്മതിച്ചിട്ടുണ്ടെന്നും, പൊതുജനങ്ങൾ ഉള്ളഴിഞ്ഞു



നില്ക്കുന്നവർ: സെക്കണ്ടറബാദിലെ "സെൻറ് ആൻസ് ഓഫ് ഡിവൈൻ പ്രോവിഡൻസ്" എന്ന കന്യകാമഠത്തിൽ ചേന്നു ജനുവരി 1-ാംനു സഭാവസ്ത്രം സ്വീകരിച്ച കേരളീയ സഹോദരികൾ.

ഇരിക്കുന്നവർ: റവ. മദർ പ്രൊവിൻഷ്യൽ, റവ. ഫാ. കല്ലുക്കാരൻ, റവ. നോവിസ് മിസ്ട്രസ്.



## സിർക്കോ ആരാം തേൽ

No. 1. ശിരോരോഗങ്ങളെ നീക്കി തലയ്ക്കു സുഖത്തെ കൊടുക്കുന്നതിനു അത്യുത്തമം.

No. 2. തലമുടിക്കു വളർച്ചയും പുഷ്ടിയും നൽകുന്നതു്.

| | | 8 ഔ: | 12 ഔ: | 16 ഔ: |
|---|---|---|---|---|
| വില | No 1. ക. | 3—12—0 | 5—4—0 | 7—0—0 |
| | No. 2. | 4—0 —0 | 5—8—0 | 7—4—0 |

എം. ജെ. മാത്യു വൈദ്യൻ, മടുക്കക്കുഴി വൈദ്യശാല, കാഞ്ഞിരപ്പള്ളി


സഹകരിക്കുകയാണെങ്കിൽ ഇനിയും ഇത്തരം ആസ്പത്രികളും ആതുരാലയങ്ങളും സ്ഥാപിക്കുവാൻ സാധിക്കുമെന്നും തിരുമേനി പ്രസംഗമദ്ധ്യേ പ്രസ്താവിക്കുകയുണ്ടായി.

## ഗബ്രിയേൽ മാലാഖ

പ. കന്യകാമറിയത്തോടു് മംഗലവാർത്തയറിയിച്ച ഗബ്രിയേൽ ദൈവദൂതനെ ടെലഫോൺ ടെലഗ്രാഫ് ജോലിക്കാരുടെ മദ്ധ്യസ്ഥനും സംരക്ഷകനുമായി മാർപ്പാപ്പാതിരുമേനി പ്രഖ്യാപനം ചെയ്തിരിക്കുന്നു.

വിശുദ്ധവാരത്തിലെ
തിരുക്കർമ്മങ്ങൾ
വില 5 ണ
സെൻറ് ജോസഫ്സ് ഐ. എസ്,
പ്രസ്സ്, എൽത്തുരുത്ത്

### ദൈവം യോജിപ്പിച്ചതിനെ മനുഷ്യർ വേർപെടുത്തിയാൽ

ഗ്രേററ് ബ്രിട്ടനിൽ വിവാഹമോചനങ്ങൾ വർദ്ധിച്ചുവരുന്നതായി റിപ്പോർട്ടുചെയ്യപ്പെട്ടിരിക്കുന്നു. 1935-ൽ 3000 വിവാഹമോചനങ്ങളാണു നടന്നതു്. 1947-ൽ അവയുടെ എണ്ണം 60,000 ആയി. ഇപ്പോഴത്തെ പരിത:സ്ഥിതികളിൽ വിവാഹമോചിതരുടെ എണ്ണം ആണ്ടുതോറും വർദ്ധിച്ചുവരുവാനാണിടയുള്ളതു്. "ദൈവം യോജിപ്പിച്ചതിനെ മനുഷ്യർ വേർപെടുത്താൻ" ശ്രമിച്ചാലത്തെ ദുരന്തഫലം!

### ലീജിയൻ ഓഫ് മേരി വഴി
## 1784 മാനസാന്തരം

"ലീജിയൻ ഓഫ് മേരി" എന്ന ഭക്തസംഘത്തിൻെറ പ്രവത്തനഫലമായി ചൈനയിലെ ഒരു രൂപതയിൽ 1784 മാനസാന്തരങ്ങൾ നടന്നതായി റിപ്പോർട്ടുചെയ്യപ്പെട്ടിരിക്കുന്നു.

### മിൻസെൻററിയുടെ
## സ്വരം

ഹംഗറിയിലെ പ്രൈമററായ കർദ്ദിനാൾ മിൻസെൻററി കാരാഗൃഹവാസം അനുഭവിച്ചുതുടങ്ങിയിട്ട് ഫെബ്രുവരി 8-ാംനു രണ്ടുകൊല്ലം തികഞ്ഞിരിക്കുന്നു. ഈയിടെ റേഡിയോവഴി തിരുമേനിയുടെ സ്വരം ശ്രവിക്കുന്നതിനു അദ്ദേഹത്തിൻെറ അജഗണങ്ങൾക്കു ഭാഗ്യമുണ്ടായി. ഗ്രാമഫോണിൽ രേഖപ്പെടുത്തിയിരുന്ന അദ്ദേഹത്തിൻെറ ഒരു പ്രസംഗത്തിൻെറ ചില ഭാഗങ്ങൾ ന്യൂയോർക്കിൽനിന്നും പ്രക്ഷേപണംചെയ്യപ്പെടുകയാണുണ്ടായതു്. ഹംഗറിയിലെ കത്തോലിക്കർക്കു ശ്രവിക്കാൻ സാധിച്ച പ്രസംഗഭാഗത്തിൽ ഇപ്രകാരം പ്രസ്താവിച്ചിരുന്നു:

"ജനായത്തഭരണത്തിൻെറ തത്വങ്ങൾ അനുസരിച്ചു മാത്രമേ ഭാവിയിൽ രാഷ്ട്രീയജീവിതം കെട്ടിപ്പടുക്കുവാൻ നിവൃത്തിയുള്ളു. മദ്ധ്യനയത്തിൻെറ തോന്ന്യാസങ്ങൾക്കു ജനായത്തഭരണക്രമം ഇപ്പോൾ പൂർണ്ണവിരാമമിടേണ്ടിയിരിക്കുന്നു. അഭിനവമായ ഒരു സ്വേച്ഛാധിപത്യത്തെ ഉൾക്കൊള്ളുന്ന ഒരു പരിപാടിയെ പിന്താങ്ങുവാൻ യാതൊരു ക്രിസ്ത്യാനിക്കും നിവൃത്തിയില്ല. ചില പ്രേരണാശക്തികളുടെ ഫലമായി ഹംഗറിയിലെ ജീവിതരീതി ഒരു സ്വേച്ഛാധിപത്യപദ്ധതിയിൽനിന്നും മറെറാന്നിലേക്കു ആനയിക്കപ്പെടുകയാണു ചെയ്തുവരുന്നതു്."

## സഭാവസ്ത്രസ്വീകരണം

ഇററലിയിൽ ട്യൂറിൻ എന്ന പട്ടണത്തിൽ തങ്ങളുടെ കേന്ദ്രഭവനം സ്ഥാപിച്ചിരിക്കുന്ന സെൻറ് ആൻസ് ഓഫ് ഡിവൈൻ പ്രോവിഡൻസ് എന്ന സന്യാസിനിസമൂഹം സെക്കണ്ടറബാദ് (ഡക്കാൺ) തലസ്ഥാനമാക്കി ഇൻഡ്യയിലെ പല കേന്ദ്രങ്ങളിലും പ്രവത്തനം നടത്തിവരുന്നു. ഇക്കഴിഞ്ഞ ജനുവരി 1-ാംനു 17 കന്യകകൾ സഭാവസ്ത്രം സ്വീകരിക്കുകയുണ്ടായി. അവരിൽ 8 പേർ കേരളീയരാണ്. അക്കൂട്ടത്തിൽ റവ. ഫാ. പോൾ കല്ലുക്കാരൻ അവർകളുടെ സഹോദരി സിസ്റ്റർ മേരി എലിയായും ഉൾപ്പെടുന്നു. പ്രസ്തുത ചടങ്ങുകളിൽ സംബന്ധിക്കുന്നതിനായി പോയിരുന്ന ഫാ. കല്ലുക്കാരൻ തദവസരത്തിൽ ഒരു പ്രസംഗംചെയ്യുകയുണ്ടായി.

## ചരമം

കുണ്ടൂർ: മരിയാസഖ്യാംഗമായിരുന്ന ശ്രീമതി ഐനിക്കൽ വാവു ത്രേസ്യ ഫെബ്രുവരി 9-ാംനു നിര്യാതയായിരിക്കുന്നു.

—എങ്ങണ്ടിയൂർ: പുലിക്കോടൻ ശ്രീ ലോനപ്പൻ റപ്പായി 90-ാമത്തെ വയസ്സിൽ ഫെബ്രുവരി 10-ാംനു നിര്യാതനായിരിക്കുന്നു. R. I. P.

# സത്യദീപം

പത്രാധിപന്മാർ

റൈററ് റവ. മോൺസിഞ്ഞോർ ജോസഫ് അട്ടിപ്പേററി

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ഡി. ഡി., പി. എച്ച്.

Vol. 24 ‖ ERNAKULAM, FEBRUARY 28, 1951 ‖ No. 27

# നശീകരണായുധം ആററംബോംബു മാത്രമോ

കമ്മ്യൂണിസ്റ്റ് നേതൃത്വത്തിൽ വളരെയധികം ഉത്സാഹത്തോടുകൂടി ഒപ്പിട്ടുവിച്ചുകൊണ്ടിരിക്കുന്ന സ്റ്റോക്ക്ഹോം സമാധാനാഭ്യർത്ഥനയിലെ ഉള്ളടക്കം താഴെ ചേർക്കുന്നു:-

"അടിമത്തത്തിന്റെയും ബഹുജനനശീകരണത്തിന്റെയും ആയുധമെന്ന നിലയ്ക്ക് അറേറാമിക് ആയുധങ്ങളെയെല്ലാം നിരുപാധികം നിരോധിക്കണമെന്നു ഞങ്ങൾ ആവശ്യപ്പെടുന്നു.

"മേൽപ്പറഞ്ഞ തീരുമാനം കൃത്യമായും നടപ്പിൽവരുത്തുന്നതിനായി കർശനമായ സാർവദേശീയനിയന്ത്രണമേർപ്പെടുത്തണമെന്നും ഞങ്ങൾ ആവശ്യപ്പെടുന്നു.

"മറേറതൊരു രാജ്യത്തിന്റെയും നേരെ ആദ്യമായി അറേറാമിക് ആയുധമുപയോഗിക്കുന്ന ഏതു ഗവർമ്മെൻറും മനുഷ്യരാശിക്കെതിരായി മഹാപാതകമാണതുവഴി ചെയ്യുന്നതെന്നും പ്രസ്തുതഗവർമ്മെൻറിനെ ഒരു യുദ്ധകുററവാളിയായി കണക്കാക്കണമെന്നും ഞങ്ങൾ കരുതുന്നു.

"സന്മനോഭാവമുള്ളവരായ ലോകത്തിലെ എല്ലാ ജനങ്ങളോടും ഈ അഭ്യർത്ഥനയിൽ ഒപ്പുവയ്ക്കണമെന്നു ഞങ്ങൾ ആഹ്വാനം ചെയ്യുന്നു."

പ്രത്യക്ഷത്തിൽ എത്ര നിർദ്ദോഷമെന്നല്ല സ്വാഗതാർഹമായ ആഹ്വാനമാണിതെന്ന് ആർക്കും തോന്നാതിരിക്കയില്ല. ഈ വസ്തുതയാണ് ഒപ്പുശേഖരണകർത്താക്കളുടെ ആശ്ചര്യാവഹമായ വിജയത്തിന്റെ രഹസ്യം. "സ്റ്റോക്ക്ഹോം സമാധാനസന്ദേശവാഹകനും ഇൻഡ്യൻ സമാധാന കമ്മിററിയുടെ ജനറൽ സിക്രട്ടറിയുമായ" ശ്രീ കൃഷ്ണൻ ചന്ദർ കഴിഞ്ഞ ഡിസംബർ 31-ാംനു മുപ്പതിലധികം പത്രപ്രതിനിധികൾ പങ്കെടുത്ത ഒരു പ്രസ്സ്കോൺഫറൻസു നടത്തിയശേഷം തിരുവനന്തപുരം, കൊല്ലം, കോട്ടയം, ആലപ്പുഴ, വൈക്കം, ചേർത്തല, എറണാകുളം മുതലായ പട്ടണങ്ങൾ സന്ദർശിച്ച്, പത്രാധിപന്മാർ, രാഷ്ട്രീയ നേതാക്കന്മാർ, സമുദായനേതാക്കന്മാർ, തൊഴിലാളി നേതാക്കന്മാർ, കച്ചവടക്കാർ, വ്യവസായികൾ മുതലായി നാല്പതോളം പ്രമുഖവ്യക്തികളെ സമീപിച്ച് സമാധാനസന്ദേശം നൽകുകയും, സ്റ്റോക്ക്ഹോം അഭ്യർത്ഥനയിൽ അവരുടെ ഒപ്പുകൾ വാങ്ങുകയും ചെയ്തുവത്രെ. ഇവരിൽ ശ്രീമതി ആനിമസ്ക്രീൻ (മുൻമന്ത്രിണി), ശ്രീ. ടി. എം. വർഗ്ഗീസ് (അസംബ്ലി സ്പീക്കർ), ശ്രീ എ. വി. ജോർജ്ജ് (കേരളഭൂഷണം പത്രാധിപർ) എന്നിവർ ഉൾപ്പെടുന്നുണ്ടെന്നു ഒപ്പുശേഖരണപ്രസ്ഥാനത്തിൽ മുന്നിട്ടുനില്ക്കുന്ന ഒരു പത്രം പ്രസ്താവിക്കുന്നു.

### റഷ്യയുടെ സൈനികശക്തി

അറേറാമിക് ആയുധങ്ങൾമാത്രം നിരുപാധികം നിരോധിക്കണമെന്നും അതുമാത്രം ഉപയോഗിക്കുന്ന ഏതു ഗവർമ്മെൻറും മനുഷ്യരാശിക്കെതിരായി മഹാപാതകമാണതുവഴി ചെയ്യുന്നതെന്നും, പ്രസ്തുത ഗവർമ്മെൻറിനെ ഒരു യുദ്ധകുററവാളിയായി കണക്കാക്കണമെന്നും ഉള്ള അഭ്യർത്ഥന ഏററവും അർത്ഥവത്താണ്. അതിൽനിന്നുതന്നെ, ശ്രീ നെഹ്റു പറഞ്ഞതുപോലെ, അഭ്യർത്ഥനയിൽ ഒളിഞ്ഞുകിടക്കുന്ന തന്ത്രം നിഷ്പ്രയാസം ഗ്രഹിക്കാം. അറേറാമിക് ആയുധശേഖരം വളരെയധികം കൈവശമുള്ളതും അവയെ എണ്ണത്തിലും ശക്തിയിലും വർദ്ധിപ്പിക്കുവാൻ ഭീമമായ തുകകൾ ചെലവുചെയ്തുകൊണ്ടിരിക്കുന്നതും അമേരിക്കയാണെന്നു പ്രസിദ്ധമാണല്ലോ. റഷ്യക്കും ഈ ആയുധശേഖരമുണ്ടെന്നു പറയപ്പെടുന്നുണ്ട്. എങ്കിലും ആ വിഷയത്തിൽ അമേരിക്കയോടു കിടപിടിക്കുവാൻ റഷ്യക്ക് ഇപ്പോൾ സാദ്ധ്യമല്ലെന്നാണ് വസ്തു. റഷ്യ കഴിഞ്ഞ ലോകമഹായുദ്ധത്തിനുശേഷം പ്രത്യേകിച്ചും സാമ്രാജ്യമോഹത്താൽ പ്രേരിതയായി ഇതരരാജ്യങ്ങളെ പ്രത്യക്ഷമായ ആക്രമണങ്ങൾ കൂടാതെതന്നെ സ്വന്തം പാടിയിലാക്കിക്കൊണ്ടു പോരുകയാണ്. കിഴക്കെ യൂറോപ്പു മുഴുവനും റഷ്യയുടെ പിടിയിൽ അമർന്നുകഴിഞ്ഞു. പശ്ചിമയൂറോപ്പാണ് ഇനിയത്തെ ലക്ഷ്യം. ആ ഭൂഭാഗം കൈവശപ്പെടുത്തുവാൻവേണ്ടി സൈന്യസജ്ജീകരണങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു. അവയെ തടുത്തുനില്ക്കുവാനു പശ്ചിമയൂറോപ്യൻ രാജ്യങ്ങൾക്ക് അമേരിക്കയുടെ സഹായത്തോടുകൂടിത്തന്നെയും ഇപ്പോൾ സാദ്ധ്യമല്ലാതാണിരിക്കുന്നത്. ബ്രിട്ടീഷ് പ്രധാനമന്ത്രി മിസ്റ്റർ ആററ്ലി ജനുവരി 29-ാംനു ചെയ്ത പ്രസംഗത്തിൽ സോവ്യററ് സൈനികശക്തിയെ പരാമർശിച്ച് ഇപ്രകാരം പ്രസ്താവിച്ചു: "ജനാധിപത്യരാഷ്ട്രങ്ങൾക്ക് മതിയായ സൈനികബലമില്ലാതിരിക്കുന്നപക്ഷം അവയുടെ നില അപകടത്തിലായിത്തീരുമെന്നു സോവ്യററ് യൂണിയന്റെ നയപരിപാടികൾ വ്യക്തമാക്കുന്നു. റഷ്യക്കും ഇന്നു പ്രബലമായ ഒരു പീരങ്കിപ്പടയുടെ പിൻബലമുള്ള 175 ഡിവിഷൻ സൈന്യമുണ്ട്. സോവ്യററിന്റെ അധീനതയിൽ ഇപ്പോഴുള്ള ടാങ്കുകളുടെ സംഖ്യ 25,000 വരും. റഷ്യൻ സായുധസേനയിൽ ഇപ്പോൾ മൊത്തം 2,800,000 ഭടന്മാരുണ്ട്. വിപുലമായ തോതിൽ സൈനികശേഖരം ആരംഭിക്കുന്നപക്ഷം സൈന്യത്തിന്റെ സംഖ്യ ഇതിന്റെ ഇരട്ടിയായി വർദ്ധിപ്പിക്കാൻ സോവ്യററുയൂണിയനു നിഷ്പ്രയാസം സാധിക്കും. സോവ്യററിന്റെ അധീനതയിലുള്ള വിമാനങ്ങളുടെ എണ്ണം 20,000 ആണ്. ലോകത്തിൽ ഏററവും കൂടുതൽ സബ്മറൈൻ കപ്പലുകൾ റഷ്യക്കാണുള്ളത്. സോവ്യററുറഷ്യയിൽ വൻപിച്ച സായുധസേന സംരക്ഷിക്കപ്പെടുന്നതുമൂലം അയൽരാജ്യങ്ങളിൽ വലുതായ ഉൽക്കണ്ഠ ഉളവായിരിക്കുന്നു. ലോകപ്രശ്നങ്ങൾക്കു പരിഹാരമുണ്ടായിക്കാണണമെന്നു റഷ്യക്കു ആഗ്രഹമില്ലെന്ന നിഗമനത്തിലാണ് ഈ പരിതസ്ഥിതികൾമൂലം നാം ചെന്നെത്തുന്നത്. സമാധാനം സംസ്ഥാപിതമാകണമെന്നു റഷ്യ വിചാരിക്കുന്നില്ല. ലോകത്തിൽ അസ്വസ്ഥത സൃഷ്ടിക്കണമെന്നതാണ് റഷ്യയുടെ നയമെന്നു തോന്നുന്നു. ഇപ്പോഴത്തെ റഷ്യൻ ഭരണാധികാരികൾ സാമ്രാജ്യപ്രഭുത്വം പുലർത്തിക്കൊണ്ടിരുന്നവരുടെ അനന്തരാവകാശികൾ തന്നെയാണ്. സാമ്രാജ്യപ്രഭുത്വത്തിൽ സ്റ്റാലിൻ സാർചക്രവർത്തികളെ അതിശയിക്കുന്നുണ്ട്. കൊറിയായിലെ യുദ്ധം സംബന്ധിച്ചു റഷ്യക്ക് ചില പ്രത്യേകോദ്ദേശങ്ങളുള്ളതായിക്കാണുന്നു. സൈന്യങ്ങളെ കൊറിയായിലേക്ക് അയക്കുന്നതുമൂലം യൂറോപ്പിൽ പശ്ചിമരാഷ്ട്രങ്ങളുടെ ശക്തി കുറഞ്ഞുകാണാൻ റഷ്യ ആഗ്രഹിക്കുന്നു."

സോവ്യററുറഷ്യയും പശ്ചിമശക്തികളും ചേർന്നുള്ള സമാധാനസന്ധികളിൽ മുമ്പിലത്തെ ശത്രുരാജ്യങ്ങൾക്കുണ്ടെന്നു കണക്കാക്കപ്പെട്ടിരുന്നതിൽ വളരെ കൂടുതൽ സേനകൾ റഷ്യയുടെ ആഭിമുഖ്യത്തിൽ ഇപ്പോൾ അവിടങ്ങളിൽ സജ്ജമാക്കപ്പെട്ടിട്ടുണ്ട്. മൊത്തത്തിൽ അവയ്ക്കു 2,000ത്തിൽപ്പരം ടാങ്കുകൾകാണും. പോളണ്ടിനു 500,000, റൊമേനിയാക്കും ചെക്കൊസ്ലോവാക്കിയാക്കും 250,000 വീതം, ബൾഗേറിയാക്കും ഹങ്കറിക്കും 650,000 വീതം, അൽബേനിയാക്ക് 60,000 ഭടന്മാർ ഉണ്ടെന്നാണ് കണക്ക്. ഇതിനുപുറമെ 750,000 സുശിക്ഷിതരക്ഷാസേനകളും അവർക്കുണ്ട്.

ഇങ്ങനെയുള്ള റഷ്യ പശ്ചിമയൂറോപ്യൻ രാജ്യങ്ങളെയും, തുടർന്ന് അമേരിക്കയെയും ആക്രമിക്കുവാൻ മടിക്കുന്നതു് അമേരിക്കയുടെ അറേറാമിക് ആയുധശേഖരണത്തിന്റെ ഭയം ഒന്നുകൊണ്ടുമാത്രമാണ്. അതു നിരുപാധികം നിരോധിച്ചാൽ റഷ്യക്കു പിന്നെയൊന്നും ഭയപ്പെടാനില്ല. ഇതാണ് സ്റ്റോക്ക്ഹോം സമാധാനാഭ്യർത്ഥനയുടെ ഉള്ളിൽ മറഞ്ഞുകിടക്കുന്ന തന്ത്രം.

### സോവ്യററ് നിർദ്ദേശത്തിനു മറുപടി

അമേരിക്കയുടേയും ബ്രിട്ടന്റെയും ഫ്രാൻസിന്റെയും അധീനതയിലുള്ള പശ്ചിമജർമ്മനിയുടെ പുനരായുധീകരണത്തെ സംബന്ധിച്ചും മററും കഴിയുന്നത്ര വേഗത്തിൽ തങ്ങളൊരുമിച്ചു ഒരു ചതുശ്ശക്തിസംഭാഷണം നടത്തണമെന്ന നിർദ്ദേശം റഷ്യ അവർക്കു നല്കിയിട്ട് കുറെ ദിവസങ്ങളായി. അതിനു അവരുടെ സംയുക്തമറുപടി ഫെബ്രുവരി 19-ാംനു അവർ നൽകി. ഇപ്പോൾ നിലവിലിരിക്കുന്ന വിഷമാവസ്ഥയുടെ കാരണം പറഞ്ഞിരിക്കുന്നതു് "ഒന്നാമതായി സോവ്യററ് യൂണിയൻ ഗവർമ്മെൻറ് യുദ്ധാനന്തരം സ്വീകരിച്ചുപോന്ന സാമാന്യമായ നില" ആണെന്നാണ്. "പശ്ചിമജർമ്മനിയിൽ യാതൊരു ജർമ്മൻ സൈനികശക്തിയോ യാതൊരു ജർമ്മൻ യുദ്ധവ്യവസായമോ സ്ഥിതിചെയ്യുന്നില്ലെന്നും, യൂറോപ്പിലെ പ്രസ്തുത ഭാഗം സാക്ഷാൽ നടന്നിട്ടുള്ളതു് സോവ്യററുചേരിയിലുള്ള രാജ്യങ്ങളിൽ സമാരംഭിച്ചതും കിഴക്കെ ജർമ്മനിയിൽ സൃഷ്ടിക്കപ്പെട്ട സൈന്യങ്ങളിലേക്കു വ്യാപിപ്പിച്ചതുമായ ബൃഹത്തായ യുദ്ധോപകരണസഞ്ചയമാണെന്നും" ഫ്രെഞ്ചു ഗവർമ്മെൻറിന്റെ മറുപടിയിൽ ഊന്നിപ്പറയുന്നു. പശ്ചിമയൂറോപ്പിലെ സ്വതന്ത്രരാജ്യങ്ങളും അമേരിക്കയുംകൂടി യോജിച്ചുള്ള പ്രതിരോധപരിപാടികളെപ്പററി ആ മറുപടിയിൽ പറഞ്ഞിരിക്കുന്നതിങ്ങനെയാണ്:— "സോവ്യററ് യൂണിയനും അതിന്റെ പിടിയിലമർന്നിരിക്കുന്ന രാഷ്ട്രങ്ങളും സംരക്ഷിച്ചുപോരുന്ന വിപുലമായ സൈനികശക്തികളെ അഭിമുഖീകരിക്കേണ്ടിവരുന്നതിനാലും, ഐക്യരാഷ്ട്രസമിതിയിലെ ബഹുഭൂരിപക്ഷമംഗങ്ങളും ആയുധസജ്ജീകരണത്തെ ഫലപ്രദമായി നിയന്ത്രിക്കുവാനും കുറയ്ക്കുവാനും ചെയ്ത പരമാർത്ഥമായ ശ്രമങ്ങളെ സോവ്യററ് ഗവർമ്മെൻറ് വിഫലീഭവിപ്പിച്ചതിനാലും, ലോകത്തിലിപ്പോൾ നിലവിലിരിക്കുന്ന സൈനികശക്തികളുടെ ഭീമമായ അതുല്യത പരിഹരിച്ചു സ്വയരക്ഷ സാധിക്കുവാൻ അവശ്യം ആവശ്യകമായതു് ചെയ്യാതെ പശ്ചിമസ്വതന്ത്രരാഷ്ട്രങ്ങൾക്കു ഗത്യന്തരമില്ലെന്നു ലോകക്കു പൊതുവിലും സോവ്യററ് ഗവർമ്മെൻറിനും സ്പഷ്ടമായി അറിയാവുന്നതാണ്."

അമേരിക്കയുടെ മറുപടിയിൽ പറഞ്ഞിരിക്കുന്നതു് ചതുശ്ശക്തികളുടെ സമാധാനസംഭാഷണത്തിനുള്ള കത്തിടപാടുകളിൽ റഷ്യ പ്രയോഗിച്ചിരിക്കുന്ന തന്ത്രങ്ങൾ "സോവ്യററ് ഗവർമ്മെൻറിനു് ഒരു കോൺഫറൻസ് നടക്കുന്ന കാര്യത്തിൽ താല്പര്യമില്ലെന്നുള്ള ബലമായസംശയം" ജനിപ്പിച്ചിരിക്കുന്നു എന്നാണ്. "കഴിഞ്ഞ കാലത്തെ അനുഭവവും ഇപ്പോഴത്തെ ധാരണയുംനിമിത്തം അമേരിക്കയ്ക്കു് സോവ്യററ് ഗവർമ്മെൻറിന്റെ സദുദ്ദേശത്തിൽ സംശയം ഉളവായിരിക്കുന്നു." കിഴക്കെ ജർമ്മനിയിലും പോളണ്ടിലും തന്നെ റഷ്യക്കിപ്പോൾ പരിപൂർണ്ണമായി സായുധീകൃതവും യന്ത്രീകൃതവുമായ 35 ഡിവിഷൻ സൈന്യങ്ങളുണ്ട്. "പശ്ചിമശക്തികൾ പശ്ചിമജർമ്മനിയെ സായുധീകരിക്കുന്നെന്നു് റഷ്യ ഊന്നിപ്പറയുന്നു. എന്നാൽ അവരങ്ങനെ ചെയ്യുന്നില്ല. കിഴക്കേ യൂറോപ്പിനെ തങ്ങൾ സായുധീകരിക്കുന്നില്ലെന്നു റഷ്യ ഊന്നിപ്പറയുന്നു. എന്നാൽ അവരങ്ങനെ ചെയ്യുന്നുണ്ട്. തന്മൂലം കോൺഫറൻസിൽ ചർച്ചാവിഷയം ജർമ്മനിയെ നിരായുധീകരിക്കുന്ന പ്രശ്നംമാത്രമാക്കുകയോ അതു പ്രധാനപ്രശ്നംതന്നെയാക്കുകയോ ചെയ്യുന്നതു് അസംബന്ധമാകുന്നു. കൊറിയായിലും ഇൻഡോചൈനായിലും ഓരോ യുദ്ധം നടക്കുന്നുണ്ടെന്നുള്ള വസ്തുതയും, ആ യുദ്ധങ്ങൾക്കും അവമൂലമുള്ള വിഷമാവസ്ഥകളും കമ്മ്യൂണിസ്റ്റു രാഷ്ട്രങ്ങളും ഡെമൊക്രാററിക് രാഷ്ട്രങ്ങളും തമ്മിലുള്ള വ്യത്യാസങ്ങളോടു ബന്ധമുള്ളതാണെന്നുള്ള വസ്തുതയും കോൺഫറൻസിൽ അവഗണിക്കാനാണ് റഷ്യ ഇഷ്ടപ്പെടുന്നതു്."

ചുരുക്കിപ്പറഞ്ഞാൽ റഷ്യയുടെ ഉദ്ദേശം സമാധാനമല്ല, പ്രത്യുത യുദ്ധമാണ്. എന്നാൽ ജയിക്കുമെന്നു തീർച്ചയുണ്ടാകുന്നതുവരെ റഷ്യ എടുത്തുചാടുകയില്ല. അതിനിടയിൽ റഷ്യയെ അമർത്താൻ കഴിയുന്ന ഏകമാർഗ്ഗമായ അറേറാമിക് ആയുധങ്ങളെ നിരുപാധികം നിരോധിച്ചുകിട്ടണം. അതിനനുകൂലമായ ലോകാഭിപ്രായം സൃഷ്ടിക്കുവാനുള്ള തന്ത്രമാണ് സ്റ്റോക്ക്ഹോം സമാധാനാഭ്യർത്ഥന. ഈ വസ്തുത ഗ്രഹിക്കാതെയാണ് കോൺഗ്രസ്സിലെ നേതാക്കന്മാരിൽ പലർതന്നെയും അഭ്യർത്ഥനയിൽ ഒപ്പിടാൻ ഇടയാകുന്നതു്. കഷ്ടമെന്നല്ലാതെ എന്തു പറയട്ടെ!

## പ്രസാധകക്കുറിപ്പുകൾ

### രാജപ്രമുഖന്റെ പ്രസംഗം

ഫെബ്രുവരി 21-ാംനു കൂടിയ നിയമസഭാസമ്മേളനത്തിൽ രാജപ്രമുഖൻ തിരുമനസ്സുകൊണ്ടു ചെയ്ത നയപ്രഖ്യാപനപ്രസംഗത്തിൽ ഇപ്രകാരം പ്രസ്താവിച്ചതായി റിപ്പോർട്ടുചെയ്യപ്പെട്ടിരിക്കുന്നു:— "എന്റെ ഗവർമ്മെണ്ടു സംസ്ഥാനത്തെ വരവിന്റെ ഉദ്ദേശം 25 ശതമാനം വിദ്യാഭ്യാസത്തിനുവേണ്ടി ചെലവുചെയ്തുകൊണ്ടിരിക്കുന്നു. നിർബന്ധിത പ്രാഥമിക വിദ്യാഭ്യാസപദ്ധതി ഇപ്പോൾ സംസ്ഥാനത്തിലെ ഒൻപതു താലൂക്കുകളിൽ പ്രാവർത്തികമാക്കിയിരിക്കുന്നു...... ഈ രാജ്യത്തു പ്രാഥമിക വിദ്യാഭ്യാസം മുതൽ അങ്ങേ അററത്തെ ഘട്ടങ്ങൾവരെയുള്ള വിദ്യാഭ്യാസത്തിന്റെ വികസനത്തിനുവേണ്ടി സ്വകാര്യ ഏജൻസികൾ ചെയ്തിട്ടുള്ള സേവനങ്ങളെ എന്റെ ഗവർമ്മെണ്ടു അംഗീകരിക്കുന്നു. പ്രൈവററു വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കാര്യക്ഷമമായ ഭരണം സുനിശ്ചിതമാക്കുന്നതിനു അത്യന്താപേക്ഷിതമായിടത്തോളമല്ലാതെ അവയുടെ സ്വയംഭരണത്തിൽ ഇടപെടുവാൻ എന്റെ ഗവർമ്മെണ്ടു ഉദ്ദേശിക്കുന്നില്ല. (Government are averse to interfere with the autonomy of private educational institutions except to the extent that is absolutely necessary to ensure their efiicient administr tion)" ശ്രദ്ധേയമായിരിക്കുന്നു

നിലവിലിരിക്കുന്ന ഗവർമ്മെൻറിന്റെ നയം പ്രഖ്യാപിക്കുന്ന കൂട്ടത്തിൽ തിരുമേനി ചെയ്ത ഈ പ്രസ്താവം സുചിന്തിതവും ആത്മാർത്ഥവുമാണെന്നുവേണം വിചാരിക്കുവാൻ. തന്നിമിത്തം അതർഹിക്കുന്ന വില അതിനു കല്പിക്കുകയും ചെയ്യണം. അങ്ങനെയെങ്കിൽ, പ്രസ്തുത പ്രസ്താവം ഏററവും ശ്രദ്ധേയവും സ്വാഗതാർഹവുമായിരിക്കുന്നു. വിദ്യാഭ്യാസത്തിന്റെ പുരോഗതിക്കുവേണ്ടി സ്വകാര്യസ്ഥാപനങ്ങൾ ചെയ്തിട്ടുള്ള സേവനങ്ങളെ ഗവർമ്മെൻറു അംഗീകരിക്കുന്നതോടൊപ്പം അവയുടെ നടത്തിപ്പിൽ അത്യന്താപേക്ഷിതമായിടത്തോളം മാത്രമേ (absolutely necessary) ഗവർമ്മെൻറു കൈകടത്തുകയുള്ളുവെന്നും തിരുമനസ്സുകൊണ്ടു പ്രഖ്യാപിച്ചിരിക്കുന്നു. ആ സ്ഥിതിക്ക് 80 ശതമാനം കെട്ടിവയ്ക്കൽ, അദ്ധ്യാപകലിസ്റ്റ് എന്നിവ സംബന്ധിച്ചു പുതിയ വിദ്യാഭ്യാസപദ്ധതിയിൽ കൊള്ളിച്ചിട്ടുള്ള വ്യവസ്ഥകൾ പ്രൈവററ് വിദ്യാലയങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പിനു് അത്യന്താപേക്ഷിതമാണോ എന്ന ചോദ്യം ഉദിക്കുന്നു. അതു അത്യന്താപേക്ഷിതമല്ലെന്നു ഇതിനകം ഈ പത്രത്തിലും മററു കത്തോലിക്കാപത്രങ്ങളിലും പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ലേഖനങ്ങളിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ളതാണ്. മുൻവിധി കൂടാതെ, നേർവഴി ചിന്തിക്കുന്ന ഇൻഡ്യയിലെ പത്രാധിപന്മാർ ഉൾപ്പെടെയുള്ള പല പ്രമുഖവ്യക്തികളും അതു സമ്മതിച്ചിട്ടുള്ളതുമാണ്.

## മദ്രാസ്മെയിലിന്റെ അഭിപ്രായം

ഏതുസംബന്ധമായി മദ്രാസ്മെയിൽ ഫെബ്രുവരി 23-ാംനു പ്രസിദ്ധപ്പെടുത്തിയ മുഖപ്രസംഗത്തിന്റെ ഒരു ഭാഗം (പരിഭാഷ) താഴെ ചേക്കുന്നു: "വിദ്യാഭ്യാസനിയന്ത്രണാർത്ഥം സ്വീകരിച്ച പുതിയനയത്തിലും ഗവമ്മെൻറ് വഴിപിഴച്ചുപോയിരിക്കുന്നു. "ഈ രാജ്യത്തെ വിദ്യാഭ്യാസപുരോഗതിക്കായി പ്രൈവററ് ഏജൻസികൾ ചെയ്തുപോരുന്ന സേവനങ്ങളെ ഗവമ്മെൻറു അംഗീകരിച്ചിരിക്കുന്നു"വെന്നു രാജപ്രമുഖൻ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും അനൗദ്യോഗിക ഏജൻസികൾ നടത്തിപ്പോരുന്ന വിദ്യാലയങ്ങളുടെ മാനേജമെൻറിൽ കൈകടത്തി ആ നയത്തിൽനിന്നും ഗവമ്മെൻറ് തോന്ന്യാസമായി വ്യതിചലിച്ചുപോയിരിക്കുകയാണ്. പ്രൈവററ് ഏജൻസികൾക്ക് തങ്ങളുടെ വിദ്യാസ്ഥാപനങ്ങളുടെ ആശാസ്യമായ പ്രവത്തനത്തിനും വളർച്ചയ്ക്കും അവശ്യാവശ്യമായ അവകാശങ്ങൾ ഇപ്പോൾ നിഷേധിക്കപ്പെട്ടിരിക്കുകയാണ്. തങ്ങൾക്ക് ഇഷ്ടമുള്ള അദ്ധ്യാപകന്മാരെ തിരഞ്ഞെടുക്കുവാൻ പ്രൈവററ് ഏജൻസികളെ അനുവദിക്കുന്നില്ല; ഗവമ്മെൻറുണ്ടാക്കുന്ന ഒരു ലിസ്റ്റിൽനിന്നു വേണം അവർ അദ്ധ്യാപകതിരഞ്ഞെടുപ്പു നടത്തുവാൻ; അങ്ങനെ നിയമിക്കപ്പെടുന്ന അദ്ധ്യാപകന്മാർ മാനേജ്മെൻറുകളുടെ ശിക്ഷണത്തിനു വിധേയമായിരിക്കുമെന്നോ മാനേജമെൻറുകളോടു കൂറുള്ളവരായിരിക്കുമെന്നോ പ്രതീക്ഷിക്കാവുന്നതുമല്ല. ഗവമ്മെൻറുതന്നെ മാനേജ്മെൻറുകളുടെ കീഴിലുള്ള അദ്ധ്യാപകന്മാക്കു ശമ്പളം കൊടുക്കാൻവേണ്ടി, മാനേജ്മെൻറുകൾ തങ്ങളുടെ ഫീസ്പിരിവിൽ ചെറിയൊരുതുക ഒഴിച്ചു ബാക്കിയുള്ളതു മുഴുവൻ ഗവമ്മെൻറിനു അടിയറവയ്ക്കണം. ഈ ഏർപ്പാടു് നിഷ്ഠുരമാണ്; വിദ്യാലയങ്ങളെ വക്രസമ്പ്രദായങ്ങൾകൊണ്ടു് രാഷ്ട്രസാൽകരിക്കുന്നതിന്റെ മുന്നോടിയാണതെന്നു മാനേജമെൻറുകളും അദ്ധ്യാപകരും പരിഗണിക്കുകയും ചെയ്യുന്നു." ഈദൃശപ്രസ്താവങ്ങളുടെ വെളിച്ചത്തിൽ, ഗവമ്മെൻറ് ഇപ്പോഴത്തെ വിദ്യാഭ്യാസപദ്ധതി മുന്നോട്ടുകൊണ്ടുപോകുന്നതിൽ മക്കാമുഷ്ടിപിടിക്കാതെ, ഹൃദയവിശാലതയോടും നീതിനിഷ്ഠയോടുംകൂടി ഒരനുരഞ്ജനനയം സ്വീകരിച്ചു പ്രൈവററ് വിദ്യാലയപ്രവത്തകരുടെ ന്യായമായ അവകാശങ്ങളേയും രാജ്യത്തിന്റെ ഉത്തമതാല്പര്യങ്ങളേയും ഗവമ്മെൻറിന്റെതന്നെ സൽപ്പേരിനേയും സംരക്ഷിക്കേണ്ടതു അത്യന്താപേക്ഷിതമാണെന്നു സുതരാം വ്യക്തമാകുന്നില്ലയോ?

## സത്യദീപം വരിസംഖ്യ

| | | |
|---|---|---|
| പ്രതിവർഷം അഞ്ചൽ | ക. | 6—0—0 |
| പ്രതിവർഷം തപാൽ | ,, | 6—8—0 |
| ഇൻഡ്യക്കു പുറമെ | ,, | 8—0—0 |
| ഒററപ്രതി | | 0—2—0 |

## ഇടവകവാർത്തകൾ

ഫെബ്രുവരി 8-ാംനു പാവർട്ടി ക്രിസ്തുരാജമഠത്തിനോടനുബന്ധിച്ചു നടത്തപ്പെടുന്ന അനാഥശാലയുടെ ഒരുഭാഗം എങ്ങനെയോ അഗ്നിക്കിരയായിരിക്കുന്നു.

—ചിറക്കടവു്: സെൻറ് എഫ്റേംസ് സൺഡേസ്കൂൾ വാർഷികം റവ. ഫാ. ജോസഫ് കരിയിക്കാട്ടിൽ അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. ശ്രീ എബ്രഹാം ഡി. ഒററപ്ലാക്കൽ ബി. ഏ. പ്രസംഗിച്ചു.

—തൃപ്പൂണിത്തുറ: മരിയാസഖ്യത്തിന്റെ 20-ാംവാർഷികം ഫെബ്രുവരി 18 ാംനു റവ. ഫാ. ആൻറണി സി. ഡി. എം. എ. അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. ശ്രീ കെ. എക്സ്. ജോൺ ബി. എ. (ഓണേഴ്സ്) പ്രസംഗിച്ചു. യോഗാനന്തരം "മോചനം" എന്ന പ്രഹസനം അഭിനയിക്കപ്പെട്ടു.

—വിൻസെൻറ് ഡി പോൾ സംഘം തൃശ്ശൂർ രൂപതാ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 18-ാംനു കാലത്തു് ഒരു കൗൺസിൽ യോഗവും ഉച്ചതിരിഞ്ഞു് റൈററ് റവ. മോൺ. ആൻറണി പുതുശേരി അവർകളുടെ അദ്ധ്യക്ഷതയിൽ പൊതുയോഗവും ചേരുകയുണ്ടായി.

—കടുത്തുരുത്തി താഴത്തു പള്ളി ഇടവകയിൽ സ്ഥാപിതമായിരിക്കുന്ന വിൻസെൻറ് ഡി പോൾ സഖ്യത്തിന്റെയും ചെറുപുഷ്പ മിഷൻ സഖ്യത്തിന്റെയും ഒരു സംയുക്ത വിശേഷാൽ യോഗം ഫെബ്രുവരി 18-ാംനു റവ. ഫാ. മാത്യു മൂരക്കാട്ടു അവർകളുടെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. മെ. ജോസഫ് ചക്കുങ്കൽ ബി. എ. ബി. എൽ; ബി. ടി., വറുഗീസ് കാഞ്ഞിരത്തുങ്കൽ എന്നിവർ പ്രസംഗിച്ചു.

—തിരുവനന്തപുരം: ലൂയിസ് കാത്തലിക് ഹോസ്റ്റലിലെ വാർഷിക സോഷ്യൽ ഫെബ്രുവരി 18-ാംനു തിരുവനന്തപുരം മെത്രാൻ റൈററ് റവ. ഡോക്ടർ വിൻസെൻറ് ഡെരേറെ തിരുമേനിയുടെ സാന്നിദ്ധ്യത്തിൽ നടന്നിരിക്കുന്നു. മി. വി. നാരായണപിള്ള എം. എ. ബി. എൽ. ടോസ്റ്റ് പ്രസംഗം ചെയ്കയും മി. ആൻസലം ആസ്റ്റിൻ എം. എസ്സി. മറുപടിപ്രസംഗം ചെയ്കയും ചെയ്തു.

—പെരിനാട്ട് മുണ്ടയ്ക്കൽ പള്ളിയിലെ ദർശനത്തിരുനാൾ പ്രമാണിച്ചു് ഫെ



വി. മരിയഗൊരേത്തിയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യങ്ങൾ സാധിച്ചതിനു് ഉപകാരസ്മരണ.

Mrs. Chandy,
Puthranthandu Estate,
Thodupuzha

ബ്രുവരി 20-ാംനു ശ്രീ ജോസഫ് കൈമാപ്പറമ്പൻ ഒരു കഥാപ്രസംഗം ചെയ്തിരിക്കുന്നു.

—കുളത്തൂർ: ചെറുപുഷ്പ മിഷൻലീഗ്, കത്തോലിക്കാകോൺഗ്രസ്, സൊഡാലിററി, സൺഡേസ്കൂൾ എന്നിവയുടെ സംയുക്തവാർഷികം ഫെബ്രുവരി10-ാം തീയതി തിരുവല്ലാമെത്രാൻ മാർ സെവേരിയോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ നടന്നിരിക്കുന്നു. റവ. ഡോക്ടർ ജോസഫ് ഏറുമാനൂക്കാരൻ, ബ്രദർ പി. സി. എബ്രഹാം എന്നിവർ പ്രസംഗിച്ചു

—അമ്പാറനിരപ്പേൽ: ചെറുപുഷ്പ മിഷൻ ലീഗ്, സി. എ. സി., കത്തോലിക്കാകോൺഗ്രസ് എന്നിവയുടെ സംയുക്തവാർഷികം മാർച്ച് 4-ാംനു റവ. ഫാ. ലിഗോരിയോസ് സി. ഡി., ബി. എ. ബി. ടി. അവർകളുടെ അദ്ധ്യക്ഷതയിൽ കൂടുന്നതും ശ്രീ എ. ഒ. ജോസഫ് എം. എ. എൽ. ടി., ശ്രീമതി അന്നക്കുട്ടി ബി. എസ്സി. എന്നിവർ പ്രസംഗിക്കുന്നതുമാണ്. ലീഗിൽനിന്നും ഇക്കൊല്ലം 6 അംഗങ്ങൾ മിഷനു പോയിട്ടുള്ളതായറിയുന്നു.

—മാർവെട്ടം: നോമ്പിലെ എല്ലാ ഞായറാഴ്ചയും പ്രസംഗങ്ങൾ നടത്തിവരുന്നു. അടുത്തുവരുന്ന ഞായറാഴ്ചകളിൽ യഥാക്രമം റവ. ഫാ. ലേത്തൂസ് സി. ഡി., റവ ഫാ. ഫ്റാൻസിസ് കാളാശേരി എം. എ., റവ. ഫാ. കുരുവിള മല്ലക്കേരി എന്നിവർ പ്രസംഗിക്കുന്നതായിരിക്കും.

## നാല്പതുമണിയാരാധന

എറണാകുളം ഉണ്ണിമിശിഹാ പള്ളിയിൽ ആണ്ടുതോറും പതിവുള്ള നാല്പതുമണിയാരാധന അടുത്ത വെള്ളി, ശനി, ഞായർ (മാർച്ച് 2, 3, 4) എന്നിദിവസങ്ങളിൽ നടത്തപ്പെടുന്നതാണ്.

ഫാത്തിമാബാലസമിതി

# കുരിശുകൾ

പ്രിയകുഞ്ഞുങ്ങളേ,

ഈ ആഴ്ചയിലത്തെ നിങ്ങളുടെ ചിന്തയ്ക്കു് വിഷയമാകേണ്ടതു് ദുഃഖകരമായ രഹസ്യങ്ങളിൽ നാലാമത്തേതാണ്. "പരിശുദ്ധ ദേവമാതാവേ, നിന്റെ തിരുക്കുമാരൻ മരണത്തിനു് വിധിക്കപ്പെട്ടു് ഭാരമായ സ്ലീവാമരം ചുമന്നുകൊണ്ടു്, ഗാഗുൽത്താമലയിലേക്കു പോകുന്നതിന്മേൽ ധ്യാനിക്കുന്ന ഞങ്ങൾ ദുഃഖസങ്കടമെന്ന സ്ലീവായെ ക്ഷമയോടുകൂടി ചുമന്നുകൊണ്ടു് തന്നെ പിഞ്ചെല്ലുവാൻ കൃപ ചെയ്യേണമെ."

പൈശാചികമായ പല ക്രൂരപ്രവൃത്തികൾക്കും യഹൂദന്മാർ ഈശോയെ ഇതിനകം വിധേയനാക്കിയിരുന്നു. അവയിൽ പ്രധാനപ്പെട്ട രണ്ടെണ്ണം മാത്രമാണ് കൽത്തൂണിൽകെട്ടി അടിച്ചതും, അങ്ങേ മുൾമുടി ധരിപ്പിച്ചതും. എന്നാൽ ഇവകൊണ്ടൊന്നും ആ മനുഷ്യചെന്നായ്ക്കൾക്കു തൃപ്തിവന്നില്ല. അവരുടെ ദ്വേഷം ഒന്നിനൊന്നു വർദ്ധിച്ചുവരികമാത്രമേ ചെയ്തുള്ളു. ഏററവും നിഷ്ഠുരമായ ഒരു മരണത്തിനു് ഈശോയെ അധീനനാക്കാതെ അവർ അടങ്ങുകയില്ല എന്ന മട്ടിലായി. ഈശോ നിരപരാധിയാകുന്നുവെന്നു് മൂന്നുപ്രാവശ്യം പരസ്യമായി പ്രഖ്യാപനംചെയ്ത വിധിയാളനായ പീലാത്തോസിൽനിന്നുതന്നെ, ഈശോയെ കൊല്ലുന്നതിനുള്ള അനുമതിയും അവർ സമ്പാദിച്ചു. ഇതുതന്നെയായിരുന്നു ആരംഭംമുതൽ അവർ ആഗ്രഹിച്ചതും.

റോമാക്കാരുടെ നിയമപ്രകാരം മരണശിക്ഷയ്ക്കു വിധിക്കപ്പെട്ടിരുന്നവക്കു് പത്തുദിവസവും, അതിൽ കൂടുതലും അവധി നൽകുകയും, ആ സമയം അവരെ കരുണാപൂർവ്വം സംരക്ഷിക്കുകയും ചെയ്കപതിവായിരുന്നു. എന്നാൽ ഈശോയുടെ സംഗതിയിൽ ഇപ്രകാരമുള്ള യാതൊരു താമസത്തിനും ഇടകൊടുക്കാതെ ഉടനെതന്നെ ശിക്ഷാവിധി നടത്തുന്നതിനുള്ള ഒരുക്കങ്ങൾ ആരംഭിക്കുകയാണ് യഹൂദന്മാർ ചെയ്തതു്. കുപിതനായ സിംഹത്തിന്റെ വായിൽപ്പെട്ട കുഞ്ഞാടിനു് തുല്യനായിത്തീന്നു ഈശോമിശിഹാ. പ്രതികാരേച്ഛയും അഹംഭാവവുംകൊണ്ടു് മദോന്മത്തന്മാരായ ശത്രുഭടന്മാക്കു് അധീനമായ നഗരത്തിനു തുല്യമായി അവിടുത്തെ സ്ഥിതി.

എത്രയും ദുസ്സഹമായ മരണവേദനകൾ ഈശോയെ അനുഭവിപ്പിക്കുന്നതിനുവേണ്ടി ഭയങ്കരതരമായ ഒരു കുരിശു യഹൂദന്മാർ ഒരുക്കുന്നു. അവിടുത്തെ ധരിപ്പിച്ചിരുന്ന ചുവന്ന വസ്ത്രം അവർ പറിച്ചു മാററുന്നു. ഇതുനിമിത്തം ദേഹമെല്ലാം വ്രണങ്ങൾ നവമായി തുറക്കപ്പെടുകയും രക്തം പ്രവഹിക്കുകയും ചെയ്യുന്നു. അനന്തരം നഗ്നനായ ഈശോയെ അവിടുത്തെ സ്വന്തവസ്ത്രം ധരിപ്പിക്കുന്നു. ഈശോയെ എളുപ്പത്തിൽ ജനസഞ്ചയം മനസ്സിലാക്കുന്നതിനും, അവർ കുറെ മുമ്പു് "ഹോസാന"പാടി സ്തുതിച്ചയാൾ ഇപ്പോൾ വധശിക്ഷയ്ക്കു് യോഗ്യനായി വിധിക്കപ്പെട്ടിരിക്കുന്നു എന്നു് അറിയുന്നതിനുംവേണ്ടിയാണ് യഹൂദന്മാർ ദിവ്യരക്ഷകന്റെ സ്വന്തവസ്ത്രം അങ്ങയെ ധരിപ്പിക്കുന്നതു്. വസ്ത്രം ധരിപ്പിച്ചശേഷം ദിവ്യരക്ഷകനെ തറച്ചുകൊല്ലുന്നതിനു തയ്യാറാക്കിയ ഭയങ്കരമായ ആ കുരിശുമരത്തിന്റെ അടുക്കലേക്കു് അവർ ആനയിക്കുന്നു. കുരിശിനെ കണ്ടക്ഷണത്തിൽ അവിടുന്നു് സന്തോഷപുരസ്സരം അതിനെസമീപിക്കുന്നു. "ലോകത്തിന്റെ രക്ഷയ്ക്കായി എന്റെ പിതാവു് ഒരുക്കിയിരിക്കുന്ന കുരിശേ, നിനക്കു സ്വാഗതം"എന്നു് അരുളിച്ചെയ്തുകൊണ്ടു്, ഏകദേശം പതിനഞ്ചു അടി നീളമുള്ള ആ ഭാരമേറിയ കുരിശിനെ തഴുകി ചുംബിച്ചു സ്വന്ത തോളിന്മേൽ ഏററുന്നു. "ദുഷ്ടന്മാരോടുകൂടെ അദ്ദേഹം എണ്ണപ്പെട്ടു" എന്നുള്ള ഏശായാ ദീർഘദർശിയുടെ പ്രവചനം പൂർത്തിയാകുമാറു് രണ്ടു മഹാ കള്ളന്മാരേയും അവരുടെ കുരിശുകളോടുകൂടെ ദൈവപുത്രനോടൊപ്പം അവർ നിരത്തിനിറുത്തുന്നു. ഗാഗുൽത്തായിലേക്കുള്ള അവമാനപൂർണ്ണമായ യാത്രയ്ക്കുവേണ്ടവയെല്ലാം തയാറായിക്കഴിയുന്നു. അപ്പോൾ കേൾക്കാം ശതാധിപന്റെ കാഹളധ്വനി. അതേത്തുടന്നു ശോകപൂർണ്ണമായ പ്രദക്ഷിണം അനുക്രമമായി ഇളകിത്തുടങ്ങുന്നു.

പ്രസ്തുത ശോകയാത്രയിൽ പ്രാധാന്യം അർഹിക്കുന്ന പല സംഭവങ്ങളും നടക്കുന്നു. ഈശോ ബലഹീനനായി മൂന്നു പ്രാവശ്യം കുരിശിനോടുകൂടി നിലത്തുവീഴുന്നു. എങ്കിലും നിരാശനാകാതെ സന്തോഷത്തോടുകൂടി വീഴ്ചയിൽനിന്നും എഴുന്നേല്ക്കുന്നു. ദുഃഖിതയായ തന്റെ വാത്സല്യമാതാവിനെ വഴിയിൽ വച്ചു് കണ്ടുമുട്ടുന്നു. കുരിശുചുമക്കുന്നതിനു് തന്നെ സഹായിക്കുന്നതിനു് നിയുക്തനായിരുന്ന ശെമവോന്റെ സഹായങ്ങൾ സ്വീകരിച്ചു് അയാളെ അനുഗ്രഹിക്കുന്നു. തന്റെ പീഡാനുഭവത്തിന്റെ ഒരു മായാമുദ്ര അങ്ങയുടെ തിരുമുഖത്തുനിന്നും വെറോനിക്കായുടെ തൂവാലയിൽ പതിച്ചുകൊടുക്കുന്നു. ജനനിബിഡമായ ജറുസലം പട്ടണത്തിന്റെ പ്രധാന തെരുവീഥികളിൽക്കൂടിയുള്ള ഏററവും അപമാനകരവും ക്ലേശാവഹവുമായ ആ ദീർഘമായ ഘോഷയാത്ര ഒടുവിൽ പട്ടണാതിർത്തിക്കു് പുറത്തു സ്ഥിതിചെയ്യുന്ന ഗാഗുൽത്താമലമുകളിൽ എത്തുന്നു.

പ്രിയകുഞ്ഞുങ്ങളേ, ഏററവും അപമാനകരവും, മഹാഭാരമുള്ളതുമായ കുരിശുചുമന്നുകൊണ്ടുള്ള നമ്മുടെ ദിവ്യരക്ഷകന്റെ യാത്ര വിലയേറിയ പല പാഠങ്ങളും നമ്മെ പഠിപ്പിക്കുന്നുണ്ടു്. നമ്മുടെ ജീവിതാന്തംവരെ സമാധാനത്തോടും സന്തോഷത്തോടും കൂടി വത്തിക്കുന്നതിനുള്ള കഴിവാണ് കുരിശുവഹിച്ചുകൊണ്ടുപോകുന്ന ഈശോയുടെ ഓരോ കാലടികളും നമുക്കു് പ്രദാനംചെയ്യുന്നതു്. പരിപൂർണ്ണരാകുന്നതിനു് ആഗ്രഹിക്കുന്നവർ, ദൈവത്തിന്റെ കൂടുതലായ സ്നേഹത്തിനു് അർഹരാകണമെന്നു് ആത്മാർത്ഥമായി കാംക്ഷിക്കുന്നവർ നടക്കേണ്ടവഴിയത്രെ ഈശോ നമുക്കു കാണിച്ചുതന്നിരിക്കുന്നതു്. അങ്ങയുടെ യഥാർത്ഥസ്നേഹിതരും ഉററമിത്രങ്ങളും ആയിത്തീരണമെങ്കിൽ കുരിശിന്റെവഴിയേ അവിടുത്തെ അനുഗമിക്കണമെന്നു് അദ്ദേഹം ആവശ്യപ്പെടുന്നു. ഉല്ലാസപൂർണ്ണമായ ഒരു യാത്രയല്ല അവിടുന്നു് ഉദ്ദേശിക്കുന്നതു്. ഓരോരുത്തനും അവനവന്റെ കുരിശുചുമന്നുകൊണ്ടു് തന്നെ അനുഗമിക്കണമെന്നതാണ് അവിടുത്തെ ആജ്ഞ.

ഓരോതരത്തിലുള്ള കുരിശുകൾ ഓരോരുത്തനും ഉണ്ടാകാം. ചിലക്കു് ശാരീരികമായ ക്ലേശങ്ങൾ; മററുചിലക്കു് മാനസികമായ ക്ലേശങ്ങൾ; ഇനിയും ചിലക്കു് സാമ്പത്തികമായ ദുരിതങ്ങൾ, വേറെ ചിലക്കു് മററുള്ളവരിൽനിന്നും സഹിക്കേണ്ടിവരുന്ന ഉപദ്രവങ്ങൾ; പാഠംപഠിക്കുന്നതിൽ വളരെ ബുദ്ധിമുട്ടേണ്ടിവരുന്നവരും കുറവല്ല. ഇവയെല്ലാം ഓരോ തരത്തിലുള്ള കുരിശുകളാണ്. ഇവയെല്ലാം ഈശോയോടുള്ള സ്നേഹത്തെപ്രതി സന്തോഷത്തോടുകൂടി വഹിക്കുവാൻ കുഞ്ഞുമക്കൾ പരിശ്രമിക്കണം. കുരിശുവഹിക്കുന്ന പുത്രന്റെ ദുഃഖത്തിൽ ഭാഗഭാക്കായ വ്യാകുലമാതാവു് നിങ്ങളുടെ കുരിശുകൾ നന്നായി ചുമക്കുന്നതിനു് നിങ്ങളെ സഹായിക്കട്ടെ.

എന്നു് സ്വന്തം വല്യച്ചൻ

## നിങ്ങൾക്കറിയാമോ?

താഴെ പേർ പറയുന്നവക്കു ലോകചരിത്രത്തിലുള്ള പ്രാധാന്യമെന്തു്?

1) ബിസ്മാക്കു് 2) മഹാനായപീററർ 3) ക്യാപ്ററൻകുക്കു് 4) ഗരിബാൾഡി.

ഉത്തരം

1) ജമ്മൻ സാമ്രാജ്യത്തിന്റെ സ്ഥാപകൻ. 1870-ലെ ഫ്റാങ്കൊ പ്രഷ്യൻ യുദ്ധത്തിൽവച്ചു് ഫ്റഞ്ചുകാരെ തോല്പിച്ചു. 2) റഷ്യയിലെ വിശ്രുതനായ സാർ ചക്രവത്തി. സെൻറ് പീറേറഴ്സ് ബർഗ് എന്ന നഗരം സ്ഥാപിച്ചതു് ഇദ്ദേഹമാണ്. 3) ആസ്ട്രേലിയായും പസിഫിക് സമുദ്രത്തിലെ ന്യൂസിലൻറ് മുതലായ ദ്വീപുകളും കണ്ടുപിടിച്ച പ്രസിദ്ധനായ നാവികയാത്രക്കാരൻ 4) ആസ്ത്രിയായുടെ ആധിപത്യത്തിൽനിന്നു ഇററലിയെ മോചിപ്പിച്ചതിദ്ദേഹമാണ്.

പരേതനായ മാർളൂയിസു മെത്രാനച്ചനോടു പ്രാത്ഥിച്ചതിന്റെ ഫലമായി ഉദ്ദിഷ്ടകാര്യം സാധിച്ചതിനു കൃതജ്ഞത.

റിി. ജെ. ചാക്കോ, തോട്ടപുറം
കല്ലാനിക്കൽ, തൊടുപുഴ

## ഏകാന്തധ്യാനം

ചങ്ങനാശ്ശേരി പാറയിൽ സെൻറ് മേരീസ് ലീജ്യൻ & സി. എ. സി. യുടെ ആഭിമുഖ്യത്തിൽ ആണ്ടുതോറും നടത്തിവരാറുള്ള ഏകാന്തധ്യാനം ഇക്കൊല്ലവും സ്ഥലം എസ്. ബി. കോളെജിൽവച്ച് വലിയബുധനാഴ്ച ആരംഭിച്ച് ഉയിർപ്പു ഞായറാഴ്ച സമാപിക്കത്തക്കവിധം വേണ്ട പ്രാരംഭപ്രവർത്തനങ്ങൾ നടത്തിവരുന്നു. വെരി റവ. ഫാദർ ജറോം റി. ഒ. സി. ഡി (പ്രിയോർ ജനറൽ) അവർകൾ ധ്യാനപ്രസംഗങ്ങൾ നടത്താമെന്നും സമ്മതിച്ചിട്ടുണ്ട്.

കമ്മ്യൂണിസത്തിൽനിന്നു

## രക്ഷനേടാൻ

കമ്മ്യൂണിസത്തിൽനിന്നു രക്ഷനേടാൻ സോവ്യറ്റുയൂണിയനിലെ അനേകകോടി ജനങ്ങൾ പാർത്തിരിക്കുന്നുവെന്നതിൻെറ ലക്ഷണങ്ങൾ കണ്ടുതുടങ്ങിയിരിക്കുന്നു. സ്വാതന്ത്ര്യപ്രേമികളായ റഷ്യാക്കാർക്ക് സകലവിധസഹായങ്ങളും ചെയ്തുകൊടുക്കുന്നതിനുവേണ്ടി "റഷ്യൻ സ്വാതന്ത്ര്യസമരത്തിൻെറ സുഹൃത്തുക്കൾ" എന്നൊരു സംഘടന അമേരിക്കയിൽ രൂപീകരിക്കപ്പെട്ടിട്ടുണ്ട്. റഷ്യയിൽനിന്നുള്ള അഭയാർത്ഥികളേയും ചെമ്പടയിൽനിന്നു രക്ഷപെടുന്നവരേയും സഹായിക്കുക എന്നതാണു് പ്രസ്തുത സംഘടനയുടെ പ്രധാനപരിപാടി.

BENEFIT PERFORMANCE
William Shakespeare's
**MACBETH**

Members of Staff of the S. H. College, Thevara, will give a benefit performance of Shakespeare's MACBETH at the College Theatre on 10th March 1951 at 8 p. m. Admission will be by tickets. Proceeds of the sale of tickets will be contributed to the funds of a BOYS HOME proposed to be established at Thevara. Patronage of the generous public is earnestly solicited.

Tickets: First Class, Rs 5; Second Class Rs 3; Third Class Rs 2.

Secretary
BOYS HOME Committee
Thevara
23rd February 1951

## മൂവാററുപുഴ കോളെജ്

എറണാകുളം മെത്രാപ്പോലീത്താ തിരുമേനി മൂവാററുപുഴ ഒരു കോളെജ് സ്ഥാപിക്കുന്നതിനു് അനുമതി ആവശ്യപ്പെട്ടുകൊണ്ടു് അയച്ച അപേക്ഷ സിൻഡിക്കേററു ചർച്ചചെയ്യുകയും ഇതുസംബന്ധിച്ച അന്വേഷണം നടത്തി റിപ്പോർട്ടു സമർപ്പിക്കുവാൻ ആലപ്പുഴ സനാതനധർമ്മം കോളെജ് പ്രിൻസിപ്പാൾ ശ്രീ ഗോപാലമേനോൻ, ചങ്ങനാശ്ശേരി സെൻറ് ബർക്കുമൻസ് കോളെജ് പ്രിൻസിപ്പാൾ റവ. ഫാദർ വില്യം, വിദ്യാഭ്യാസഡയറക്ടർ ഡോക്ടർ സുന്ദരരാജനായിഡു, സർവ്വകലാശാലാ രജിസ്ട്രാർ മി. പരമേശ്വരപ്പണിക്കർ എന്നിവരടങ്ങിയ ഒരു കമ്മീഷൻ രൂപവത്കരിക്കുകയും ചെയ്തിരിക്കുന്നു.

## വൈദികൻെറ നാടകം ചലച്ചിത്രമാക്കി


അമേരിക്കൻ ഐക്യനാടുകളിലെ ഒരു ഡൊമിനിക്കൻ വൈദികനായ ഫാദർ അർബൻ നാഗിൾ രചിച്ച "രാജാക്കന്മാരുടെ നഗരം" (City of the Kings) എന്ന നാടകം ചലച്ചിത്രമാക്കിയിരിക്കുന്നു. ഒരു ഡൊമിനിക്കൻ സഹോദരനായിരുന്ന വാഴ്ത്തപ്പെട്ട മാർട്ടിൻ ഡെപോറെസിൻെറ ജീവചരിത്രമാണു നാടകത്തിലെ കഥാവസ്തു. ജീവിതകാലത്തുതന്നെ ആ സഹോദരൻപല അത്ഭുതങ്ങളും പ്രവർത്തിച്ചിട്ടുള്ളതാണു്. ഇപ്പോൾ പ്രസ്തുത ധന്യൻെറ നേർക്കുള്ള ഭക്തി വർദ്ധിച്ചുവരുകയാണു്. (അദ്ദേഹത്തിൻെറ ചിത്രവും ജീവചരിത്രവും 1949 ഒക്ടോബർ 19-ലെ സത്യദീപത്തിൽ ചേർത്തിരുന്നു.)

(9-ാം പേജ് തുടർച്ച)

അയാൾ നിരുപാധികമായി മത്തായിച്ചേട്ടനു തിരെഴുതിയിരിക്കുന്നു.


ആ വൈദികൻ ഒരു നിമിഷനേരത്തേക്കു സ്തബ്ധനായി നിന്നുപോയി. അനന്തരം ആധാരം വായിച്ചുകേൾപ്പിച്ചിട്ടു മത്തായിച്ചേട്ടനെ ഏല്പിച്ചു. അയാൾ ആനന്ദബാഷ്പം നിറഞ്ഞ കണ്ണുകളോടെ അദ്ദേഹത്തെയും ആ യുവാവിനെയും മാറി മാറി നോക്കിയിട്ടു് അതു വാങ്ങി. ഹൃദയത്തിൻെറ ഒരു വലിയ ഭാരം ഇറക്കിവച്ചതുകൊണ്ടുള്ള സംതൃപ്തി മി. ജോർജ്ജിൻെറ മുഖത്തു കളിയാടിക്കൊണ്ടിരുന്നു.

## In Memoriam



The Late Lazar P. Muttath
Kottapady
Born 15—3—1892
Died 25—2—1950
May his soul rest in peace

## വിനോദവീഥി



"ഞാനെന്തുചെയ്യാനാ അമ്മാമ്മേ? ഞാൻ സൈക്കിളുപഠിക്കയാണെന്നു കാണിക്കാൻ L എന്നു എഴുതിവച്ചിരിക്കുന്നു. അമ്മാമ്മേടെ ആടു് വഴീന്നു മാറാഞ്ഞതു് എൻെറ കുററമാണോ?

*   *   *

റഷ്യാക്കാരനായ ആറുവയസ്സുള്ള ഒരു ബാലൻ സ്വപിതാവുമൊരുമിച്ച അമേരിക്കയിൽ പര്യടനം നടത്തുകയായിരുന്നു. അവിടെ ഒരു ഹോട്ടലിൽ കയറിയപ്പോൾ ഭക്ഷണസാധനങ്ങൾ സുലഭമായി ഇരിക്കുന്നതുകണ്ടു് ബാലൻ ആശ്ചര്യപ്പെട്ടു പറകയാണു്: "ഇവിടെ നമ്മുടെ നാട്ടിലെപ്പോലെ ഗവൺമെൻറും മററും ഇല്ലേ?"

*   *   *

അമ്മ വീട്ടിൽ ഇല്ലാതിരുന്ന സമയം ഏഴുവയസ്സായ മേരിക്കുട്ടി അമ്മയുടെ സ്ഥാനത്തു കയറിയിരുന്നു വേലക്കാർക്കും മററും ഓരോ കല്പനകൾ കൊടുത്തുതുടങ്ങി. അതു കണ്ടിട്ടു് അവളുടെ മൂത്ത സഹോദരൻ ലോനപ്പനു ഒട്ടും രസിച്ചില്ല. ആകയാൽ അവൻ ചെന്നു പറഞ്ഞു: "നീയെന്തൊരു കാര്യസ്ഥ!! നിനക്കു് ആറെട്ടു് എത്രയെന്നെങ്കിലും അറിയാമോ?"

മേരിക്കുട്ടി (ഗൗരവപൂർവ്വം): "എനിക്കതൊന്നും പറയാൻ നേരമില്ല. അതൊക്കെ അറിയണമെങ്കിൽ നിങ്ങളുടെ അപ്പനോടൊ മററാ ചോദിക്കു്."

*   *   *

ഇൻസ്പെക്ടർ: ഒരാളെ പോലീസകമ്പടിയോടുകൂടി സംസ്കരിക്കുന്നതു എപ്പോഴാണു്?

പോലീസുകാരൻ: അയാൾ മരിക്കുമ്പോൾ.

EXHAUSTIVE
QUESTIONS & ANSWERS
IN
GENERAL SCIENCE
FOR
THE S. S. L. C. EXAMINATION
(Cochin & Madras)
Part I Physical Science
Part II Natural Science
By
TWO EXPERIENCED TEACHERS
PRICE As. 12
Apply to:
Manager, Mar Louis Memorial Press,
ERNAKULAM

കാത്തലിക് സിറിയൻ ബാങ്ക്, ലിമിററഡ്
എറണാകുളം
പുതിയ പൂവ്വൽക്കുറി
Govt. Order No. L. Dis. No. 9323/50 dated 17—5—1951
നറുക്കു് 1 ക്കു് 500 ക. 64 നറുക്കു്. ആകെ സല 32,000 ക.
ആകെ തവണ 32
കൊല്ലത്തിൽ ജനുവരി, മേയ്, സെപ്റ്റംബർ 7-ാംനു-കളിൽ
ഓരോ നറുക്കു് എടുപ്പും ഓരോ നറുക്കു് ലേലവും.
500 ക. യുടെ ഒരു നറുക്കു ചേരുന്നാൾക്കു് കിട്ടുന്ന സംഖ്യ 12,500 ക.
ആദ്യത്തെ നറുക്കെടുപ്പു്: 7—5—1951 (24—9—1126)
ചുരുങ്ങിയതു് 1/16 അംശം (31 ക. 4 ണ.) വരെ ചേരാം.
രാ. രാ. ചാലിശ്ശേരി അന്തോണി പൈലോതു് അവർകൾ
" പല്ലൻ അന്തോണി ദേവസ്സി " } മാനേജിംങ്ങ്
" ചാലിശ്ശേരി ലോനപ്പൻ ജോസഫ് " } ഡയറക്ടർമാർ
എറണാകുളം, 22—2—51 മാനേജർ

കാളൻ ആയുർവ്വേദിക്കു് ഫാർമസി
റെയിൽവേസ്റ്റേഷനു സമീപം
നെല്ലായി P. O.

മാന്യസുഹൃത്തുക്കളെ,

തൃശ്ശൂർ, ആലുവാ, എറണാകുളം എന്നീ ക്യാമ്പു് സ്ഥലങ്ങളിലും ഫാർമസിയിലും വന്നുകൊണ്ടിരിക്കുന്ന രോഗികളുടെ കാര്യത്തിലും, രോഗികളിൽനിന്നു് ദിനംപ്രതി കിട്ടിക്കൊണ്ടിരിക്കുന്ന എഴുത്തുകൾക്കു് മറുപടി അയക്കുന്നതിലും, രോഗങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ പ്രസിദ്ധപ്പെടുത്തുവാനും മററുമായി ഞാൻ വളരെ നാളായിട്ടു് വിശ്രമം കൂടാതെ ജോലി ചെയ്തുകൊണ്ടിരിക്കുന്നതിനാൽ വളരെ ബുദ്ധിമുട്ടുകൾക്കു് ഇടയാകുന്നുണ്ടു്. തന്നിവാരണാർത്ഥം തൃശ്ശൂർ, ആലുവാ എന്നീ ക്യാമ്പുകൾ മാർച്ചു് മാസം 1-ാം തീയതി മുതൽ നിർത്തൽചെയ്യാൻ തീർച്ചപ്പെടുത്തിയിരിക്കുന്ന വിവരം നിങ്ങളെ അറിയിച്ചുകൊള്ളുന്നു. ഈ വിവരമറിയുന്ന നിങ്ങളിൽ പലർക്കും ഇതരാംഗത്തിന്നും പല ബുദ്ധിമുട്ടുകൾക്കും ഇടവരുമെന്നു് എനിക്കറിയാം.

എന്നാൽ ഇപ്പോൾ പുതിയതായി എറണാകുളത്തു് തുറന്നിട്ടുള്ള സെയിൽസ് ഡെപ്പോവിൽ ബുധൻ, വ്യാഴം എന്നീ ദിവസങ്ങളിൽ കാലത്തു് 9 മുതൽ വൈകുന്നേരം 4 മണിവരെയും ഞാൻ നിങ്ങളുടെ സൗകര്യത്തിന്നുവേണ്ടി ഉണ്ടായിരിക്കുന്നതാണെന്നു് അറിയിച്ചുകൊള്ളുന്നു.

നെല്ലായിൽ വരുവാൻ ഉദ്ദേശിക്കുന്നവർ, ഞായർ, തിങ്കൾ എന്നീ ദിവസങ്ങളിൽ കാലത്തു് 9 മുതൽ വൈകുന്നേരം 5 മണിവരെയുള്ള സമയത്തിന്നിടയ്ക്കു് വരുന്നതായാൽ മാത്രമെ എന്നെ കാണുവാൻ വേണ്ടത്ര സൗകര്യമുണ്ടാവുകയുള്ളു എന്നു് അറിയുവാൻ താല്പര്യപ്പെടുന്നു.

ക്യാമ്പിൽ വരുന്ന രോഗികൾ തങ്ങളുടെ രോഗവിവരങ്ങൾ എഴുതിക്കൊണ്ടുവരുന്ന കടലാസിൽ, രോഗത്തിൻെറ പഴക്കവും ചെയ്തിരുന്ന ചികിത്സകളുടെ ചുരുക്കവും, ഇപ്പോൾ അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന രോഗലക്ഷണങ്ങളും വളരെ വ്യക്തമായും ഒന്നിനു ചുവടെ ഒന്നു് എന്ന ക്രമത്തിലും എഴുതുകയും മേൽവിലാസം പൂർണ്ണമായി ചേർക്കുകയും ചെയ്യുന്നതായാൽ പല സൗകര്യങ്ങൾക്കും ഇടയാകുന്നതാണു്.

സെയിൽസ് ഡെപ്പോ അഡ്രസ്സു്.

കാളൻ ആയുർവ്വേദിക് ഫാർമ്മസി സെയിൽസ ഡെപ്പോ,
(മാരുതിവിലാസം ഹോട്ടലിനു എതിർവശം)
കാനൻഷെഡ് റോഡ് (ബോട്ടുജെട്ടിക്കു നേരെ) എറണാകുളം

ഈ ആഴ്ചമുതൽ താഴെ പറയുന്ന സ്ഥലത്തും മരുന്നുകൾ കിട്ടുന്നതാണു്.
സി. എം. പ്രസ്സ് സെയിൽസ് ഡെപ്പൊ, ഭദ്രാസനപ്പള്ളിക്കു സമീപം. കോട്ടയം

N. B. ഫെബ്രുവരി 21-ാം തീയതിയിലെ സത്യദീപം 7-ാം പേജിൽ "ചില വിവരങ്ങൾ" എന്ന തലക്കെട്ടിൽ ചേർത്തിരുന്ന പരസ്യത്തിൽ ശ്രദ്ധപതിയാതിരുന്നിട്ടുള്ളവരുടെ ശ്രദ്ധയെ ഒന്നുകൂടി ക്ഷണിച്ചുകൊള്ളുന്നു.

എന്നു്

Pro: കാളത്തു് പാവുണ്ണി ഔസേപ്പു് വൈദ്യൻ

ചെറുകഥ

# ഭാഗപത്രം

(ജയിംസ് കെ. സി. മണിമല)

അവിടെ ഒരുടമ്പടി തീർക്കുവാൻ അങ്ങനെ കൊണ്ടുപിടിച്ച ശ്രമം നടക്കുകയാണ്. ഒരു പിതാവിന്റെ സ്ഥാവരജംഗമസ്വത്തുക്കൾ മുഴുവൻ നാലു മക്കൾക്കു തുല്യമായി വീതിക്കണം. ഏററമിറക്കങ്ങൾ പാടില്ല. നല്പുതില്പുണ്ടാകരുതു്. എല്ലാവർക്കും സ്വീകാര്യമായ വിഭജനവ്യവസ്ഥയുണ്ടാക്കണം.

അതത്ര പ്രയാസംകുറഞ്ഞ കാര്യമല്ല. നാട്ടിലെ ചില പ്രമാണികളും, നിയമജ്ഞനായ ഒരാധാരമെഴുത്തുകാരനും സന്നിഹിതരായിട്ടുണ്ടു്.

“ഞാനാണു് ചെറുപ്പംമുതൽ അപ്പന്റെകൂടെ നടന്നു വേലയെടുത്തതു്. കരിമററത്തു പുരയിടം എന്റെ വീതത്തിൽ വയ്ക്കണം.” മൂത്തമകൻ സന്യായം വാദിച്ചു.

“അതു സാദ്ധ്യമല്ല; എനിക്കാണു ചുററുപാടുകൾ വല്ലാതെ നില്ക്കുന്നതു്. പെമ്പിള്ളേരെ രണ്ടുപേരെ കെട്ടിക്കാറായിരിക്കുന്നു. ചേട്ടനു് ഒന്നുമല്ലെങ്കിൽ രണ്ടുമൂന്നു് ആൺകുഞ്ഞുങ്ങളാണല്ലോ ഉള്ളതു്. കരിമററത്തെ പറമ്പു് എനിക്കുവേണം.” രണ്ടാമന്റെ അവകാശവാദം അങ്ങനെയാണു്.

“ആരു് എന്തൊക്കെപ്പറഞ്ഞാലും ആ പറമ്പു് എന്റെ വീതത്തിൽ വേണം. അപ്പനും അമ്മയും എന്റെകൂടെയാണു്. ചേട്ടന്മാരുടെ ചെലവൊക്കെ ഒതുങ്ങിവരുന്ന കാലമാണു്. എനിക്കാണെങ്കിൽ ഒന്നൊന്നായി വർദ്ധിക്കുകയാണു്.” ഇളയമകനും വിട്ടില്ല.

ആ പിതാവിന്റെ മൂന്നാമത്തെ മകനാണു് മി. ജോജ്ജ്. അയാൾ ഗവമ്മെൻറു സെക്രട്ടറിയേററിലെ ഒരു ക്ലാർക്കാണു്. അഭ്യസ്തവിദ്യനായ ആ ചെറുപ്പക്കാരനെപ്പററി നാട്ടുകാർക്കൊക്കെ വലിയ ബഹുമാനമുണ്ടു്. ധനസമ്പാദനകാര്യത്തിൽ കാരണവർ കാണിച്ചിട്ടുള്ള “ചില്ലറ” അനീതികളെപ്പററി എല്ലാവരും തന്നെ പരാതിപറയും. മററു മൂന്നു മക്കളുടെയും സ്വഭാവത്തിൽ അമിതമായ ധനതൃഷ്ണ അലിഞ്ഞുചേർന്നിട്ടുണ്ടെന്നു് അവരുമായി ഇടപെടുന്നവർക്കൊക്കെ അറിയാം. എന്നാൽ മി. ജോജ്ജിന്റെ സ്വഭാവം ഒന്നു വേറെയാണു്. അയാൾ പലർക്കും ചേതമില്ലാത്ത ഉപകാരം ചെയ്യാറുണ്ടു്. “കണ്ണന്റെ ചുവട്ടിൽ കാളിയുണ്ടാകയില്ലെ”ന്നുള്ള നാടൻ പഴഞ്ചൊല്ലിനു് ഒരപവാദമാണയാൾ.

പക്ഷെ ഈ ഭാഗപത്രക്കാര്യം വന്നപ്പോൾ ജോജ്ജും വിട്ടില്ല. “എനിക്കാണു് ആദായമൊക്കെ കുറഞ്ഞിരിക്കുന്നതു്. ഇന്നത്തെക്കാലസ്ഥിതിക്കു നൂറോ നൂററൻപതോ രൂപാ എന്തുചെയ്യാനുണ്ടു്? കൃഷിക്കും കച്ചവടത്തിനുമൊന്നും പോകാൻ എനിക്കു സൗകര്യവുമില്ല. വീട്ടുകാരും നാട്ടുകാരുമൊക്കെ മിക്കപ്പോഴും ഓരോരോകാര്യവുമായി തിരുവനന്തപുരത്തു വരികയുംചെയ്യും. എല്ലാവരെയും സ്ഥിതിക്കനുസരിച്ചു സല്ക്കരിക്കണ്ടേ? ആദായക്കൂടുതലുള്ള കരിമററം പുരയിടം എനിക്കുതന്നെ തരണം.” ആ അഭിപ്രായത്തിലും ന്യായങ്ങളുണ്ടു്.

“ഹാ! ജോജ്ജുകുട്ടി ഈ കാര്യത്തിനിങ്ങനെ നിർബന്ധംപിടിക്കാമോ; നീ അറിവുള്ളവനല്ലേ?” ഒരു മദ്ധ്യസ്ഥൻ ചോദിച്ചു.

“അറിവുണ്ടെന്നു വിചാരിച്ചൊന്നും വേണ്ടെന്നോ. എനിക്കു ജീവിക്കണ്ടേ? ഞാൻമിണ്ടാതിരിക്കുന്നതുകൊണ്ടു് എനിക്കു പലപ്പോഴും കുഴപ്പമേ ഉണ്ടായിട്ടുള്ളു.”

“അമ്പടാ വീരാ! കരിമററംപറമ്പു കണ്ണീരിന്റെ സ്ഥലമാണു്; അതു തിരിച്ചുകൊടുക്കണമെന്നു് നൂറെറാന്നുപ്രാവശ്യം അപ്പന്റെയടുക്കൽ ഉണക്കവേദാന്തമോതിയ വിദ്വാന്റെ ഇപ്പോഴത്തെ നിറംകണ്ടോ? എടാ കുറെ ചേതമുണ്ടു്. ഞാൻ തുമ്പായുമായിക്കയറിയതിൽപ്പിന്നീടാണു് ആ തെങ്ങിന്റെ മുകളിൽ വെള്ളയ്ക്കാ തൂങ്ങിയതു്.” ജ്യേഷ്ഠസഹോദരന്റെ തിരിച്ചടിയായിരുന്നു അതു്.

“നേരാ! നേരാ! വലിയ പരസ്നേഹം ഭാവിച്ചിരുന്ന പുള്ളി.” മററു രണ്ടുപേരും അതു ശരിവച്ചു.

“പുരയിടം അപ്പനെക്കൊണ്ടു തിരിയെക്കൊടുപ്പിക്കാമെന്നു ജോജ്ജു പറഞ്ഞതായി ആ മത്തായിച്ചേട്ടൻ എന്നോടു പറഞ്ഞല്ലോ.” എഴുത്തുകാരനും ഒരു പരിഹാസമട്ടിൽ പറഞ്ഞു.

“താനെന്തിനു് അക്കാര്യമന്വേഷിക്കുന്നു. ഞങ്ങൾ പറയുന്നതനുസരിച്ചെഴുതിത്തന്നിട്ടു പോയാൽ പോരേ?” ആ മറുപടി അല്പം നിശിതമായിരുന്നു. അല്പസമയത്തേക്കു് അവിടെ ഒരു നിശ്ശബ്ദത വ്യാപിച്ചു.

കരിമററം. പറമ്പാണു്, അവിടെ ഒരു “കിറാമുട്ടി”യായിക്കിടക്കുന്നതു്. ആരുകണ്ടാലും ആ പുരയിടത്തിൽ അല്പമൊന്നു നിന്നിട്ടേ പോകൂ. “സമനിരപ്പായ ആററുതീരം. തെങ്ങിൻതൈകൾ കായ്ച്ചുതുടങ്ങിയിട്ടേയുള്ളു. പവിഴമണികൾ വാരിയെടുത്തു വിരാജിക്കുന്ന മുളകുകൊടി ആ പറമ്പുടമസ്ഥന്റെ പണസ്സഞ്ചിയിൽ ആണ്ടുതോറും എത്ര കറൻസി നോട്ടുകൾ അടുക്കിവയ്ക്കുമെന്നു കണക്കില്ല. ആററുതീരത്തു പവിഴകുംഭങ്ങളണിഞ്ഞുനില്ക്കുന്ന കമുകുവൃക്ഷങ്ങൾ നയനാഭിരാമമായ ഒരു കാഴ്ചതന്നെയാണു്. വെറുതെയല്ല, ആ സഹോദരന്മാർ ഈ. കരിമററത്തിനുവേണ്ടി ഇത്രയേറെ “കടിച്ചുകീറുന്നതു്.”



അയാൾ ആനന്ദബാഷ്പംനിറഞ്ഞ കണ്ണുകളോടെ അദ്ദേഹത്തെയും ആ യുവാവിനേയും മാറിമാറി നോക്കിയിട്ടു് അതു വാങ്ങി. ഹൃദയത്തിന്റെ ഒരു വലിയഭാരം ഇറക്കിവച്ചതുകൊണ്ടുള്ള സംതൃപ്തി മി. ജോർജ്ജിന്റെ മുഖത്തു കളിയാടിക്കൊണ്ടിരുന്നു.

പക്ഷെ, ഗൃഹനാഥന്റെ കരിമററം സമ്പാദനചരിത്രത്തിൽ പരസ്യമായ ഒരു രഹസ്യമുണ്ടു്. അവിടത്തെ വൃക്ഷങ്ങൾക്കു സംസാരശക്തിയുണ്ടായിരുന്നെങ്കിൽ ആ നാലുമക്കളുടെയും അവകാശവാദത്തെ അവ പാടേ നിഷേധിക്കുമായിരുന്നു.

വിദഗ്ദ്ധനായ ഒരു ചിട്ടിത്തലയാളായിരുന്നു മി. ജോർജ്ജിന്റെ പിതാവു്. കരിമററം പുരയിടത്തിന്റെ ഉടമസ്ഥനായിരുന്ന മത്തായിച്ചേട്ടൻ അയാളുടെ ഒരുററ സ്നേഹിതനും. ചിട്ടി മുതലിച്ചപ്പൊഴേ എ. നമ്പരിൽ ഒന്നു തലയാൾ മത്തായിച്ചേട്ടനെക്കൊണ്ടെടുപ്പിച്ചു. അദ്ധ്വാനനിരതനായ ആ കർഷകനു ചിട്ടിനടത്തിപ്പിൽ സുഹൃത്തിനെ വിശ്വസിക്കുകയെന്നുള്ളതിൽക്കവിഞ്ഞൊന്നുമറിഞ്ഞുകൂടായിരുന്നു. രണ്ടുമൂന്നു ചിട്ടി കഴിഞ്ഞപ്പോൾ തലയാൾ പറഞ്ഞു: “മത്തായി! എത്രനാളാണു് ഈ വെട്ടിക്കെട്ടുപുരയിൽക്കിടക്കുന്നതു്. ഒരു പുര പണിയിക്കു്.”

“ഇപ്പോൾ വേണ്ടാ ചേട്ടാ! എന്റെ തെങ്ങൊക്കെ ഒന്നു കായച്ചിട്ടേയുള്ളു.”

“അതിനിയെന്നാ! മത്തായി! നീയൊരു കാര്യം ചെയ്യു്. ചിട്ടിയങ്ങോട്ടു പിടി. വിഷമിക്കാനൊന്നുമില്ല. ഒമ്പതു കൊല്ലംകൊണ്ടടച്ചുതീർത്താൽ പോരേ? ഇപ്പോൾ പുര നന്നായിട്ടൊന്നു തീർക്കരുതോ.. ......” അങ്ങനെ ചിട്ടിപിടിച്ചാലുള്ള [illegible]ന്നങ്ങൾ തലയാൾ നല്ലതുപോലെ വിശദീകരിച്ചു. അതിൽക്കവിഞ്ഞു ഗുണദോഷവിചിന്തനത്തിനു മത്തായിച്ചേട്ടൻ തയ്യാറായതുമില്ല.

അങ്ങനെ അയാൾ ചിട്ടി പിടിച്ചു, 850 രൂപാ കുറച്ചു്. പുരപണിയും തുടങ്ങി. പണം പോരാതെവന്നപ്പോഴൊക്കെ കൈവായ്പ കൊടുക്കാൻ തലയാൾ മടികാണിച്ചുമില്ല. അയാൾ പണയാധാരം ഒന്നുരണ്ടു പ്രാവശ്യം പുതുക്കിയെഴുതിച്ചെന്നുമാത്രം.

മത്തായിച്ചേട്ടന്റെ തെങ്ങിൻതൈകൾ അന്തരീക്ഷത്തിലുയന്നു. കാററത്തിളകിച്ചലിക്കുന്ന കുരുത്തോലകൾ അന്തരീക്ഷത്തിൽ അലമാലകളിളക്കി. അപ്പോഴൊക്കെ ചിട്ടിത്തലയാളിന്റെ ഇരുമ്പുപെട്ടിയിലിരുന്ന പണയാധാരവും ചലിച്ചിട്ടുണ്ടായിരിക്കണം. അയൽവാസികൾ ഏകകണ്ഠമായിപ്പറഞ്ഞു: “മത്തായിച്ചേട്ടന്റെ തെങ്ങു വല്ലതും കേൾപ്പിക്കു”മെന്നു്.

## II

കാലത്തിനു പലതും കാണുവാൻ കഴിഞ്ഞു. “കരിമററ”ത്തിലെ വൃക്ഷങ്ങൾ വളന്നതോടൊപ്പം മത്തായിച്ചേട്ടന്റെ ഗാർഹികാവശ്യങ്ങളും വളന്നുവന്നു. രണ്ടു പെൺകുട്ടികളെ കല്യാണംകഴിച്ചയക്കുകകൂടെ ചെയ്തപ്പോൾ അയാളുടെ ധനകോശം വല്ലാതെ ശുഷ്കിച്ചു. നല്ലപ്രായം കഴിഞ്ഞ ആ ശുഷ്കിച്ച കൈകളിലിരുന്നു് അവിശ്രമമായി പ്രയത്നിച്ച തുമ്പാ “ഭക്ഷ്യവകുപ്പി”നപ്പുറത്തേക്കു് ഒട്ടും കടന്നുചെന്നില്ല. ചിട്ടിത്തവണകൾ പലപ്പോഴും മുടങ്ങി. തലയാൾ ഒട്ടു നിർബന്ധിച്ചുമില്ല.

ആ പണയാധാരം അന്യായസമേതം ഒരു സുപ്രഭാതത്തിൽ കോടതിയിലെ ഫയലുകളിലേക്കു നീങ്ങി. നിയമഗ്രന്ഥങ്ങളുടെ വിസ്തൃതപക്ഷങ്ങൾ പലതു മറിഞ്ഞു. കോടതി ഉത്തരവിട്ടു, ചിട്ടിത്തലയാൾ കരിമററം പുരയിടം നടത്തിയെടുത്തുകൊള്ളാൻ.

മത്തായിച്ചേട്ടനു് ഒന്നും പറയാനില്ലായിരുന്നു. അയാൾ കുലപ്രായമായി നിന്നിരുന്ന ആ തെങ്ങുകളെ നോക്കി നെടുവീർപ്പിട്ടു. പകുതിവിരിഞ്ഞ കുരുത്തോലകൾ പോകണ്ടാ എന്നു നിരോധിക്കുന്നതുപോലെ അങ്ങോട്ടുമിങ്ങോട്ടുമുലഞ്ഞു. പക്ഷെ അയാൾ ഇറങ്ങിക്കൊടുക്കണം. അധികാരമുള്ള കോടതി കല്പിച്ചതാണു്.

“ആവശ്യമുണ്ടായിട്ടുവന്ന കടമല്ലല്ലോ.” മത്തായിച്ചേട്ടന്റെ ഭാര്യ ദീർഘനിശ്വാസപൂർവ്വം പറഞ്ഞുപോയി.

“ഞാനെന്തുചെയ്യാനാണു്. ചിട്ടിയെന്നുപറഞ്ഞാൽ ഒരു കൂട്ടുത്തരവാദിത്വമാണു്. ഈടാക്കേണ്ടതുക ഈടാക്കിയെടുത്തില്ലെങ്കിൽ മററു ചിററാളന്മാർ എന്നെ വിട്ടേക്കുമോ?” തലയാളിനു് അപ്പോഴും ചിട്ടിനിയമങ്ങൾ എടുത്തുകാണിക്കുവാനുണ്ടായിരുന്നു.

* * *

മത്തായിച്ചേട്ടൻ ഇപ്പോൾ ഒരു പാട്ടപ്പുരയിടത്തിലാണു താമസിക്കുന്നതു്. അന്യക്കുപദ്രവമുണ്ടാക്കാതെ ജീവിച്ചാൽപ്പോരാ; അന്യർ ഉപദ്രവിക്കാതെ നോക്കിനില്ക്കുകയുംകൂടെ വേണം എന്നൊരു പ്രായോഗികതത്വം അയാൾക്കു അപ്പോൾമാത്രമേ മനസ്സിലായുള്ളു. അയാളുടെ മക്കൾ പലപ്പോഴും പരാതിപ്പെടാറുണ്ടു്, അപ്പന്റെ മണ്ടത്തരത്തെപ്പററി. ആ സാധുവിന്റെ മറുപടി ഒരു നീണ്ട നെടുവീർപ്പിൽ അന്തരീക്ഷത്തിലേക്കുയരുകമാത്രം ചെയ്യും. അതു മേഘമാലകൾക്കപ്പുറത്തേക്കു് ഏതോ അജ്ഞാതസന്ദേശം ആവഹിക്കുന്നുണ്ടായിരിക്കണം.

## III

മി. ജോജ്ജ് അന്നു കോളെജിൽ പഠിക്കുകയായിരുന്നു. അയാൾ പിതാവിനോടു പറഞ്ഞു, മത്തായിച്ചേട്ടനെ വെറുംകൈയായി ഇറക്കിവിടരുതു്; പകുതിവസ്തുവെങ്കിലും അയാൾക്കു കൊടുക്കണമെന്നു്.

പിടിപ്പുതുശകാരമാണു് അയാൾക്കു ലഭിച്ച മറുപടി. “അമ്പടാ! ഇറങ്ങിയിരിക്കുന്നു ഒരു നീതിമാൻ. നിനക്കു ചക്രത്തിന്റെ വിഷമമറിഞ്ഞുകൂടാ. എന്തിനെടാ ഇത്രയും പഠിച്ചതു്. പിടിപ്പില്ലാത്ത കഴുത. അവനവന്റെ കാര്യമറിഞ്ഞുകൂടാത്ത വകതിരിവുകെട്ടവൻ ...”

പിന്നെ എപ്പോഴെങ്കിലും കരിമററം പുരയിടത്തെപ്പററി സംസാരിച്ചാൽ ജോർജ്ജ് പിതാവിന്റേയും സഹോദരന്മാരുടേയും പരിഹാസപാത്രമാകും. എന്നാലും അയാൾ മത്തായിച്ചേട്ടനെ കാണുമ്പോഴൊക്കെ പറയും, “ആ പുരയിടം തിരികെത്തരുവിക്കാ”മെന്നു്. എന്നിട്ടാണു് ഉടമ്പടി ചെയ്യാൻ തുടങ്ങിയപ്പോൾ അയാൾ കരിമററം പുരയിടത്തിനുവേണ്ടി വാശിപിടിച്ചു വാദിക്കുന്നതു്.

ആരുമാരും അതിൽനിന്നു പിന്മാറാനൊരുക്കമില്ല. ഒടുവിൽ ശയ്യാവലംബിയായിരുന്ന ഗൃഹനാഥൻ തീരുമാനിച്ചു, കരിമററം ജോജ്ജിനുതന്നെ കൊടുത്തേക്കാമെന്നു്. പക്ഷെ അയാളുടെ വീതത്തിൽ ആകെയുള്ള സ്ഥലങ്ങളുടെ വിസ്തീർണ്ണം താരതമ്യേന കുറച്ചു. എല്ലാവർക്കും പതിന്നാലേക്കർ വീതമുള്ളപ്പോൾ ജോജ്ജിനു വെറും ഒൻപതേക്കർമാത്രം—കരിമററം അഞ്ചേരയും വേറെ ആദായംകുറഞ്ഞ ഒരു മൂന്നരയേക്കറും.

അതിനയാൾ സമ്മതിച്ചു. അങ്ങനെ കശപിശയും, കത്തിപ്രയോഗവുമൊന്നും കൂടാതെ ആ ഭാഗപത്രം നിർമ്മിതമായി. ഓരോരുത്തർക്കും അവരവരുടെ വീതത്തിൽ സംപൂർണ്ണാവകാശംതന്നെ നല്കിയിരുന്നു.

നാട്ടുകാർ ജോർജ്ജിനെപ്പററിയുള്ള അഭിപ്രായം ഒന്നു മാറിയെഴുതി. അയാൾ പിതാവിനെക്കാൾ ദുഷ്ടനും ദ്രവ്യ[illegible]വുമാണെന്നു് എല്ലാവരും പറഞ്ഞുതുടങ്ങി.

## IV

അന്നൊരു തിങ്കളാഴ്ചയായിരുന്നു. സമയം പകൽ നാലുമണി. ജോജ്ജ് മത്തായിച്ചേട്ടനുമൊന്നിച്ചു പള്ളിമുറിയിലേക്കു കയറിച്ചെന്നു. അയാളുടെ കൈയിൽ ഒരു കടലാസുചുരുളുമുണ്ടു്.

“എന്താ! മി. ജോർജ്ജ് ഉടമ്പടിയൊക്കെ കഴിഞ്ഞല്ലോ ഇല്ലേ?” വികാരിയച്ചൻ ചോദിച്ചു.

“ഉവ്വ്”, നാളെ ഞാൻ തിരുവനന്തപുരത്തിനു പോകുകയാണു്.”

“കൊള്ളാം. ബുദ്ധിമാൻ കരിമററം പുരയിടം തട്ടിയെടുത്തു. അല്ലേ? ഈ പാവം മത്തായിച്ചേട്ടനു വല്ലതും കുറേക്കൂടെ കൊടുക്കണം കേട്ടോ?”

“അച്ചാ, അക്കാര്യം പറയാനാണു ഞങ്ങൾ ഇങ്ങോട്ടു വന്നതു്. അപ്പനല്ലേ പുരയിടം തട്ടിയെടുത്തെന്നു് അച്ചൻ പറഞ്ഞതു്.”

“അതെ, ഇപ്പോൾ മി. ജോജ്ജിന്റെ വീതത്തിലല്ലേ? ഉത്തരിപ്പുകടം ആ വസ്തു അനുഭവിക്കുന്നവർക്കെല്ലാമുണ്ടു്.”

“അച്ചാ ഉത്തരിപ്പുകടം ഞാൻതീത്തു.”

“എന്തു്, മത്തായിച്ചേട്ടനു വല്ലതും കൊടുത്തോ?”

സാധു മത്തായിച്ചേട്ടനു കാര്യമൊന്നും മനസ്സിലായില്ല. “എനിക്കൊന്നുമറിയത്തില്ലച്ചാ! പള്ളിയിൽവരെ പോകാമെന്നുപറഞ്ഞു ജോജ്ജുകുട്ടി എന്നെ വിളിച്ചുകൊണ്ടുപോന്നതാണു്.” അയാൾ സാവധാനം പറഞ്ഞു.

“അച്ചൻതന്നെ ഇതു ഇദ്ദേഹത്തെ ഏല്പിക്കണം.” ജോർജ്ജ് ആ കടലാസുചുരുൾ ബ. വികാരിയെ ഏല്പിച്ചു. അദ്ദേഹം അതു നിവത്തുനോക്കി. അന്നു രജിസ്റ്റർചെയ്ത ഒരു തീറാധാരം! ഉടമ്പടിപ്രകാരം ജോർജ്ജിനു സർവ്വസ്വാതന്ത്ര്യമായി ലഭിച്ചിട്ടുള്ള കരിമററം പുരയിടം

(ശേഷം 8-ാം പേജിൽ)

കുടുംബപംക്തി

## സുകൃതമഞ്ജരി

(ഫാദർ ജെ. മണവാളൻ ബി. എ., വിദ്വാൻ)

അന്നു് അവർക്കൊരു സന്തോഷദിനമായിരുന്നു. പുഞ്ചിരിതൂകുന്ന ആ മുഖകമലങ്ങളിൽ ആഹ്ലാദത്തിന്റെ അലകളാഞ്ഞടിച്ചു. എല്ലാവരിലും അഭൂതപൂർവ്വമായ ഒരുത്സാഹം. അതു് അവരുടെ വന്ദ്യതാതന്റെ നാമഹേതുകത്തിരുനാളായിരുന്നു. മാർച്ചുമാസം. വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാൾ മഹം.

പൂർണ്ണചന്ദ്രന്റെ വെൺകതിരുകൾ അവിടം വെള്ളിപൂശി. അതിന്റെ ശീതളഛായയിൽ അമർന്നമരുന്ന ആ സൗധത്തിന്റെ വിശാലമായ അറകളിലേക്കു ഭക്തിയോടെ ആ കിരണങ്ങൾ എത്തിനോക്കി. അവിടം സന്തോഷത്തിന്റെ തിരത്തള്ളൽ. ക്ഷണസമയംകൊണ്ടു പ്രാർത്ഥനാലയത്തിലെ തിരുസ്വരൂപങ്ങൾ വിവിധപുഷ്പങ്ങളാൽ സമലംകൃതമായി. കത്തുന്ന ചെറുമെഴുകുതിരികൾ നിർന്നിമേഷരായി അവിടെ നിലകൊണ്ടു. ഭക്തിനിർഭരമായ ഗാനാലാപങ്ങൾ അന്തരീക്ഷത്തിൽ മാറ്റൊലികൊണ്ടു. എല്ലാവരും പാരത്രിക മനോഹാരിതയിൽ നിമഗ്നരായി കൂപ്പുകൈയോടെ അങ്ങനെ നിന്നുപോയി.

അവിടെ അന്നു നടന്ന വിവിധകർമ്മപരിപാടികളിൽ ഭാഗഭാക്കാകുന്നതിനുള്ള ഭാഗധേയം എനിക്കു സിദ്ധിച്ചു. അന്നത്തെ ചടങ്ങുകളിൽ എന്റെ ശ്രദ്ധയെ സവിശേഷം ആകർഷിച്ചതു് അവരുടെ സുകൃതപുഷ്പമഞ്ജരീസമർപ്പണമായിരുന്നു. അതിനു അവരെല്ലാവരും ഏററം ലളിതമായ ഭാഷയിൽ പറഞ്ഞിരുന്നതു് "പുണ്യം" എന്നാണ്. ആ ഭവനത്തിലെ ഓരോ അംഗവും—സർവ്വകലാശാലാബിരുദധാരികൾ മുതൽ പിഞ്ചുപൈതൽ വരെ—അവരവരുടെ സുകൃതകൃത്യങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുവാൻ അഹമഹമികയാ പരിശ്രമിച്ചിരുന്നു.

അനന്തരാന്വേഷണത്തിൽ നിന്നും എനിക്കറിയുവാൻ സാധിച്ചു തങ്ങളുടെ വത്സലപിതാവിന്റെ ജന്മർക്ഷദിനത്തിനായി "പുണ്യങ്ങൾ" സ്വരുക്കൂട്ടുന്നതിനു ആ ധർമ്മഭാജനങ്ങൾ ഒരു മാസമായി തുടങ്ങിയിട്ടെന്നു്. മധുരപലഹാരങ്ങളോ വിശേഷവസ്ത്രാഭരണങ്ങളോ അല്ലാ അവരെ ആകർഷിച്ചതു്. പ്രത്യുത, സുകൃതമാകുന്ന നിർമ്മലോപഹാരങ്ങൾ ചാർത്തി ആ സുമുഹൂർത്തത്തെ സ്വർഗ്ഗീയകാന്തിയിൽ പകർത്തിയെടുത്തു ധന്യമാക്കുന്നതിനാണു് അവർ ശ്രമിച്ചതു്.

ഭക്തികൃത്യങ്ങളുടെ അവാച്യസൗന്ദര്യം അവർ ദർശിച്ചു. അതിന്റെ വശ്യശക്തി സമ്യക്കായി ഗ്രഹിച്ചു. അതിൽ അവർക്കുണ്ടായിരുന്ന വിശ്വാസം ദൃഢരൂഢമായിരുന്നു. നാനാമുഖങ്ങളായ ഉത്തരവാദിത്വങ്ങൾ പരിപൂർണ്ണമായി നിർവ്വഹിക്കുന്നതിനു് ഈ പ്രാർത്ഥനോപഹാരം അവരുടെ പിതാവിനു ശക്തി നല്കുമെന്നു് അവർക്കു ബോദ്ധ്യമുണ്ടായിരുന്നു.

പുണ്യങ്ങളുടെ പട്ടികയിൽ നമ്മുടെ ദൈനംദിനകൃത്യങ്ങൾ എല്ലാം തന്നെ പെടുത്താവുന്നതാണ്. ദിവ്യപൂജാദർശനം, ദിവ്യകാരുണ്യസ്വീകരണം, ദൈവാലയസന്ദർശനം, ആത്മസംയമനങ്ങൾ, സഹനങ്ങൾ, ത്യാഗങ്ങൾ, ജപങ്ങൾ മുതലായവയാണു് അവ. നമ്മുടെ ഓരോ കുടുംബങ്ങളിലും പാവനമായ ഈ പതിവു അനുഷ്ഠിക്കാവുന്നതാണ്.

വീടുകൾ, കന്യകാലയങ്ങളോ, സന്യാസമന്ദിരങ്ങളോ സെമ്മിനാരികളോ, ബോർഡിങ്ങുകളോ ആക്കി മാററുവാനുള്ള ഒരു വെമ്പലാണിതെന്നു വ്യാഖ്യാനിച്ചു എന്റെ സ്നേഹിതന്മാർ പക്ഷെ പൊട്ടിച്ചിരിച്ചേക്കാം. എന്നാൽ അല്പം അവധാനപൂർവ്വം ചിന്തിച്ചാൽ ഇതു് ആശാസ്യവും അനുഷ്ഠേയവുമായ ഒരു പദ്ധതിയാണെന്നു മനസ്സിലാവുകയും ചെയ്യും. സ്വർഗ്ഗത്തിലേക്കു സുഗമമായി പ്രവേശിക്കുവാൻ ഒരു പുതിയ മാർഗ്ഗം വെട്ടിത്തുറന്നിട്ടുള്ള ആ കൊച്ചു പുണ്യവതി വി. കൊച്ചുത്രേസ്യായുടെ കുറുക്കുവഴിയാകുന്ന സ്വർഗ്ഗീയസോപാനത്തിലെ ഓരോ പടങ്ങളാണിവ. വിശുദ്ധയുടെ ഒരു ദിവസമെങ്കിലും ദിവ്യനാഥന്റെ പദാന്തികത്തിങ്കൽ സ്വകൃത്യങ്ങളുടെ സമാഹാരമായ ഓരോ സുകൃതാഞ്ജലി അർപ്പിക്കാതെ കടന്നുപോയിട്ടില്ലെന്നു അഭിമാനപൂർവ്വം പ്രസ്താവിച്ചിട്ടുണ്ടു്.


# Important Announcement

We are much pleased to announce the opening of a Sub-Office of our Company for the United State of Travancore and Cochin at St. BENEDICT ROAD, ERNAKULAM under the charge of Mr. JOSEPH M. MANJURAN, Ernakulam.

Persons interested in representing our Company throughout Travancore & Cochin are invited to write to Mr. JOSEPH M. MANJURAN at the above address or to us directly.

Our Company pays profits even on paid-up policies.

THE INDIAN LIFE ASSURANCE COMPANY LTD.

(Incorporated in Pakistan with Limited Liability)
ESTABLISHED : 1892
Chief Office for India : ILACO HOUSE
Sir Pherozshah Mehta Road,
Fort, BOMBAY


സുകൃതമഞ്ജരി—അതിന്റെ അഭൗമമായ ശക്തിമൂലം ദുരന്തദുരിതത്തിലുഴലുന്ന അനേകം കുടുംബങ്ങൾക്കു ശാന്തിയുടെ മോഹനസന്ദേശം നല്കുന്നു. ദുർവ്വഹമായ ജീവിതക്ലേശങ്ങളെ നിർവ്വിശങ്കം സഹിക്കുവാൻ ആത്മശക്തിയേകുന്നു. സമാധാനവും സൗഹാർദ്ദവും കൈയോടുകൈകോർത്തുപിടിച്ചു കളിയാടുന്നു. സർവ്വോപരി അവിടെ അലോകസുന്ദരമായ, ചൈതന്യനിർഭരമായ ഒരു ധാർമ്മികാന്തരീക്ഷം സംജാതമാകുന്നു. പുണ്യസമ്പാദനത്തിനുള്ള തീവ്രമായ ആഗ്രഹത്താൽ പ്രചോദിതരായി സ്വകൃത്യനിർവ്വഹണം സ്തുത്യർഹമായിത്തീരുമാറു് ഉത്തരോത്തരം ഉത്തേജനം നല്കുന്നു. ആശാനിഗ്രഹങ്ങളുടെ അനുസ്യൂതമായ അഭ്യാസംനിമിത്തം ആത്മസംയമനം സുകരമായിത്തീരുന്നു. തദ്വാരാ നമ്മുടെ ജീവിതസരണിയിൽ വിലങ്ങടിച്ചുകിടക്കുന്ന കരിമ്പാറകളും കൂർത്തുമൂർത്ത മുള്ളുകളും നിറഞ്ഞ പരുക്കൻപാതകളെ തരണം ചെയ്യുവാൻ ആത്മവീര്യം ലഭിക്കുന്നു. വിധിയുടെ നിശിതമർദ്ദനങ്ങൾക്കടിപ്പെട്ടു രൂക്ഷമായി പീഡിപ്പിക്കപ്പെടുമ്പോൾ ദൈവപരിപാലനാബോധം നമുക്കു് ധൈര്യം നല്കുന്നു. പരേതരുടെ പരിപാവനസ്മരണ നിലനിറുത്തുന്നതിനും, അവരുടെ പാപശാന്തിക്കു അർപ്പിക്കുന്നതിനും ഇതു് ഉത്തമമായ ഒരു കൃത്യമാണ്. ഈദൃശം ബഹുമുഖങ്ങളായ അനുഗ്രഹസമ്പത്തുകൾ ഈ "പുണ്യ"സമ്പാദനത്തിൽ മറഞ്ഞുകിടക്കുന്നുണ്ടു്.

ആകയാൽ കേരളക്കരയിലുള്ള ഓരോ കത്തോലിക്കാകുടുംബങ്ങളിലും ഈ പാവനമായ സമ്പ്രദായം കൈവളരട്ടെ.



## പുസ്തകാഭിപ്രായം

### സത്യാരാധന

(പേജ് 428 + xxviii. വില: തുകൽബയൻറ് 3 രൂ. 4 ണ., കാലിക്കോബയൻറ് 1 രൂ. 12 ണ. തില്ലേരി ആശ്രമം, കൊല്ലം.)

ഇതിനകം കേരളത്തിലെ ചില ഇടവകകളിൽ സ്ഥാപിതമായിട്ടുള്ളതും അചിരേണ പ്രചാരം സിദ്ധിച്ചുവരുന്നതുമായ ഒരു ഭക്തസംഘടനയാണു സത്യാരാധനാസഖ്യം. "സർവ്വഗുണനിധിയായ ദൈവത്തെ വ്യക്തിപരമായും സാമൂഹ്യമായും രഹസ്യത്തിലും പരസ്യത്തിലും കീർത്തിച്ചു നിരീശ്വരത്വത്തേയും, കമ്മ്യൂണിസത്തേയും എതിരിടുക" എന്നതത്രെ അതിന്റെ ലക്ഷ്യം. വിദേശങ്ങളിൽ പ്രചുരപ്രചാരമാർജ്ജിച്ചിട്ടുള്ള "ദൈവത്തിനുവേണ്ടിയുള്ള സഖ്യ"ത്തോടു് (Leage for God) ഇതു സാധർമ്മ്യം വഹിക്കുന്നു. ദൈവാരാധനയും മതവിശ്വാസവും ഉന്മൂലനം ചെയ്യാനായി റഷ്യയിൽ സ്ഥാപിതമായ "നിരീശ്വരസഖ്യ"ത്തിന്റെ (Union of the God-less) പ്രത്യാഘാതമായിട്ടാണു് "ദൈവത്തിനുവേണ്ടിയുള്ള സഖ്യം" സ്ഥാപിതമായതു്. ആധുനികസ്ഥിതിഗതികൾ പര്യാലോചിച്ചാൽ, ദൈവത്തെ യഥായോഗ്യം—അധരങ്ങളാൽ മാത്രമല്ല പ്രവൃത്തികളാൽക്കൂടി—ആരാധിക്കുന്നവരുടെ സംഖ്യ വർദ്ധിക്കുന്നതിനുവേണ്ടി നാം അശ്രാന്തം പരിശ്രമിക്കേണ്ടിയിരിക്കുന്നു.

"സത്യാരാധകന്മാർ പിതാവിനെ ആത്മാവിലും സത്യത്തിലും ആരാധിക്കുന്ന സമയം വരുന്നു" (യോഹ. 4: 23) എന്നാണല്ലോ വേദപുസ്തകം സാക്ഷിക്കുന്നതു്. ആന്തരികവും ആത്മാർത്ഥവും അനുദിനജീവിതത്തിൽ പ്രേരണചെലുത്തുന്നതുമായ പ്രാർത്ഥനമാത്രമേ സത്യാരാധന എന്ന പേരിനു് അർഹമാകയുള്ളു. ഇതുസംബന്ധിച്ചു് പ്രകൃതഗ്രന്ഥത്തിന്റെ മുഖവുരയിൽ പറഞ്ഞിരിക്കുന്നതു ശ്രദ്ധേയമായിരിക്കുന്നു: "ഒരുവന്റെ പ്രാർത്ഥനയും ജീവിതവും തമ്മിൽ പൊരുത്തമുണ്ടായിരിക്കേണ്ടതാണ്. അതുദ്ദേശിച്ചാണു് ഈ പുസ്തകത്തിനു് "സത്യാരാധന" എന്ന സംജ്ഞ നല്കിയിരിക്കുന്നതു്. ഈ പുസ്തകത്തിലെ ജപങ്ങൾ അനുസരിച്ചു ഒരുവൻ തന്റെ ജീവിതത്തെ ക്രമപ്പെടുത്തിയതിനുശേഷം ആരാധനനടത്തിയാൽ അതു സത്യാരാധനയായിരിക്കും. നേരെമറിച്ചു്, ദുർമ്മാർഗ്ഗിയായ ഒരു മനുഷ്യൻ തന്റെ പാപമാർഗ്ഗത്തെ ഉപേക്ഷിക്കാതെ ഒരു പ്രാർത്ഥനാപുസ്തകത്തിൽ കാണുന്ന ജപങ്ങളെല്ലാം വി. കുർബാനയുടെ മുമ്പാകെ വായിച്ചാൽ, അതു സത്യാരാധനയാകയില്ല. അവൻ വായിക്കുന്ന ജപങ്ങളും ചെയ്യുന്ന പ്രവൃത്തികളും തമ്മിൽ യാതൊരു പൊരുത്തവുമില്ല. അവൻ സ്വയം വഞ്ചിതനാകുന്നു."

യഥായോഗ്യം ആരാധനയും പ്രാർത്ഥനയും നടത്തുന്നതിനു സഹായിക്കുന്ന ഒന്നാണു നിരൂപണവിഷയമായ ഗ്രന്ഥം. ഇതിലെ ആദ്യത്തെ 10 അദ്ധ്യായങ്ങളിൽ "തിരുമണിക്കൂർ", 13 മണിയാരാധന, 40 മണിയാരാധന എന്നിവയ്ക്കുപകരിക്കുന്ന ജപങ്ങളും കീർത്തനങ്ങളും അടങ്ങിയിരിക്കുന്നു. 11-ാം അദ്ധ്യായം നിത്യോപയോഗത്തിലിരിക്കുന്ന സാധാരണജപങ്ങളുടെ ഒരു സമാഹാരമാണെന്നു പറയാം. പ്രസ്തുതജപങ്ങൾക്കു പ്രത്യേക ദണ്ഡവിമോചനങ്ങളും തിരുസിംഹാസനത്തിൽനിന്നും കല്പിച്ചനുവദിച്ചിട്ടുണ്ടു്. 12-ാം അദ്ധ്യായം കൽദായസുറിയാനി കർബാനയിലെ പ്രധാന ജപങ്ങളുടെ പരിഭാഷയാണ്. അതു തന്നെ "ദിവ്യബലി" എന്ന പേരിൽ തിരിച്ചും പ്രസാധനം ചെയ്തിട്ടുള്ളതാണ്. 13-ാം അദ്ധ്യായം മുഴുവൻ തിരുഹൃദയഭക്തി സംബന്ധിച്ച ചിന്തകളും ജപങ്ങളുമത്രെ. "അനുബന്ധ"മായി സത്യാരാധനാസഖ്യത്തിന്റെ നിയമാവലിയും ചേർത്തിട്ടുണ്ടു്. "ദിവ്യബലി" എന്ന ലഘുഗ്രന്ഥത്തിൽ ഭവിച്ചിട്ടുള്ള അല്പസ്വല്പ പ്രമാദങ്ങൾ "സത്യാരാധന"യിലെ 12-ാം അദ്ധ്യായത്തിലും വന്നു ഭവിച്ചിട്ടുണ്ടു്. അപ്പവും വീഞ്ഞും കൂദാശചെയ്യുന്നതിനുമുമ്പു പുരോഹിതൻ ധൂമം ആശീർവ്വദിക്കുമ്പോൾ ചൊല്ലുന്ന ജപ (പേജ് 26) ത്തിന്റെ അവസാനഭാഗം അടിച്ചിരിക്കുന്നതു "… … …നല്ല ഇടയാ, മനസ്സറിയാതെ ഞങ്ങൾ ചെയ്തുപോയ കുററങ്ങളേയും അങ്ങു ക്ഷമിക്കേണമെ" എന്നാണ്. എന്നാൽ മൂലത്തിലുള്ളതു് "… … …നല്ല ഇടയാ, മനസ്സറിഞ്ഞും അറിയാതെയുമുള്ള എന്റെ കടങ്ങളേയും പാപങ്ങളേയും അങ്ങു ക്ഷമിക്കേണമെ" എന്നാണ്. "സത്യാരാധനാസഖ്യ"ക്കാരുടെ ഔദ്യോഗിക പ്രാർത്ഥനപ്പുസ്തകമായ ഈ വിശിഷ്ടഗ്രന്ഥം സഖ്യാംഗങ്ങൾക്കു മാത്രമല്ല, എല്ലാ ഭക്തക്രിസ്ത്യാനികൾക്കും നിത്യം ഉപയോഗിക്കാവുന്ന ഒന്നാണ്. ഗ്രന്ഥത്തിനു പ്രചുരപ്രചാരമാശംസിക്കയും, സഖ്യഡിറക്ടരും ഗ്രന്ഥകർത്താവുമായ റവ. ഫാദർ ലിയോ ഒ. എഫ്. എം. അവർകളെ അനുമോദിക്കുകയും ചെയ്തുകൊള്ളുന്നു.

P. I. J.

### ഉത്തരീയനാഥ

(എസ്. എച്ച്. ലീഗ്, ആലുവാ. പേജ് 160. വില 1 ക.)

ഉത്തരീയദാനത്തിന്റെ ഏഴാംശതാബ്ദപൂർത്തി സ്മാരകമായി പ്രസിദ്ധംചെയ്തിരിക്കുന്ന ഈ ഗ്രന്ഥം മി. ജോൺ മത്തയാസ് ഹേഫെർട്ടു് അവർകളുടെ ഒരു ഇംഗ്ലീഷുകൃതിയെ ആധാരമാക്കി രചിച്ചിട്ടുള്ളതാണ്. മൂലഗ്രന്ഥത്തിന്റെ വൈശിഷ്ട്യത്തെപ്പററി അവതാരികാകാരനായ മോൺസിഞ്ഞോർ ഫൾട്ടൺ ജെ. ഷീൻ ഇപ്രകാരമെഴുതിയിരിക്കുന്നു: "ഈ ഗ്രന്ഥംവഴി മി. ഹേഫെർട്ടു് ഉത്തരീയഭക്തിയുടെ അതിബലിഷ്ഠങ്ങളായ അടിസ്ഥാനങ്ങൾ പണ്ഡിതോചിതമായ രീതിയിൽ നമുക്കു വ്യക്തമാക്കിത്തന്നിരിക്കുന്നു. ആദർശത്തിന്റെ പിമ്പിൽ അതിന്റെ വസ്തുനിഷ്ഠമായ അടിസ്ഥാനം ആരായുന്ന ആധുനികമനസ്ഥിതിയുടെ പ്രകൃതിക്കു ചാച്ചിലിനും സമർത്ഥമായ സമാധാനം അദ്ദേഹം നല്കിയിട്ടുണ്ടു്."

ചരിത്രത്തിന്റെ പശ്ചാത്തലത്തിൽ ഭക്തിയും യുക്തിയും കൈകോർത്തുനില്ക്കുന്നതുകാണാം, "ഉത്തരീയനാഥ"യിൽക്കൂടി ഒന്നു കണ്ണോടിച്ചാൽ. മുക്തിപ്രദമായ മരിയാഭക്തിക്കു പണ്ടുകാലംമുതല്ലേ കേളികേട്ട കേരളീയകത്തോലിക്കർ ഈ ഗ്രന്ഥത്തിനു അതർഹിക്കുന്ന സ്വാഗതം അരുളാതിരിക്കയില്ല. ഗ്രന്ഥത്തിനു സർവ്വവിജയവുമാശംസിച്ചുകൊള്ളുന്നു.

P. I. J.



"WE PREACH CHRIST CRUCIFIED." (I Cor. 1, 23)

# പ്രഭാഷണം

## അന്നദാതാവ്

ഇവയ്ക്കുശേഷം ഈശോ തേബെറിയോസ് എന്ന ഗ്ലീലാകടലിന്റെ അക്കരയ്ക്കു പോയി. അവൻ രോഗികളിൽ ചെയ്തിരുന്ന അത്ഭുതങ്ങൾ കണ്ടിരുന്നതിനാൽ വലിയൊരു ജനക്കൂട്ടവും അവന്റെ പിന്നാലെപോയി. ഈശോ മലയിൽ കയറി തന്റെ ശിഷ്യരോടുകൂടി അവിടെ ഇരുന്നു. യൂദന്മാരുടെ പെസഹാത്തിരുനാൾ അടുത്തിരുന്നു. ഈശോ കണ്ണുകൾ ഉയർത്തി വലിയ ജനക്കൂട്ടം തന്റെ അടുക്കലേക്കു വരുന്നതുകണ്ടു് പീലിപ്പോസിനോടു ഇവർക്കു ഭക്ഷിക്കുവാൻ അപ്പം നാം എവിടെ നിന്നു വാങ്ങും? എന്നു ചോദിച്ചു. ഇതു് അവനെ പരീക്ഷിച്ചുകൊണ്ടു് ചോദിച്ചതാണു്. താൻ എന്തുചെയ്യുവാനിരിക്കുന്നുവെന്നു അവൻ അറിഞ്ഞിരുന്നു. പീലിപ്പോസ് അവനോടു്: ഇവരിൽ ഓരോരുത്തനും അല്പാല്പമെങ്കിലും ലഭിക്കുന്നതിനു് ഇരുനൂറു് ദേനാറാകളുടെ അപ്പം അവർക്കു മതിയാകയില്ല എന്നു പറഞ്ഞു. അവന്റെ ശിഷ്യരിൽ ഒരുവനും, ശെമവോൻ കേപ്പായുടെ സഹോദരനുമായ അന്ത്രയോസ് അവനോടു പറഞ്ഞു: ഇവിടെയുള്ള ഒരു ബാലന്റെ പക്കൽ വാൽക്കോതമ്പുകൊണ്ടുണ്ടാക്കിയ അഞ്ചപ്പവും രണ്ടു മത്സ്യവും ഉണ്ടു്. എന്നാൽ ഇവ ഇവർക്കെല്ലാവർക്കുംകൂടി എന്തുള്ളൂ? ഈശോ അവരോടു്: ആളുകളെയെല്ലാം ഇരുത്തുവിൻ എന്നരുളിച്ചെയ്തു. ആ സ്ഥലത്തു വളരെ പുല്ലുണ്ടായിരുന്നു. എണ്ണത്തിൽ അയ്യായിരം പുരുഷന്മാർ ഇരുന്നു. അനന്തരം ഈശോ അപ്പമെടുത്തു വാഴ്ത്തി, ഇരുന്നിരുന്നവർക്കായി ഭാഗിച്ചുകൊടുത്തു. ഇങ്ങനെതന്നെ മത്സ്യത്തിൽനിന്നും അവർക്കു വേണ്ടുവോളം കൊടുത്തു. അവർ തൃപ്തരായപ്പോൾ അവൻ ശിഷ്യരോടു് ഒന്നും നഷ്ടപ്പെട്ടുപോകാതിരിക്കേണ്ടതിനു് അധികം വന്നിരിക്കുന്ന കഷണങ്ങൾ ശേഖരിക്കുവിൻ എന്നരുളിച്ചെയ്തു. ആകയാൽ അഞ്ചുവാൽക്കോതമ്പു അപ്പത്തിൽനിന്നു അയ്യായിരംപേർ ഭക്ഷിച്ചു് അധികംവന്ന കഷണങ്ങൾ അവർ ശേഖരിച്ചു് പന്ത്രണ്ടു കൊട്ടകൾ നിറച്ചു. ഈശോ ചെയ്ത അത്ഭുതം കണ്ട ജനങ്ങൾ ലോകത്തിലേക്കു വരുവാനിരുന്ന പ്രവാചകൻ സത്യമായി ഇവൻ ആകുന്നു എന്നു പറഞ്ഞു. അവർ വന്നു തന്നെ പിടിച്ചു രാജാവാക്കുവാൻ പോകുന്നുവെന്നറിഞ്ഞു് ഈശോ തനിയെ മലയിലേക്കുമാറിക്കളഞ്ഞു. (നോമ്പു 4-ാം ഞായർ; സുവിശേഷം: യോഹ. VI, 1—15)

കേരളത്തിലെ നാട്ടുരാജാക്കന്മാരെ—അവരുടെ പ്രതാപത്തിന്റെയും അധികാരത്തിന്റെയും കാലങ്ങളിൽ—"അന്നദാതാവായ പൊന്നു തമ്പുരാൻ" എന്നു അഭിസംബോധനം ചെയ്യാറുണ്ടായിരുന്നു. വളരെ ഹൃദയാവർജ്ജകവും മനംകുളിർപ്പിക്കുന്നതുമായ ഒരു അഭിസംബോധനം! അതേ, അനുദിനം ഭക്ഷണം നൽകി സംരക്ഷിക്കുന്നവൻ ആരായാലും അദ്ദേഹത്തോടു സ്നേഹവും ബഹുമാനവും അനുസരണവും പ്രകടിപ്പിക്കുക എന്നുള്ളതു മനുഷ്യസഹജമാണു. പോരാ, ഒരു രാജകീയതാംതന്നെ അന്നദാതാവിനു നൽകുന്നതിനും മനുഷ്യർ സന്നദ്ധരാണു്. കുടുംബത്തിന്റെ അന്നദാതാവായ പിതാവിനു് രാജകീയമായ സ്ഥാനമാണു് സ്വഗൃഹസീമയിൽ സംസിദ്ധമാകുന്നതു്. ഒരു രാജ്യത്തിന്റെ മുഴുവനും അന്നദാതാവായ ഭരണാധിപനു്, അല്ലെങ്കിൽ ഗവമ്മെണ്ടിനു്, രാജകീയതാം വകവെച്ചുകൊടുക്കുവാൻ എല്ലാവരും സന്നദ്ധരാണു്. സർവ്വസമ്പത്തും ജഗത്തിൽ വിതയ്ക്കുന്നവനായ ദൈവത്തിലാകട്ടെ രാജകീയതാത്തിന്റെ പാരമ്യം സ്ഥിതിചെയ്യുന്നു. ഇന്നത്തെ സുവിശേഷത്തിൽ ക്രിസ്തുനാഥനും അന്നദാതാവായി പ്രത്യക്ഷപ്പെടുന്നുണ്ടു്— സർവ്വശക്തനായ ഒരു ഭക്ഷ്യമന്ത്രി. വെറും അഞ്ചപ്പവും രണ്ടുമത്സ്യവുംകൊണ്ടു് അയ്യായിരത്തിലധികം പേർക്കു സമൃദ്ധമായ ഭക്ഷണം നൽകിയതിനുശേഷം പന്ത്രണ്ടു കൊട്ടകൾ നിറയെ അപ്പക്കഷണങ്ങൾ അവശേഷിക്കുകയും ചെയ്തപ്പോൾ ജനക്കൂട്ടം ഈ അത്ഭുതകാഴ്ചയാൽ ആവേശംകൊള്ളുകയും അങ്ങയെ ഉടനടി ത.ങ്ങളുടെ രാജാവായി അഭിഷേകം ചെയ്യുവാൻ അവർ ഒരുമ്പെടുകയുംചെയ്തു. ഏവംവിധം അന്നു ദാനംചെയ്യാൻ ശക്തനായ ഒരു പൊന്നു തമ്പുരാനെ ലഭിച്ചാൽ തങ്ങൾക്കു ഐഹികജീവിതം സുഖപ്രദമായി കഴിക്കാമല്ലോ എന്നു ആ ജനങ്ങൾ വിചാരിച്ചു; അങ്ങുന്നു് രാജാവായാൽപിന്നെ തങ്ങൾക്കു ജീവസന്ധാരണത്തിനായി ക്ലേശിക്കേണ്ടിവരികയില്ലെന്നും കൈയും കെട്ടിയിരുന്നാലും അത്ഭുതകരമായ വിധത്തിൽ ഭക്ഷ്യവിഭവങ്ങൾ നൽകി അങ്ങുന്നു് ത.ങ്ങളെ പോറിസംരക്ഷിച്ചുകൊള്ളുമെന്നും അവർവ്യാമോഹിച്ചിട്ടുണ്ടായിരിക്കണം. മുമ്പൊരിക്കൽ "ഞാൻ കൊടുക്കുന്ന വെള്ളം കുടിക്കുന്ന ഏവനും ഒരിക്കലും ദാഹിക്കയില്ല" എന്നു ക്രിസ്തുനാഥൻ സമരിയാക്കാരിയായ സ്ത്രീയോടു അരുളിച്ചെയ്തപ്പോൾ, "കർത്താവേ, എനിക്കു വീണ്ടും ദാഹിക്കാതേയും ഞാൻ വെള്ളം കോരുന്നതിനു് വീണ്ടും വരാതേയും ഇരിക്കേണ്ടതിനു് ആ വെള്ളം എനിക്കു തരിക" എന്നു അവൾ ചെയ്ത അഭ്യർത്ഥനയെ ഈ സംഭവം നമ്മെ അനുസ്മരിപ്പിക്കുന്നുണ്ടു്. വരുവാനിരുന്ന മിശിഹായെ പ്രതീക്ഷിച്ചിരുന്ന അനേകം ജന.ങ്ങൾ ആ ജനഘത്തിലുണ്ടായിരുന്നു. എങ്കിലും അവർ മിശിഹായെ ഒരു ഭൗതികസമ്രാട്ടായിമാത്രം—തങ്ങളെ റോമക്കാരുടെ ആധിപത്യത്തിൽനിന്നു് വിമോചിപ്പിച്ചു് സുഖസമൃദ്ധമായ വിധത്തിൽ ഭരിക്കുവാനിരുന്ന ഒരു ഭരണമേധാവിയായി മാത്രം—ആണു് വിഭാവനം ചെയ്തിരുന്നതു്. അതുകൊണ്ടാണു് ഈ അത്ഭുതകൃത്യം കണ്ടപ്പോൾ അവർ അങ്ങയെ രാജാവായി അഭിഷേകം ചെയ്യാൻ മുതിർന്നതു്.

എന്നാൽ ദിവ്യരക്ഷകൻ എന്താണു് ചെയ്തതു്? അവർ തന്നെ രാജാവാക്കുവാൻ ഉദ്ദേശിക്കുന്നുവെന്നറിഞ്ഞപ്പോൾ അങ്ങുന്നു് "തനിയെ മലയിലേക്കു മാറിക്കളഞ്ഞു." കാരണം? "എന്റെ രാജതാം ഐഹികമല്ല" എന്നു പീലാത്തോസിനോടു പറഞ്ഞതായ പ്രത്യുത്തരത്തിൽ ഇതിനുള്ള കാരണവും അടങ്ങിയിട്ടുണ്ടു്. സകല മനുഷ്യർക്കും ആവശ്യമുള്ളത്ര ഭക്ഷ്യവിഭവങ്ങൾ ദൈവംതന്നെ ഭൂമിയിൽ നിക്ഷേപിച്ചിട്ടുണ്ടു്. അവയെ വേണ്ടതുപോലെ പ്രയത്നിച്ചെടുക്കുന്നതിനും വിതരണം ചെയ്യുന്നതിനും മനുഷ്യരിൽത്തന്നെ ചില അധികാരികളേയും അങ്ങുന്നു് നിയമിച്ചിട്ടുണ്ടു്; ക്രിസ്തുനാഥൻതന്നെ ഭക്ഷ്യവകുപ്പു് ഏറെറടുക്കുകയോ അതിനുവേണ്ടി രാജാഭിഷേകം സ്വീകരിക്കയോ വേണ്ടാ. എന്നാൽ, ആദ്ധ്യാത്മികമായ ഒരു സാമ്രാജ്യം സ്ഥാപിക്കുവാനും ആദ്ധ്യാത്മികമായ ഭക്ഷണം മനുഷ്യകുലത്തിനു് നൽകുവാനും വേണ്ടിയാണു് ക്രിസ്തുനാഥൻ തിരുവവതാരം ചെയ്തതു്. ശാരീരികമായ ഭക്ഷണം അത്ഭുതകരമായവിധത്തിൽ ഭക്ഷിച്ചു തൃപ്തിയടഞ്ഞവരായ ജനങ്ങളെ അഭിമുഖീകരിച്ചുകൊണ്ടുതന്നെ പിറേറദിവസം ആദ്ധ്യാത്മികഭക്ഷണമായ വി. കുർബാനയെക്കുറിച്ചു് അവർക്കു അങ്ങുന്നു് വിവരിച്ചുകൊടുക്കുന്നു: "ഞാൻതന്നെയാകുന്നു ജീവന്റെ അപ്പം; എന്റെ അടുക്കൽ വരുന്നവനു് വിശക്കുകയില്ല. . . . നിങ്ങളുടെ പിതാക്കന്മാർ മരുഭൂമിയിൽവച്ചു് മന്നാ ഭക്ഷിച്ചു; എങ്കിലും അവർ മരിച്ചു; ഇതാകട്ടെ ഭക്ഷിക്കുന്നവൻ മരിക്കാതിരിക്കുവാനായിസ്വർഗ്ഗത്തിൽനിന്നിറങ്ങിയ അപ്പമാകുന്നു. . . . . ഞാൻ കൊടുക്കുവാനിരിക്കുന്ന അപ്പം ലോകത്തിന്റെ ജീവനുവേണ്ടി കൊടുക്കുന്ന എന്റെ ശരീരമാകുന്നു. . . . . സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങൾ മനുഷ്യപുത്രന്റെ ശരീരം ഭക്ഷിക്കയും അവന്റെ രക്തം പാനം ചെയ്യുകയും ചെയ്യാതിരുന്നാൽ നിങ്ങൾക്കു നിങ്ങളിൽത്തന്നെ ജീവനില്ല. എന്റെ ശരീരം ഭക്ഷിക്കയും എന്റെ രക്തം പാനം ചെയ്കയും ചെയ്യുന്നവനു നിത്യജീവനുണ്ടു്."

കത്തോലിക്കാസഭയിൽ ദൃശ്യമാകുന്ന ഐക്യത്തിന്റെ നിദാനം അതിന്റെ ഘടനാവിശേഷമാണെന്നുള്ള നിഗമനത്തിലാണു് ലോകം എത്തിച്ചേർന്നിരിക്കുന്നതു്. പക്ഷേ, ഈ നിഗമനം അത്ര ശരിയല്ല. പരിശുദ്ധാത്മാവ് അദൃശ്യമായും റോമാ മാർപ്പാപ്പാമാർ ദൃശ്യമായും സഭയെ ഏകീഭവിപ്പിച്ചുകൊണ്ടിരിക്കുന്നുണ്ടെങ്കിലും, ക്രിസ്തുവിന്റെ ശരീരമാകുന്ന വി. കുർബാനയാണു് സഭയുടെ ഐക്യത്തിന്റെ പ്രധാന ഹേതു. ഒരുദാഹരണംകൊണ്ടു് ഇതു് കൂടുതൽ പ്രകടമാക്കാം. കുറെ വർഷങ്ങൾക്കുമുമ്പു് റഷ്യയിൽ ടിമിരിയാസഫ് എന്നു പേരായ ഒരു സസ്യശാസ്ത്രജ്ഞൻ അഞ്ചുറാത്തൽ തൂക്കമുള്ള ഒരു ചെടി ഇരുനൂറു് റാത്തൽ മണ്ണുണ്ടായിരുന്ന ഒരു ചട്ടിയിൽ നട്ടു. അഞ്ചുകൊല്ലത്തിനുശേഷം ആ ചെടി പറിച്ചു തൂക്കിയപ്പോൾ 169 റാത്തൽ 3 പലമുണ്ടെന്നു കണ്ടു. എന്നാൽ ആ മണ്ണിനു പറയത്തക്ക കുറവൊന്നുമുണ്ടായിരുന്നുമില്ല. 200 റാത്തലിനു് ഏതാനും ചില പലങ്ങൾ മാത്രമേ കുറവുണ്ടായിരുന്നുള്ളൂ. ആ ചെടിയുടെ തൂക്കക്കൂടുതൽ എവിടെനിന്നുണ്ടായി? ദൃശ്യമായ യാതൊന്നിൽനിന്നുമായിരുന്നില്ല. സൂര്യകിരണവുമായുള്ള അതിന്റെ ദലസമ്പർക്കത്തിൽനിന്നാണു് ആ തൂക്കത്തിൽ അധികഭാഗവും ഉദ്ഭൂതമായതു്. സഭയിലും ഏതാണ്ടിപ്രകാരമാണു് സംഭവിക്കുന്നതു്. കടുകുമണിസമാനമായിരുന്ന കത്തോലിക്കാസഭ ഇന്നു ശാഖോപശാഖകളോടുകൂടിയ ഒരു വൻവൃക്ഷമായിത്തീർന്നിരിക്കുന്നു. ദിവ്യകാരുണ്യനാഥനോടുള്ള സമ്പർക്കത്തിന്റെ ഫലമാണു് ഈ വളർച്ച. ചെടിക്കു സൂര്യൻ എപ്രകാരമോ, അപ്രകാരം സഭയ്ക്കു പരി. കുർബാന പോഷകമായി ഭവിച്ചു. ദിവ്യകാരുണ്യസൂര്യനിൽനിന്നു ദൈവസ്നേഹമാകുന്ന ചൂടു് മനുഷ്യരാകുന്ന ദലങ്ങൾവഴി പ്രാപിച്ചു് വളരുന്ന വൻവൃക്ഷമാണു് സഭ. ശരീരത്തിലെ രക്തനാഡികൾപോലെ മൗതികശരീരത്തിലെ മേദഃസ്രോതസ്സാണു് പരി. കുർബാന. കളകളാരവത്തോടെ ഇരമ്പിപ്പായുന്ന ഒരു തരംഗിണിസമാനം, അതു ലോകമാസകലമുള്ള സഭാതലത്തിലൂടെ പ്രവഹിച്ചു്, സകലരേയും ഏകഭക്ഷണത്താൽ ഏകീഭവിപ്പിച്ചുകൊണ്ടു സ്ഥിതിചെയ്യുന്നു. "ഏകയപ്പം ഭക്ഷിക്കുന്ന ഏവരും ഏകശരീരമാകുന്നു" എന്ന വി. പൗലോസ്ശ്ലീഹായുടെ വാക്യത്തിന്റെ അർത്ഥം ഇതാണു്.

ഇന്നു ലോകത്തെ കുഴച്ചുമറിക്കുന്ന സകല പ്രശ്നങ്ങൾക്കും ദിവ്യകാരുണ്യസ്വീകരണം സമർത്ഥമായ പരിഹാരമായിരിക്കുമെന്നു പറയുമ്പോൾ, ചിലർ നെററിചുളിക്കാമെങ്കിലും, അതൊരു പരമാർത്ഥം മാത്രമായിരിക്കും. മുതലാളിത്തം മനുഷ്യനെ ഒരു "കര"മായും കമ്മ്യൂണിസം അവനെ "ഉദര"മായും പരിഗണിക്കുന്നു. എന്നാൽ സഭയാകട്ടെ മനുഷ്യൻ ആത്മശരീരസംയുക്തനായി ഈശ്വരചരായയിൽ പരമാനന്ദപ്രാപ്തിക്കു വേണ്ടി സൃഷ്ടിക്കപ്പെട്ടവനാണെന്നു വാദിക്കുന്നു. ഒരു തെരുവുതെണ്ടിയുടേയും ഒരു ഷെയിക്സ്പിയരുടേയും ആത്മാക്കൾ തുല്യപ്രധാനമാണെന്നു സഭ പഠിപ്പിക്കുന്നു. കാരണം? എല്ലാവരും ക്രിസ്തുവിന്റെ ഒരേ മാംസരക്തങ്ങളാൽ പരിപോഷിപ്പിക്കപ്പെടുന്നു. "സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം" എന്ന സകാരത്രയത്തെ ഒന്നനുസ്മരിച്ചുനോക്കുക. ലിബറലിസം സ്വാതന്ത്ര്യത്തോടുകൂടി സമാരംഭിച്ചു—എല്ലാ തുറകളിലുമുള്ള സർവ്വസ്വാതന്ത്ര്യം. എന്നാൽ അതു പരാജയമടഞ്ഞു. കമ്മ്യൂണിസം സമത്വത്തോടുകൂടി സമാരംഭിച്ചു—സഹോദരന്മാർക്കുവസ്തുക്കൾ പങ്കിട്ടെടുക്കാം. എന്നാൽ വസ്തുക്കൾ പങ്കിട്ടെടുക്കുന്നതുകൊണ്ടു മനുഷ്യർ സഹോദരന്മാരാകണമെന്നില്ല. തസ്കരന്മാർ അപഹൃതവസ്തുക്കൾ പങ്കിട്ടെടുക്കുന്നുണ്ടെങ്കിലും, ഈ സമത്വം യഥാർത്ഥ സാഹോദര്യമല്ല. റഷ്യയിലെ ഒരു പൗരനും അവന്റെ പ്രവൃത്തികളെ അഭിവീക്ഷിച്ചുകൊണ്ടിരിക്കുന്ന രഹസ്യപ്പോലീസുകാരനും ഒരേ രാഷ്ട്രത്തിൽനിന്നു് പ്രതിഫലം പററുന്നവരായാലും അവർ എങ്ങനെ സഹോദരന്മാരാകും? സാമർത്ഥ്യം, ബുദ്ധി, ആരോഗ്യം എന്നിവയിൽ വ്യക്തികൾ തമ്മിലുള്ള അസമത്വം എങ്ങനെ തട്ടിനിരത്തും? അതുകൊണ്ടു്, സ്വാതന്ത്ര്യമോ സമത്വമോകൊണ്ടല്ല, സാഹോദര്യംകൊണ്ടാണു് ആരംഭിക്കേണ്ടതെന്നു് സഭ ഉപദേശിക്കുന്നു. എന്നാൽ, മനുഷ്യരെ സഹോദരതുല്യരാക്കുന്നതിനു് ലോകത്തിൽ ഏകമാർഗ്ഗമേ ഉള്ളൂ—പൊതു ശരീരരക്ത.ങ്ങളെ അവർക്കു നൽകുക. മനുഷ്യരെ എല്ലാം തന്റെ ദത്തുപുത്രരായി സ്വീകരിക്കുന്നതിനു് സന്മനസ്സും പ്രാപ്തിയും ഉള്ളവനായി ലോകത്തിൽ ഒരു പിതാവുമാത്രമേ ഉള്ളൂ. തന്റെപ്രിയപുത്രന്റെശരീരരക്തങ്ങളെനമുക്കു് ഭക്ഷ്യപാനീയങ്ങളായി നൽകിയ സ്വർഗ്ഗീയ പിതാവല്ലാതെ മററാരുമല്ല അതു്. പല ഗോതമ്പുമണികൾ ചേർന്നു ഒരപ്പവും പല മുന്തിരിപ്പഴങ്ങൾ ചേർന്നു വീഞ്ഞുമുണ്ടാകുന്നതുപോലെ മനുഷ്യർ അപ്പവും വീഞ്ഞുമായ ക്രിസ്തുവിന്റെ ശരീരരക്ത.ങ്ങളിൽ ഒന്നായിച്ചേരുന്നു; തുല്യരും സ്വതന്ത്രരുമായിത്തീരുന്നു. ദിവ്യകാരുണ്യസ്വീകരണം വർദ്ധിക്കട്ടെ; അപ്പോൾ ഇടവകകളിലും സമുദായങ്ങളിലും തദ്വാരാ ലോകത്തിലും സാഹോദര്യവും സമാധാനവും കളിയാടും.

(ജെ. ചെമ്മണ്ണൂർ)

കോമൺവെൽത്തു് ബാങ്ക് (ക്ലിപ്തം)

H. O. കാഞ്ഞിരപ്പള്ളി

ബ്രാഞ്ചുകൾ:—

കാഞ്ഞിരപ്പള്ളി എരുമേലി
മുണ്ടക്കയം കോട്ടയം

ഡയറക്ടറന്മാർ

മെസ്സേഴ്സ്

കെ. വി. മാത്യു കൊല്ലംകുളം.
തൊമ്മൻ ജോസഫ് കുരുവിനാക്കുന്നേൽ.
കെ. വി. സഖറിയാ, പൊട്ടൻകുളം.
ഹാജി വി. എം. സെയ്തുമഹമ്മദുറാവുത്തർ.
കെ. എം. ഡോമിനിക്കു് ബി. എ. എൽ. ടി.
കെ. ജോസഫ് ഇട്ടിയവിര, പള്ളിവാതുക്കൽ.
കെ. ററി. ജോസഫ്, കല്ലറയ്ക്കൽ.
പി. എൻ. പരമേശ്വരൻ പിള്ള ബി. എ.
കെ. ഡോമിനിക്കു ജോസഫ് ബി. എ. ബി. എൽ. (സെക്രട്ടറി).

ഡിപ്പോസിററുകൾ സ്വീകരിക്കുകയും എല്ലാവിധ ബാങ്ക് പ്രവൎത്തനങ്ങളും സൗകര്യപ്രദമായവിധത്തിൽ നടത്തികൊടുക്കുകയും ചെയ്യുന്നു.

സെക്രട്ടറി
കെ. ഡോമിനിക്കു ജോസഫ്
ബി. എ. ബി. എൽ.

മാർപ്പാപ്പായുടെ

## വേദശാസ്ത്രജ്ഞൻ

ഫാദർ മൈക്കൾ ബ്രൗൺ എന്ന ഐറിഷ് ഡൊമിനിക്കൻ വൈദികൻ മാർപ്പാപ്പായുടെ വേദശാസ്ത്രജ്ഞനായി നിയമിക്കപ്പെട്ടിരിക്കുന്നു. ആധുനികകാലത്തു് ഇദംപ്രഥമമായിട്ടാണു് ഇററലിക്കാരനല്ലാത്ത ഒരാൾക്കു പ്രസ്തുത ജോലി ലഭിക്കുന്നതു്. ഈ ഉദ്യോഗം വഹിക്കുന്നയാൾ ഹോളി ഓഫീസ് തിരുസംഘത്തിന്റേയും വേദപുസ്തകപഠനത്തിനായുള്ള പൊൻടിഫിക്കൽ കമ്മിഷന്റെയും ഔദ്യോഗികാലോചനക്കാരനും റീത്തുകളുടെ തിരുസംഘത്തിലെ ഒരംഗവുമായിരിക്കും. വത്തിക്കാൻ അരമനയിൽ തന്നെയായിരിക്കും അദ്ദേഹം വസിക്കുന്നതു്.

*Permissu Ecclesiastico*
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam

# Sathya Deepam

Vol. 24 — Ernakulam February 28, 1951 — No. 27

## ചോദ്യോത്തരപംക്തി

ചോ: മൃഗങ്ങളോടും കരുണ കാണിക്കേണ്ടതല്ലേ?

ഉ: ദൈവത്തിന്റെ സൃഷ്ടികളെന്ന നിലയിൽ അവയോടും കരുണ കാണിക്കേണ്ടതാണ്. ആകയാൽ ആവശ്യംകൂടാതെ അവയെ ഉപദ്രവിക്കുകയോ വധിക്കുകയോ ചെയ്യുന്നതു ശരിയല്ല. എന്നുവരികിലും അവ മനുഷ്യന്റെ ഉപയോഗാർത്ഥമാണു സൃഷ്ടിക്കപ്പെട്ടിരിക്കുന്നതു (സൃഷ്ടി 9,3; ആവർത്തനം 4, 19; സങ്കീ. 8, 8) എന്ന സംഗതി സുവ്യക്തമാണ്. ആകയാൽ അവയെക്കൊണ്ടു ജോലിചെയ്യിപ്പിക്കുന്നതും ശാസ്ത്രീയപരീക്ഷണങ്ങൾക്കും ഭക്ഷണത്തിനായും മററും അവയെ വേദനിപ്പിക്കുന്നതും നിഗ്രഹിക്കുന്നതും സന്മാർഗ്ഗവിരുദ്ധമല്ല. എന്നുതന്നെയല്ല, അവയ്ക്കു പുരുഷാത്മകമായ വ്യക്തിത്വം (personality) ഇല്ലാത്തതിനാൽ, അവയ്ക്കു എന്തെങ്കിലും പ്രത്യേകാവകാശങ്ങളോ മനുഷ്യർക്കു അവയുടെ നേർക്കു നീതിപ്രകാരമുള്ള എന്തെങ്കിലും ചുമതലയോ ഇല്ലാത്തതാകുന്നു. ഏതത്സംബന്ധമായി കാർഡിനൽ ന്യൂമൻ എഴുതിയിരിക്കുന്നതു ഇപ്രകാരമാണ്: "വിശേഷബുദ്ധിയില്ലാത്ത ജീവികളുടെ നേർക്കു് നമുക്കു് ചുമതലകളൊന്നുമില്ല. അവയും നാമും തമ്മിൽ നീതിയെ ആധാരമാക്കിയുള്ള യാതൊരു ബന്ധവുമില്ല. അവയോടു നാം നിഷ്കരുണം പെരുമാറാൻ പാടില്ലെന്നുള്ളതു വാസ്തവം; കാരണം, ക്രൂരത നമ്മുടെ സ്രഷ്ടാവു തന്നെ നമ്മുടെ ഹൃദയവേദികളിൽ രേഖപ്പെടുത്തിയിരിക്കുന്ന പരിശുദ്ധ നിയമത്തിനു എതിരായതും അവിടുത്തേക്കു് അനിഷ്ടകരവുമാണ്. എന്നാൽ, നമ്മിൽനിന്നു യാതൊന്നും അവയ്ക്കു അവകാശപ്പെടാവുന്നതല്ല; നിരുപാധികം അവ നമുക്കു് ഏല്പിക്കപ്പെട്ടിരിക്കുകയാണ്. നമുക്കു് അവയെ ഉപയോഗിക്കാം, യഥേഷ്ടം നമുക്കവയെ നശിപ്പിക്കാം— പക്ഷെ വിവേകരഹിതമായ ഇഷ്ടം അനുസരിച്ചല്ല, പ്രത്യുത നമ്മുടെ ലക്ഷ്യപ്രാപ്തിക്കായും, നമ്മുടെ ഉപകാരത്തിനും തൃപ്തിക്കുമായും മാത്രം. നാം ചെയ്യുന്ന കൃത്യത്തിനു യുക്തിപൂർവ്വകമായ സമാധാനം നൽകുവാൻ നമുക്കു് സാധിക്കുന്നതായിരിക്കണം." (Omnipotence in Bonds).

മൃഗങ്ങളോടു കരുണ കാണിക്കുന്നതിനു് എല്ലാ ക്രിസ്ത്യാനികളേയും ഉദ്ബോധിപ്പിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടു് കുറെ നാൾമുമ്പ് ലോകമൊട്ടുക്കുമുള്ള "ജന്തുസ്നേഹികൾ" മാർപ്പാപ്പാതിരുമേനിക്കു ഒരപേക്ഷ അയച്ചിരുന്നു. അതിനു് ഇപ്രകാരമാണ് പരിശുദ്ധപിതാവു് മറുപടി നൽകിയതു്: "മററെല്ലാ സൃഷ്ടികളുമെന്നപോലെ ജന്തുലോകവും ദൈവത്തിന്റെ ശക്തിയുടേയും ബോധജ്ഞാനത്തിന്റേയും നന്മയുടേയും ബാഹ്യപ്രകാശനമാണ്. ആ നിലയിൽ അവയെല്ലാം മനുഷ്യന്റെ ബഹുമാനവും അനുഭാവവും അർഹിക്കുന്നു. മൃഗങ്ങളെ കൊന്നു നശിപ്പിക്കാനുള്ള വിവേകശൂന്യമായ ആഗ്രഹവും അവയുടെ നേർക്കു കാണിക്കുന്ന അനാവശ്യകമായ നിർദ്ദയത്വവും കഠോരമായ ക്രൂരതയും നിഷിദ്ധമായിരിക്കുന്നു. മാത്രമല്ല, അത്തരം പെരുമാററം ആരോഗ്യകരവും മനുഷ്യോചിതവുമായ മനോഭാവത്തിനു ഹാനികരമായി ഭവിക്കുകയും അതിനെ മൃഗീയമാക്കുകയും ചെയ്യുന്നു. എന്നുവരികിലും, വിശേഷബുദ്ധിയില്ലാത്ത ജന്തുക്കളെ മനുഷ്യസേവനത്തിനാണ് നിയോഗിച്ചിരിക്കുന്നതു് എന്നതും സമ്മതിക്കേണ്ടിയിരിക്കുന്നു. (സൃഷ്ടി 1, 28). മനുഷ്യൻ അവന്റെ വിശേഷബുദ്ധിവഴി സാരാംശത്തിൽ ജന്തുലോകംമുഴുവനും ഉപരിയായി നിലകൊള്ളുന്നു. ഈ തത്വങ്ങൾ സ്വീകരിക്കുവാനും നിയമമാർഗ്ഗേണ അവ അനുദിനജീവിതത്തിൽ പാലിക്കുവാനും വ്യക്തികളേയും പൊതുജനങ്ങളേയും പ്രേരിപ്പിക്കുകയാണ് കത്തോലിക്കാസഭ ചെയ്തുകൊണ്ടിരിക്കുന്നതു്."

ശാസ്ത്രദൃഷ്ട്യാ നോക്കുന്നപക്ഷം, മൃഗശരീരങ്ങളിൽ നിരീക്ഷണപരീക്ഷണങ്ങൾ നടത്തിയതിന്റെ പരിണതഫലമായിട്ടാണു പ്രധാനപ്പെട്ട പല കണ്ടുപിടിത്തങ്ങളിൽ മനുഷ്യർ എത്തിച്ചേർന്നതെന്നു മനസ്സിലാക്കാവുന്നതാണ്. ഉദാഹരണമായി ചോരയോട്ടംസംബന്ധിച്ചുള്ള വസ്തുതകൾ ഹാർവി ഇപ്രകാരമാണു കണ്ടുപിടിച്ചതു്. കൂടാതെ, പല ഔഷധങ്ങളും വിഷദ്രാവകങ്ങളും പ്രവർത്തിക്കുന്ന വിധം മനസ്സിലാക്കിയതു ഈ മാർഗ്ഗമുപയോഗിച്ചിട്ടാണ്. മുറിവുകൾ കുത്തിക്കെട്ടുന്ന വിധവും മററും ആദ്യം മൃഗങ്ങളിൽ പരീക്ഷിച്ചുനോക്കിയതിന്റെ ഫലമായിട്ടാണു ശസ്ത്രവിദ്യ ഇത്രയും പുരോഗമിക്കാനിടവന്നതു്. കുത്തിവയ്പു സംബന്ധമായ പല കാര്യങ്ങളും അങ്ങനെതന്നെ. പക്ഷെ, ഒരു നല്ലശാസ്ത്രജ്ഞൻ മൃഗങ്ങളെ ആവശ്യത്തിലധികം വേദന അനുഭവിപ്പിക്കയില്ലെന്ന സംഗതി പ്രത്യേകം അനുസ്മരണീയമത്രെ. മൃഗങ്ങളെ വധിക്കുകയാകട്ടെ അവയ്ക്കു യാതൊരു പ്രകാരത്തിലും വേദനവരുത്തുകയാകട്ടെ ചെയ്തുകൂടാ എന്നുള്ളതു സാർവ്വത്രികമായ ഒരു തത്വമായി സ്വീകരിച്ചിരുന്നെങ്കിൽ മനുഷ്യവർഗ്ഗത്തിനു് ഇന്നുള്ള പുരോഗതി ഉണ്ടാകയില്ലായിരുന്നു. ആകയാൽ നമ്മുടെ സാമാന്യബുദ്ധിതന്നെ പ്രസ്തുതതത്വം സ്വീകാര്യമല്ലെന്നു നമ്മോടു പറയുന്നു. ലക്ഷ്യം മാർഗ്ഗത്തെ നീതീകരിക്കുന്നുവെന്നു് ഇതിൽനിന്നു അർത്ഥമാക്കേണ്ടതില്ല. മനുഷ്യവർഗ്ഗം പൊതുവിൽ ഈ സംഗതി നിഷിദ്ധമായി കരുതുന്നില്ലെന്നുള്ളതാണു് ഇതിൽ അടങ്ങിയിരിക്കുന്ന വാദമുഖം.

ഭക്ഷ്യവിഭവങ്ങൾ സുലഭമാക്കാൻവേണ്ടി മത്സ്യവ്യവസായത്തേയും മററും പ്രോത്സാഹിപ്പിക്കുകയും, കൃഷിക്കു് ഉപദ്രവം വരുത്തുന്ന എലി, ചാഴി മുതലായവയെ നശിപ്പിക്കാനു ആഹ്വാനംചെയ്യുകയും മററും ചെയ്യുന്നതിൽനിന്നും മനുഷ്യന്റെ ആവശ്യംപ്രമാണിച്ചു് ഇത്തരം ജീവികളെ നിഗ്രഹിക്കാമെന്ന തത്വം ഗവമെന്റുകളും പൊതുജനങ്ങളും അംഗീകരിക്കുന്നുവെന്നും തെളിയുന്നുണ്ടു്.

—

ഗ്രാമോദ്ധാരണപംക്തി

## കൂട്ടരി നിർമ്മാണം

അരിയുടെ ദുർഭിക്ഷത പരിഹരിക്കുകയാണു് ഇന്നത്തെ നമ്മുടെ ജീവൽപ്രശ്നം. തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തിൽ അരിയുടെ കുറവു് ആവശ്യമുള്ളതിന്റെ അമ്പതു ശതമാനത്തിൽ പരമാണ്. അതു നികത്തേണ്ടിയിരിക്കുന്നു. ജനസംഖ്യയുടെ വർദ്ധനവനുസരിച്ചു അരി കൂടുതൽ കൂടുതൽ ആവശ്യമായും വരുന്നു. ഇന്നത്തെ പരിതഃസ്ഥിതിയിൽ ഇതിനൊക്കെ ഒരൊററ പരിഹാരമേ ഉള്ളു; അതായതു ധാന്യങ്ങളെ മാത്രം ആശ്രയിക്കാതെ മററു ഉപഭക്ഷ്യപദാർത്ഥങ്ങൾ ഉല്പാദിപ്പിക്കുകയും ഉപയോഗിക്കുകയും ചെയ്യുക.

അരിക്കുപകരം നമുക്കു് ആശ്രയിക്കാവുന്നതു് ഇവിടെ ധാന്യങ്ങളെക്കാൾ സമൃദ്ധിയായി വിളയുന്ന മരച്ചീനിയും മധുരക്കിഴങ്ങുമാണ്. ഒരേക്കറിൽ വിളയുന്ന ധാന്യങ്ങളിൽനിന്നു ലഭിക്കുന്ന അദ്ധ്വാനശക്തിയുടെ മൂന്നോ നാലോ മടങ്ങു അദ്ധ്വാനശക്തി ലഭിക്കത്തക്ക വിളവു ഒരേക്കറിലെ കിഴങ്ങുകൃഷിയിൽനിന്നും ലഭിക്കും. ഇപ്പോൾ ഈ സംസ്ഥാനത്തു ഏകദേശം ആറുലക്ഷം ഏക്കർ സ്ഥലത്തു മരച്ചീനികൃഷി നടക്കുന്നുണ്ടു്. ഒരേക്കറിൽനിന്നു ശരാശരി 2½ ടൺ മരച്ചീനി ലഭിക്കുന്നതാണ്.

മരച്ചീനിയും മധുരക്കിഴങ്ങും മാംസ്യാംശരഹിതമായ അന്നാംശാഹാരമാണ്. ആകയാൽ കിഴങ്ങുവർഗ്ഗങ്ങൾ ധാന്യങ്ങൾക്കുപകരം ധാന്യങ്ങളുടെ പൂർണ്ണഗുണത്തോടുകൂടി ഉപയോഗിക്കാൻ സാദ്ധ്യമല്ല. പാൽ, മത്സ്യം, ഇറച്ചി, മുട്ട മുതലായ മാംസ്യാഹാരങ്ങൾ സാധാരണക്കാർക്കു വാങ്ങാൻ എളുപ്പവുമല്ല. ആകയാൽ മരച്ചീനിയും മധുരക്കിഴങ്ങും കൊണ്ടുള്ള ആഹാരങ്ങൾക്കു് പൂർണ്ണത വരുത്താൻ ചെലവു ചുരുങ്ങിയതും ഫലപ്രദവുമായ മാംസ്യാഹാരംകൂടി കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. ഈ ന്യൂനത പരിഹരിക്കാൻ നിലക്കടലപ്പിണ്ണാക്കുപൊടികൊണ്ടു സാധിക്കുന്നതാണ്. അതിൽ വേണ്ടത്ര മാംസ്യാംശമുണ്ടു്. ചെലവു കുറവുമാണ്.

മാംസ്യാംശത്തെയും വിററാമിൻ ബി. കാംപ്ലക്സിനെയും സംബന്ധിച്ചിടത്തോളം നിലക്കടലപ്പിണ്ണാക്കുപൊടിക്കു അത്യധികമായ പ്രാധാന്യമുണ്ടു്. മില്ലിൽ കുത്തിയ പച്ചരിയിൽ 8.9 ശതമാനവും മരച്ചീനിമാവിൽ 1.7 ശതമാനവും മാംസ്യാംശം മാത്രമുള്ളപ്പോൾ നിലക്കടലപ്പിണ്ണാക്കുപൊടിയിൽ 52.7 ശതമാനമാണുള്ളതു്. പ്രായപൂർത്തിയായവർക്കു് ദിവസം ഒരൗൺസ്‌വരെ നിലക്കടലപ്പിണ്ണാക്കു ഉപയോഗിക്കാമെന്നു പരീക്ഷണങ്ങളിൽ തെളിഞ്ഞിട്ടുണ്ടു്. നാലുഭാഗം മരച്ചീനിമാവും അല്ലെങ്കിൽ മധുരക്കിഴങ്ങുമാവും ഒരു ഭാഗം നിലക്കടലപ്പിണ്ണാക്കു പൊടിയും ചേർത്താൽ അരിയെക്കാൾ കൂടുതൽ പോഷകഗുണമുണ്ടാകുമെന്നാണു് മൈസൂർ കേന്ദ്രഭക്ഷ്യഗവേഷണശാലയിൽ ഡാക്ടർ പി. സുബ്രഹ്മണ്യനും അദ്ദേഹത്തിന്റെ സഹപ്രവർത്തകരും നടത്തിയ ഗവേഷണങ്ങളിൽ തെളിഞ്ഞിട്ടുള്ളതു്.

തിരുവിതാംകൂർ-കൊച്ചിയിൽ മരച്ചീനി സമൃദ്ധിയായി വിളയുന്നുണ്ടു്. അതു ധാന്യാഹാരത്തിനു പുറമെയുള്ള ഒരു ഉപഭക്ഷ്യസാധനമാണ്. മാംസ്യാംശത്തിന്റെ കുറവു പരിഹരിച്ചാൽ, മരച്ചീനിയെ മുഖ്യ ഭക്ഷ്യസാധനമാക്കാൻ കഴിയുമെന്നു മേൽപ്രസ്താവിച്ചുവല്ലോ. എന്നാൽ കിഴങ്ങിനെക്കാൾ ധാന്യങ്ങളാണു സാധാരണ ജനങ്ങൾ ഇഷ്ടപ്പെടുന്നതു്. എന്തെന്നാൽ അതു പലവിധത്തിൽ പാകംചെയ്തു ഉപയോഗിക്കാം. ആകയാൽ മരച്ചീനിമാവും നിലക്കടലപ്പിണ്ണാക്കുപൊടിയും ചേർത്തു കൂട്ടരി (Synthetic rice) ഉണ്ടാക്കുവാനുള്ള മാർഗ്ഗം ഇപ്പോൾ കണ്ടുപിടിച്ചിരിക്കുന്നു. മൈസൂറിലെ കേന്ദ്രഭക്ഷ്യഗവേഷണശാലയിലാണു് ഇതു കണ്ടുപിടിച്ചതു്. ഈ കൂട്ടരി നിർമ്മാണം കുടിൽവ്യവസായമെന്ന നിലയിലും ഫാക്ടറി വ്യവസായമെന്ന നിലയിലും നടത്താവുന്നതാണ്.

തിരുവിതാംകൂർ-കൊച്ചിയിലെ മരച്ചീനിവിളവിന്റെ തോതുവച്ചു നോക്കിയാൽ ഇവിടെ കൂട്ടരിനിർമ്മാണത്തിനു് വലുതായ സാദ്ധ്യതയുണ്ടെന്നു കാണാം. ഇതു സംബന്ധിച്ച പ്രായോഗിക അറിവു് ജനങ്ങൾക്കു് നല്കുന്നതിനായി തിരുവനന്തപുരത്തു നടക്കുന്ന കാർഷിക വ്യാവസായിക പ്രദർശനത്തിൽ സംസ്ഥാനത്തെ ഭക്ഷ്യോല്പാദനബോർഡിൽ നിന്നും വിപുലമായ തോതിൽ ഒരു "മരച്ചീനിഭവനം" സ്ഥാപിച്ചിരിക്കുന്നു. ആവശ്യമായ എല്ലാ ഉപകരണങ്ങളോടുംകൂടി ഒരു കൂട്ടരിനിർമ്മാണയന്ത്രം സ്ഥാപിച്ചിട്ടുണ്ടു്. മരച്ചീനിയും നിലക്കടലപ്പിണ്ണാക്കും വിവിധനിർമ്മാണഘട്ടങ്ങളിൽക്കൂടി കടന്നു കൂട്ടരിയാകുന്നതുവരെ എല്ലാ ഘട്ടങ്ങളും പൂർണ്ണമായി പ്രദർശിപ്പിക്കുന്നുണ്ടു്.

90 ഭാഗം മരച്ചീനിമാവും പത്തുഭാഗം നിലക്കടലപ്പിണ്ണാക്കുപൊടിയും ചേർത്താണു് കൂട്ടരി നിർമ്മിക്കുന്നതു്. കൂട്ടരിയിൽ കാൽസിയം കൂടുതലുള്ളതിനാൽ അതിനു് സാധാരണ അരിയെക്കാൾ കൂടുതൽ പോഷണശക്തിയുണ്ടായിരിക്കും. ഈ അരി പാകംചെയ്യുന്നതിനു അഞ്ചാറിരട്ടി തിളയ്ക്കുന്ന വെള്ളത്തിലിട്ടാൽ മതി; പത്തുമിനിട്ടുകൊണ്ടു പാകമാകും. പാകംചെയ്താൽ സാധാരണ ചോറുപോലെ തന്നെ ഉപയോഗിക്കാവുന്നതാണ്.

കൂട്ടരി ഗൃഹങ്ങളിലും ചെറിയ ഫാക്ടറികളിലും നിർമ്മിക്കാം. ചെലവു വളരെ കുറവുമാണ്. ഒരു പൗണ്ടു കൂട്ടരിക്കു രണ്ടര അണ മാത്രമേ ചെലവു വരികയുള്ളൂ. യന്ത്രങ്ങൾ പരിഷ്കരിച്ചാൽ ഇതിലും കുറഞ്ഞ ചെലവിൽ നിർമ്മിക്കാൻ സാധിച്ചേക്കും.

മൈസൂറിലെ കേന്ദ്രഭക്ഷ്യഗവേഷണശാലയിലെ പ്രവർത്തകരാണു് പ്രദർശനശാലയിൽ യന്ത്രം സ്ഥാപിച്ചു് പ്രവർത്തനം നടത്തുന്നതു്.

(Travancore-Cochin News.)

—

## ദർശനങ്ങൾ

അതിസ്വാഭാവികങ്ങളല്ല

ഫ്രാൻസിൽ ടുലൂളിനു സമീപം എസ്പ്ലിസ് എന്ന സ്ഥലത്തു 1946-ൽ പരിശുദ്ധ കന്യകാമറിയം പ്രത്യക്ഷപ്പെട്ടുവെന്നുള്ള ഒരു വാർത്ത പ്രചരിച്ചതിനെ തുടർന്നു, ഏതത്സംബന്ധമായി വേണ്ട അന്വേഷണങ്ങൾ നടത്തുന്നതിനു് ഒരു കമ്മിററി നിയമിക്കപ്പെട്ടു. അവിടെ ഉണ്ടായി എന്നു പറയുന്ന ദർശനങ്ങളും അത്ഭുതങ്ങളും വിശ്വാസയോഗ്യങ്ങളല്ലെന്നു പ്രസ്തുത കമ്മിററി അഭിപ്രായപ്പെട്ടിരിക്കുന്നു.

## കമ്മ്യൂണിസത്തെപ്പററി പരസ്യവാദപ്രതിവാദം

"സോവ്യററ് സോഷ്യലിസ്റ്റ് രാഷ്ട്രത്തിൽ പൗരസ്വാതന്ത്ര്യം അസാദ്ധ്യമാണു്" എന്ന പ്രമേയത്തെ ആധാരമാക്കി ബോൾട്ടണിൽവച്ചു് മാർച്ച് 5-ാംനു- കത്തോലിക് മിഷനറിസംഘത്തിന്റെ സുപ്പീരിയറായ ഫാദർ ജോൺ ഹീനനും ബ്രിട്ടീഷ് കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ സ്ഥാപകരിലൊരാളായ മി. ആൻഡ്രൂ റോത്ത്സ്റ്റൈനും തമ്മിൽ ഒരു പരസ്യവാദപ്രതിവാദം നടക്കുന്നതാണു്. കഴിഞ്ഞ ഡിസംബറിൽ ബോൾട്ടണിലെ കത്തോലിക്കരോടായി, കമ്മ്യൂണിസത്തെ അപലപിച്ചുകൊണ്ടു ഫാദർ ഹീനൻ നടത്തിയ ഒരു പ്രസംഗമാണു് ഈ വാദപ്രതിവാദത്തിനു് ഇടയാക്കിയതു്. കേർണൽ ഡബ്ളിയു. എ. ഗ്രീയർസൺ ആയിരിക്കും അദ്ധ്യക്ഷൻ.

SEASIA BANK LIMITED

H. O. ALLEPPEY

THE BANK ACCEPTS SHORT AND LONG TERM DEPOSITS AND MAKES ADVANCES AGAINST APPROVED SECURITIES ON FAVOURABLE TERMS.

GENERAL BANKING BUSINESS TRANSACTED.

O. Eapen Valakuzy,
(Managing Director)

A. C. Mathew,
B. A., C. A. I. I. B.
(Secretary)

P. M. Eapen, Bsc, B. L.,
(Agent, Manimala Br.)